# കളരി

# വിഷയവിവരം.


1 പത്രാധിപക്കുറിപ്പ്.
2. കവിതയിലെ സാമൂഹ്യജീവിതം.
3. യാത്രക്കാരന്റെ മടക്കം. (കവിത)
4 മിഥ്യാപവാദം. (ചെറുകഥ)
5. അന്തരം. (കവിത)
6. വസന്തോത്സവം. (കവിത)
7. ജനങ്ങളാകണം ചിത്രനിർമ്മാതാക്കൾ.
8. അനിയാ, കുടിക്കരുത്. (ചെറുകഥ)
9. ദേവയാനി. (കവിത)
10. പുരോഗതി (കവിത)
11. പ്രമേഹം.
12 കത്തിയെരിഞ്ഞ ജീവിതം (ചെറുകഥ)
13. കലാവേദിയിലേക്ക് ഒരു കൊച്ചുതാരംകൂടി.
14. ഉണർവിന്റെ നാദം. (കവിത)
15. അത് ഒരു വെറും കളിത്തോക്കായിരുന്നു. (ചെറുകഥ)
16. തുഞ്ചൻപറമ്പിലേക്ക് (യാത്രാവിവരണം)
17. യുഗങ്ങളിലൂടെ. (കവിത)
18. വഴിയമ്പലത്തിൽ (കവിത)
19. കണ്ണുള്ളവർ കാണട്ടെ.
20. ജീവിതത്തിന്റെ രഹസ്യം.
21. ധീരവ്രതം.
22. വളരുന്നതലമുറ.
23. Mother wails at the peeping destruction.


കഴിഞ്ഞലക്കം കളരി മാസികയിൽ ആറന്മരിന്റെ ലേഖനം ചേർത്തപ്പോൾ "ആൾ ഇന്ത്യാ റേഡിയോവിന്റെ അനുവാദത്തോടുകൂടി" എന്നു ചേർക്കുവാൻ വിട്ടുപോയതിൽ വ്യസനിക്കുന്നു.

പത്രാധിപർ.

മുഖചിത്രം: വടക്കുംനാഥൻക്ഷേത്രം.




രക്തശുദ്ധിക്ക് അത്യുത്തമമായ സിദ്ധൌഷധം

കലാകേന്ദ്രം കമ്പനി ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ പ്രത്യേകം തയ്യാർ ചെയ്തിട്ടുള്ളതു്. ഈ അടയാളം നോക്കി വാങ്ങുക.

കൂടാതെ വിദഗ്ദ്ധന്മാരായ വൈദ്യന്മാരുടെ മേൽനോട്ടത്തിൽ തയ്യാർ ചെയ്തിട്ടുള്ളതും അനുഭവസിദ്ധിയുള്ളതുമായ മരുന്നുകൾക്ക് മുനിസിപ്പാൽ ആപ്പീസ് റോട്ടിലുള്ള, കലാകേന്ദ്രം മെഡിക്കൽ സ്റ്റോർ സന്ദർശിക്കുക.

പൂരം വിശേഷാൽപതിപ്പ്.

അവിണിശ്ശേരി
നാരായണൻ നമ്പീശൻ.

# കളരി

പത്രാധിപർ
എ വി എസ്സ്. പണിക്കർ.

| | | |
|---|---|---|
| പുസ്തകം 1 | 1955 ഏപ്രിൽ (മേടം ലക്കം) | ലക്കം 10 |


# പത്രാധിപക്കുറിപ്പ്

## തൃശ്ശൂർപൂരം.

പ്രപഞ്ചത്തിന്റെ നിലനില്പിനുവേണ്ടി ഓരോ മനുഷ്യവ്യക്തിയും തങ്ങളുടെ ജീവിതത്തെ സൽപഥത്തിൽക്കൂടി നയിക്കേണമെന്നുള്ളതു് അവിതർക്കിതമായ സംഗതിയാണല്ലൊ. ഇതിന്നു ചില നിയമങ്ങൾ ആചരിക്കേണ്ടതുണ്ടു്. അവ ഒന്നിച്ചുചേർത്തു കോർത്തുകെട്ടി ഉപയോഗപരിധിക്കു് വിധേയമാക്കണമെന്നുദ്ദേശിച്ചു നാനാനിരീക്ഷണങ്ങളുടെ ഫലമായി പണ്ഡിതാഗ്രേസരരും, നിരീക്ഷണപടുക്കളും, ഭാരതമാതാവിന്റെ ദിവ്യസന്താനങ്ങളുമായ ഋഷിമാരാൽ ആവിഷ്കൃതമായിട്ടുള്ള മതമാണ് "ഹിന്ദുമതം". എല്ലാവേദങ്ങളും ശാസ്ത്രങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടു വ്യത്യസ്തങ്ങളെന്നു നാം ഉദ്ദേശിച്ചുവരുന്ന മററു മതങ്ങൾ കേവലം ഇതിന്റെ ശാഖോപശാഖകൾ മാത്രമാണെന്നു നാം ആലോചിച്ചുനോക്കിയാൽ അറിയാവുന്നതാണ്.

ഹിന്ദുമതത്തിന്റെ ഓരോ ചെറിയ അംശങ്ങളാണല്ലോ ഹൈന്ദവസമുദായങ്ങൾ. ഈ സമുദായങ്ങൾക്കിടയിൽ ചില സമ്പ്രദായങ്ങൾ നടപ്പിലുണ്ടായിരുന്നതിൽ ഒന്നാണ് "കൗളസമ്പ്രദായം" എന്നു പറയുന്നതു്. കലാപൂർണ്ണമായ ഈ സമ്പ്രദായങ്ങൾ കേരളത്തിൽ വളരെകാലംമുമ്പുമുതൽക്കുതന്നെ ഉൽക്കർഷത്തെ പ്രാപിച്ചിരുന്നു. ഇങ്ങിനെയുള്ള കൗളസമ്പ്രദായം ഉൾക്കൊള്ളിച്ചു നടത്തുന്ന ഹിന്ദുക്കളുടെ സാമുദായികാഘോഷത്തിനാണ് നാം പൂരം, ഉത്സവം, വേല, താലപ്പൊലി എന്നിങ്ങിനെ പലവിധമായി അഭിസംബോധനം ചെയ്തു വരുന്നതു്.

കലകളിൽ ജനിച്ചു, കലകളിൽ ജീവിതം നയിച്ചു്, കലകളിൽതന്നെ നശിച്ചുപോകുന്ന ഒരു അസാധാരണജീവിയായ മനുഷ്യനാൽ സൃഷ്ടിക്കപ്പെട്ടതാണ് പൂരം. ആയതുകൊണ്ടു ഇതിൽ കലാപരമായ എല്ലാകാര്യങ്ങളും അടങ്ങിയിരിക്കുന്നു. പൂരം ദേവനെ ആശ്രയിച്ചിരിക്കുന്നു. ദേവസങ്കല്പം വിഗ്രഹത്തിൽ സ്ഥിതിചെയ്യുന്നു. വിഗ്രഹം ശില്പശാസ്ത്രമെന്ന കലക്കു വിധേയമാണല്ലോ. തന്നെയല്ല ഓരോ മഹാക്ഷേത്രങ്ങളേയും നാം വിശകലനബുദ്ധ്യാ

വീക്ഷിക്കുന്നപക്ഷം വിവിധ വികാരജനകങ്ങളും നാനാരസ സമ്പൂർണ്ണങ്ങളുമായ നിരവധി ശില്പകലാസമുച്ചയം അവിടെ കാണാവുന്നതാണ്. ചിത്രങ്ങളാണെങ്കിൽ വളരെ തന്മയത്വത്തോടെ അമ്പലങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു. സംഗീതം, സാഹിത്യം, നാട്യം തുടങ്ങിയവയ്ക്കും വലിയ സ്ഥാനം കല്പിച്ചിട്ടുണ്ട്. ശീവേലി എഴുന്നെള്ളത്തിൽ ഈവക എല്ലാം പ്രത്യേകം പ്രപ്രത്യേകം വർത്തിച്ചുവരുന്നുമുണ്ട്. കലാകേന്ദ്രങ്ങളായക്ഷേത്രങ്ങളിൽ എല്ലാകലകൾക്കും സ്ഥാനമുണ്ടെങ്കിലും സുകുമാരകലകൾക്ക് ഒരു പ്രത്യേക സ്ഥാനം കല്പിച്ചുകൊടുത്തിട്ടുണ്ടെന്നു നമുക്ക് മനസ്സിലാക്കാം. ഇതിന്റെകോലാഹലങ്ങളാണ് പൂരത്തിൽ നാം കാണുന്നത്. "തൌര്യത്രികം" എന്നു പറയുന്ന നൃത്തവിശേഷം. എഴുന്നെള്ളിപ്പുകളിൽ പതിവുണ്ടായിരുന്നു. നൃത്തം, ഗീതം, വാദ്യം ഇവ മൂന്നും കൂടിചേർന്നാണ് ഇവ നടത്തിവരുന്നത്. ചില ഭഗവതിക്ഷേത്രങ്ങളിൽ ഇപ്പോഴും എഴുന്നള്ളിപ്പിന്നു നൃത്തം പതിവുണ്ട്. എന്നാൽ ഭൂരിഭാഗവും ഇപ്പോൾ എല്ലാ ക്ഷേത്രങ്ങളിലും പൂരഴുന്നെള്ളിപ്പിന്ന് വാദ്യങ്ങൾക്കാണ് പ്രാധാന്യം കൊടുത്തിരിക്കുന്നത്. തതം, ആനദ്ധം, സുഷിരം, ഘനം എന്നിങ്ങിനെ നാലുവിധമാണ് വാദ്യങ്ങൾ. വീണ, തുമ്പുരു തുടങ്ങി കമ്പികൾമീട്ടികൊണ്ടുണ്ടാകുന്ന വാദ്യത്തിന്നു തതം എന്നുപറയുന്നു. തോൽകൊണ്ടു വായ് പൊതിഞ്ഞുകെട്ടിയുണ്ടാക്കുന്ന ചെണ്ട, മദ്ദളം, തിമില, പാണി, ഇടക്ക മുതലായവകൊണ്ടുള്ള വാദ്യം ആനദ്ധം. സുഷിരമെന്നുപറയുന്നത് കൊമ്പ്, കുഴൽ തുടങ്ങിയവകൊണ്ടുള്ള വാദ്യമാകുന്നു. കുഴിതാളം, എലത്താളം, ചേർങ്ങില തുടങ്ങിയ ലോഹനിർമ്മിത പദാർത്ഥങ്ങളെകൊണ്ടുള്ള വാദ്യം ഘനം. ഈ നാലുതരംവാദ്യങ്ങളിൽ തതംകഴിച്ച് മററു എല്ലാം ഇന്നത്തെ പൂരങ്ങളിൽ ഉപയോഗിച്ചുവരുന്നുണ്ട്. പാണ്ടി, പഞ്ചാരി; പഞ്ചവാദ്യം; നാദസ്വരം എന്നീ വാദ്യവിശേഷങ്ങളിൽ ഒന്നാങ്കിലും ഇല്ലാത്ത പൂരമോ, വേലയോ, താലപ്പൊലിയോ, ഇന്നു കേരളത്തിലില്ല. എങ്ങിനെ നോക്കിയാലും അമ്പലങ്ങളും തന്നിലെ പ്രവർത്തനങ്ങളും കലാസമ്പൂർണ്ണമെന്നു പറയാതെ തരമില്ല.

ഇതിന്നുപുറമെ പൂരത്തിന്നു മററുചില ആഗമങ്ങൾ ഉണ്ടെന്നു പറയുന്നു. കുംഭം മീനം ഈ കാലങ്ങളിലാണ് കേരളക്കരയിൽ പൂരങ്ങൾ പ്രധാനമായി നടത്തിവരുന്നതു. ഇതിൽ പ്രധാനം മീനമാസം. ഈ മാസത്തിലെ കാർത്തികനക്ഷത്രം മുതൽ പൂരംവരെയുള്ള നക്ഷത്രങ്ങളാണ് പ്രധാനങ്ങൾ. അനവധി ദേവന്മാർക്ക് എഴുന്നള്ളിപ്പുകളും ആറാട്ടുകളും ഇതിനിടയിൽ നടന്നുവരുന്നു. വസന്ത. ഋതുവിന്റെ ആദ്യകാലമായ മീനമാസം "യമദംഷ്ട്രാപീഡാകാലമായി" അനവധി പുരാണങ്ങളിലും ഇതിഹാസങ്ങളിലും ഘോഷിക്കുന്നുണ്ട്. സംഹാരകർത്താവായ യമൻ തന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന ഇക്കാലത്ത് ഉണ്ടാകുന്ന കഷ്ടാരിഷ്ടങ്ങളിൽനിന്നും മുക്തിനേടുവാൻ ഈശ്വരപ്രീതികരങ്ങളായ കർമ്മങ്ങൾ പ്രവർത്തിക്കയെന്ന ചടങ്ങിൽ പ്രാധാന്യമർഹിക്കുന്നതാണ് പൂരം. കലാപൂർണ്ണനായഈശ്വരനെ പ്രീതിപ്പെടുത്തേണ്ടതിലേക്കായി എല്ലാവിധകലകളും ചേർന്ന് പൂരം നടത്തുന്നതാണ് ഏററവും ഉൽകൃഷ്ടമെന്നുള്ള വിശ്വാസംതന്നെയാണ് ഇന്നുകേരളത്തിലുള്ള എല്ലാ ദേവന്മാർക്കും പൂരം (ഉത്സവം) നടത്തുന്നത്. എങ്ങിനെയായാലും പൂരം എന്നുള്ളതു് വിവിധ കലാപ്രകടനങ്ങളുടെ ഒരു സങ്കേതമാകുന്നു."

മദ്ധ്യകേരളത്തിലുള്ള ക്ഷേത്രങ്ങളിൽ പ്രാധാന്യമർഹിക്കുന്ന തൃപ്പൂണിത്തുറ, ഇറണാകുളം, ഇരിഞ്ഞാലക്കുട എന്നീ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും, കൊടുങ്ങല്ലൂർ താലപ്പൊലി, ആറാട്ടുപുഴ പെരുമനം പൂരങ്ങൾ തൃശ്ശൂർപൂരം എന്നിവയും പുരാതനകാലംമുതല്ക്കേ പ്രാധാന്യ

(ശേഷം 29-ാം പേജിൽ)

# കവിതയിലെ സാമൂഹ്യജീവിതം.

രാധാകൃഷ്ണൻ.

കാളിദാസൻ മേനകയെക്കുറിച്ച് പറയുകയുണ്ടായി അവൾ മാനസകന്യയാണെന്ന്. നമുക്ക് കവിതയെക്കുറിച്ചും പറയാം, കവിയുടെ മാനസകന്യയാണവളെന്ന്. ഹിമവാൻ കുലത്തിന്റെ ഭദ്രതയ്ക്കെന്നപോലെ, പൌരജനങ്ങൾ സമുദായത്തിന്റെ സുസ്ഥിതിക്കാണ് കവിതയെ വേൾക്കുന്നതും.

## കവിത വ്യക്തിഗതമോ?

കവിതയിലെ സാമൂഹ്യപ്രാധാന്യവാദം ഇന്ന് അതിന്റെ പിന്നിലെ കവിയെ—ആശയാദർശങ്ങളുൾക്കൊള്ളുന്ന വ്യക്തിയെ — വിസ്മരിച്ചപോലെ തോന്നുന്നു. "പുര വിഴുങ്ങുന്ന ചെകുത്താനു മുന്നിൽ വാതിലടച്ചിട്ടെന്തുഫലം" എന്ന ഒരു നിലപാടാണ് വ്യക്തിഗതവാദികളിൽ പലർക്കുമിന്നുള്ളത്. പക്ഷെ ഈ ചെകുത്താന്റെ പല്ലിളിയിൽ നമുക്കതു ഭയപ്പെടാനില്ല. ചൂട്ടും, പന്തവുമായിച്ചെന്നാൽ വാലുമടക്കി വിരണ്ടോടുന്ന ഒരു "ചൊക്കിളി"യാണാ സാമൂഹ്യവാദമെന്ന് നമുക്ക് കണാം.

ഇതിൽനിന്ന് കലക്ക് സാമുദായികമായ മൂല്യമൊന്നുമില്ലെന്നല്ല എനിക്ക് സ്ഥാപിക്കാനുള്ളത്. കലയെ കലയാക്കുന്ന, വികാരോഷ്മളമായ കലാകാരന്റെ ഹൃദയമിടിപ്പുകൾ അതിലൂടെ കേൾക്കുന്നില്ലെങ്കിൽ, കലാകാരനിലെ വ്യക്തി ആ സാമുദായികാനുഭവത്തിലൂടെ പുറത്തുവരുന്നില്ലെങ്കിൽ, അത് കലയാവുന്നില്ല എന്നാണ്. ഇതുറപ്പിക്കുന്നതിനുമുമ്പ് നമുക്ക് കവിയുടെ പണിപ്പുരയിലേക്കൊന്നെത്തിനോക്കാം

## വ്യക്തി മുന്നോട്ടു വരുന്നു:—

കവി ഒന്നാമതു ഒരു മനുഷ്യനാണ്; നമ്മെപ്പോലെയോ, അതിലുമേറെയോ വികാരം കൊള്ളാനും, ചിന്തിക്കാനുംകഴിയുന്ന ഒരു മനുഷ്യൻ. അപ്പോൾ ആ വ്യക്തിയിലും ചുററുപാടുകളുടേതായ അനുഭവങ്ങൾ ആഴത്തിൽ ആഞ്ഞിറങ്ങാം; ആഞ്ഞിറങ്ങും. ചുററുപാടുകളിൽനിന്നു കിട്ടുന്ന ആ അനുഭവസഞ്ചയങ്ങളാണ് കവിഹൃദയത്തിൽ രോമാഞ്ചമുണ്ടാക്കുന്നതും, അതിൽ മുങ്ങിയുണർന്നവനെക്കൊണ്ട് പാടിക്കുന്നതും. പക്ഷെ ഒരു വ്യത്യാസം. ആ അനുഭവസഞ്ചയങ്ങൾക്കപ്പാടി പാടാനുള്ള ഓടക്കുഴലല്ല അവൻ, ആ അനുഭവസഞ്ചയങ്ങളിലൂടെ തന്നിലൂറുന്ന ആശയസത്തുക്കൾക്ക് പാടാനുള്ള പുല്ലാങ്കുഴലാണ്. കുറപ്പിന്റെ ഭാഷയിൽപ്പറഞ്ഞാൽ

> "അന്തരീക്ഷചലനങ്ങൾ മേല്ലമേ—
> ലന്തരംഗത്തെ യസ്വസ്ഥമാക്കവേ
> തന്നിലൂറി നിറയുമനുഭവം
> വന്നിടുന്നു വിലോലമാംഗീതമായ്"

(വനഗായകൻ)

അതേ! ഗീതം വിലോലമാകണമെങ്കിൽ അന്തരീക്ഷചലനങ്ങളുടെ അസ്വസ്ഥതയിൽനിന്നുമൂറുന്ന സ്വാത്മീകൃതവും, വിഃലാഭനീയവും ആയ രോമഭാവം ഉണ്ടാകണമെന്നു സിദ്ധം. സ്വന്തം ഭാവനയുടെ പരാഗഗ്രാഹിയിലൂടെ, അനുഭവസഞ്ചയപരാഗം, സ്വാത്മമൂല്യമുള്ള പൂവും കായും വിടർത്തുമ്പോഴേ ആ ചെടി ഫലപ്രദമാവുകയുള്ളു. അചേതനമായ സാമൂഹ്യാനുഭവം കലാകാരന്റെ ഹൃദയത്തിൽവെച്ച് ചോരയും നീരും അംഗങ്ങളും ജീവനും ഉൾക്കൊള്ളുമ്പോഴേ ചേതനമായ—സുന്ദരമായ—സാമൂഹ്യാനുഭവമാകുന്നുള്ളു. അപ്പോൾ കവിതയ്ക്ക് പിന്നിലുള്ള വ്യക്തിയെ കണ്ടില്ലെന്ന് നടിക്കുന്നവർ 'കാതലി'നെ 'വെള്ള'യായിക്കാണുന്നവരാണ്. കവി ഹൃദയം ഒരു ഫാക്ടറി (Factory) യാണ്. സാമൂഹ്യജീവിതത്തിൽനിന്നും അനുഭവങ്ങളുടെ അസംസ്കൃതപദാർത്ഥം സ്വീകരിച്ചുകഴിഞ്ഞാൽ ഫാക്ടറി (Factory) താനേ അടയുന്നു. അവിടെവെച്ച് വെട്ടും, കുത്തും, തള്ളലും കൊള്ളലും നടക്കുന്നു. അവസാനം വാതിൽ തുറക്കുന്നു. അതാ മനോഹരമായ ഒരു സത്യം സൌന്ദര്യത്തിന്റെ മൂടുപടവുമിട്ട് പുറത്തേയ്ക്കുവരുന്നു. അതാണ് കവിത. ഈ വാതിലടച്ചിരിക്കുന്ന നിലയെക്കുറിച്ചാണ് തോമസ് ജിൽബി ദമ്പതികളുടേതായ രതിയെന്നും, പൌ

# * യാത്രക്കാരന്റെ മടക്കം.

യൂസഫലി, കേച്ചേരി.

അലഘുമദമാർന്നുഷസ്സന്ധ്യയ്ക്കു കേവലം
സുലളിത നഭസ്ഥലേ പൊങ്ങിപ്പറന്നലം,
പഥികനകളാരവാൽ മാധ്വീകണികകൾ!
മുദിതഹൃദിളകുന്ന കോകിലപാളികൾ!
ദിഗന്തലീനമാം വ്യോമമദ്ധ്യത്തിൽവന്നിനൻ
ജഗദഖിലമുത്തപ്തമാക്കും പൊഴുതവൻ,
വിവശതയൊടിഴയുമാപാന്ഥനാറിലെങ്കിലും
പവനനവനേകുന്നു ഗാനങ്ങൾ ചുററിലും!
തരുണതപനാംശുക്കളേററുകാഞ്ഞെഴും
മരുസമനിലത്തവൻ ജോലിചെയ്യുമ്പൊഴും,
ഉരുതരണയാന്നലമൗദാര്യപൂർവ്വകം
അരുവിയവനേകുന്നു മഞ്ജുസംഗീതകം!

പകലൊളികറക്കവെ, ശാന്തതവായ്ക്കവെ,
അകഗുരുകമധ്വഗൻ കേറുകുന്നു ദൂരവെ,
അജനിരകൾതൻ കണ്ഠഘണ്ടകൾതൻരുതം
രജനിരകൾ മാഴ്കുന്നഗീതമായ് സന്തതം!
ഒടുവിലവനാലയം പൂകവെ, ഗേഹിനി,
മട്ടുമധുരഭാഷിണി, യാനന്ദവാഹിനി,
വഴിയുമനുരാഗ പ്രചോദിത—യാവധു
മൊഴിനിരകളാൽ കാതിനേകുന്നു പൂമധു
അവിരതമവന്നതു മോദസന്ദായകം,
കവിതകലരുന്നൊരാസ്വാഗതവാചകം!

* Robert Southey യുടെ "The Traveller's Return" എന്ന കവിത.

രസജ്ഞർ 'തപസ്യ'യെന്നും പറയുന്നത്. വാക്കുവ്യത്യസ്തമായാലും, കാര്യം ഒന്നുതന്നെ. ഏകാഗ്രത—അവിടെവ്യക്തിക്കാണല്ലോ പ്രാധാന്യം പുഴു വേട്ടാളനായിമാറുന്നപോലത്തെ ഒരു പരിണാമമാണിവിടെ സാമുദായികാനുഭവത്തിനും വന്നുചേരുന്നത്. എന്നിട്ടും ആ സംസ്കൃതപദാർത്ഥംതന്നെയാണ്, സുന്ദരമായ ആ സംസ്കൃതരൂപഭാവം എന്ന് ശഠിക്കുന്നവരുണ്ടെങ്കിൽ ചോറു ഞാവൽക്കവാരമരിയാണ് അവരെക്കുറിച്ച് ദുഷ്യന്തന്റെ വാക്ക കടംവാങ്ങിപ്പറഞ്ഞാൽ, "ദർശനീയം ന ദൃഷ്ടം" എന്നു പറയാനേ നമുക്ക് കഴിയൂ.

അതുപ്പോൾ കലാകാരനും സാമൂഹ്യജീവിതവുമായുള്ളബന്ധം ആ അനുഭവാവാദത്തോടെ അവസാനിക്കുന്നു. ആ അനുഭവങ്ങൾക്ക് ഉയിരും ഊഷ്മം നൽകുന്നിടത്ത് വ്യക്തിക്കാണ് പ്രാധാന്യം. ചുരുക്കത്തിൽ കല സമുദായഗതവുമാണ് വ്യക്തിഗതവുമാണ് കൂടുതൽ മുൻതൂക്കം വ്യക്തിഗതമാണെന്നതിലേക്കാകുന്നുതാനും

## കവിതയിലെ ജീവിതം: —

സാമൂഹ്യജീവിതമാണ് കവിതയിലെ പ്രതിപാദ്യം എന്ന് പറഞ്ഞു. കവിതയിലെ ജീവിതമെന്നു പറഞ്ഞാൽ? മനുഷ്യന്റെ ആന്തരവും, ബാഹ്യവുമായ അനുഭവങ്ങളുടെ ആകെത്തുകയെന്നർത്ഥം. എങ്കിൽ കവിതയിലെ കേന്ദ്രബിന്ദു എന്താണ്? ജീവിതം—അതേ; മനുഷ്യന്റെ കർമ്മപ്രവണമായ ജീവിതംതന്നെ. എന്നിട്ടും പലരും ജീവിതത്തെക്കാണുന്നത് സങ്കുചിതപരിധിയിൽനിന്നുകൊണ്ടാണ്. ഉത്തമ നിരൂപകന്മാർക്കുകൂടിയുണ്ട് ഈയൊരു തെററിദ്ധാരണ. ഉള്ളവനെന്നും, ഇല്ലാത്തവനെന്നും, മനുഷ്യനെ രണ്ടുവർഗ്ഗമായിത്തിരിച്ച്, അവനിലെ സമരാവേശോത്സുകമായ കാടത്തത്തെ ആളിക്കത്തിച്ച് തമ്മിലടിപ്പിക്കുകയാണ് സാഹിത്യത്തിലെ ജീവിതാവിഷ്ക്കരണത്തിന്റെ പരമോദ്ദേശമെന്ന് അവർ പറയും. ദുഷ്ടനായ മുതലാളി, അവനിൽനിന്നും മർദ്ദനമനുഭവിക്കുന്ന ശിഷ്ടനായ തൊഴിലാളി, ഇതാണവർകാണുന്ന സാമൂഹ്യജീവിതം. ഇതിൽനിന്നപ്പുറം മനുഷ്യൻ എന്നൊന്നവർക്കില്ല. ഈ അഭിപ്രായത്തിന്റെ പിന്നിൽ ചിറകൊതുക്കിയിരിക്കുന്ന രണ്ടുതരം തെററായ വിശ്വാസമുണ്ട്. മനുഷ്യന് ഭൗതികമായല്ലാതെ ആന്തരികമായി ഒരു മൂല്യവുമില്ല എന്നത് ഒന്ന്. ഭൗതികമായതെല്ലാം സാമ്പത്തികമാണ് എന്നത് മറെറാന്ന്. ഇതിൽനിന്നാണല്ലോ സാഹിത്യത്തിൽ മുതലാളി തൊഴിലാളി വർഗ്ഗം ഉയിർത്തെഴുന്നേൽക്കുന്നതും.

നമുക്കി തെററായ വിശ്വാസങ്ങളെ ഒന്നപഗ്ര

ഥിച്ചു നോക്കുക. മനുഷ്യജീവിതത്തെ ഭൌതികം, ആത്മീയം എന്നു് അതിരിട്ടുതിരിക്കുന്നതുതന്നെ വിഷമം. അന്യോന്യാപേക്ഷയുള്ളവയാണ് അവ എന്നതാണ് പരമാർത്ഥം. ഒന്നുകൂടി വ്യക്തമായിപ്പറഞ്ഞാൽ, ഇന്നപ്രവൃത്തി ഭൌതികം, ഇന്നപ്രവൃത്തി ആത്മീയം എന്നു് വകതിരിച്ചു് കാണാൻ സാദ്ധ്യമല്ല എന്നർത്ഥം. ഒരുപക്ഷെ ഭൌതികമാണെന്നു നാം ധരിക്കുന്ന പല പ്രവൃത്തിയും ആത്മീയമൂല്യമുള്ളവയുമാകാം. അപ്പോൾ ജീവിതത്തെ ഭൌതികമെന്നു് മാത്രം വ്യാഖ്യാനിച്ചു്, അതിൽ കെട്ടിയുയർത്തുന്ന സാമൂഹ്യ സൌധം തകരുന്ന അടിത്തറയോടുകൂടിയതാണ്. അതേ! "ജീവിതന്യമത്തിന്റെ പൂർണ്ണമാം വികസനമാണ്" മഹത്തായ കവ്യാദർശം. ആ ജീവിതമോ

"ഭൌതികാത്മീയാംശമേ ഇനമാണതാനും. അതിൽ ഒന്നിനെ വിസ്മരിച്ചാൽ ജീവിതം പൂർണ്ണമല്ല.

ഭൌതികപുരോഗതി ജീവിത വികാസത്തിൻ
പാതിയാണതു പൂർണ്ണലക്ഷ്യമായ്ക്കരുതാസ്സു
(ഹൃദയത്തുടിപ്പുകൾ)

കവിതയിലെ ജീവിതം സമഗ്രമാകണമോ? വേണം. അതിന്നു് ഭൌതികവും ആത്മീയവുമായ രണ്ടു മുഖങ്ങൾ. ഈ രണ്ടു മൂല്യവും കവി വിസ്മരിക്കുന്നില്ലയെങ്കിൽ, പാടുന്നതെന്തിനെക്കുറിച്ചായാലും, ജീവിതത്തിന്റെ ഹൃദ്സ്പന്ദനങ്ങൾ നമുക്കവിടെ കേൾക്കാം.

ജീവിതത്തിന്റെ അസ്തിത്വംതന്നെ സമ്പത്തിലാണെന്ന വിശ്വാസം 19-ാംനൂററാണ്ടിലാണല്ലോ തടിനീട്ടിപ്പുറത്തുവന്നതു്. മനുഷ്യജീവിതത്തിന്റെ മുക്കിലും മൂലയിലും സമ്പത്തിനെപ്പിടിച്ചു് പ്രതിഷ്ഠിക്കുന്ന ആതത്വശാസ്ത്രം അത്ര സ്വീകാര്യമാണോ? അതു് മറെറാരുപ്രശ്നമാണ്. എങ്കിലും സാമ്പത്തികേതരമായും മനുഷ്യന്നു് ചില പ്രവണതകളുണ്ടു്. പ്രവർത്തന പരിധികളുണ്ടു്. അതു് സാമ്പത്തിക സമത്വത്തിന്റെ യുഗത്തിൽക്കൂടി പുലരുകയും ചെയ്യും. അപ്പോൾ ജീവിതത്തെ ഈ സാമ്പത്തികത്തിന്റെ പരിധിയിലേയ്ക്കു ഞെരുക്കി വെട്ടിക്കുറയ്ക്കണമോ? ആ "അന്തർദ്ദാഹത്തെ വെറമൊരു വെള്ളംദാഹ"മാക്കണമോ?

ചുരുക്കത്തിൽ കവിത സമൂഹഗതമെന്നതിലേറെ വ്യക്തിഗതമാണ്. അതിലെ ജീവിതമാകട്ടെ ഭൌതികവും, ആത്മീയവുമായ രണ്ടു മുഖത്തോടുകൂടിയതും. സമ്പത്തും മററം മററമെല്ലാം മഹത്വത്തിലേയ്ക്കു് പോകുന്ന അവന്റെ മുന്നിൽ ഓച്ഛാനിച്ചുനില്ക്കേണ്ട വെറമൊരടിയാനം.

## "തെററായ സാമൂഹ്യസത്യം":—

ഇത്രയും കവിതയിലെ സാമൂഹ്യജീവിതത്തെക്കുറിച്ചു് പറയാൻ ചില കാരണങ്ങളുണ്ടു്. വൈലോപ്പിള്ളിയുടെ "കുടിയൊഴിയ്ക്കൽ" എന്ന മനോഹരമായ കൃതി, തെററായ സാമൂഹ്യസത്യം ആവിഷ്കരിച്ചതുകൊണ്ടു് പൊഴിയിൽനിന്നുംതെററി, അപഥഗമായിപ്പോയെന്നു് ഒരാക്ഷേപം ഇയ്യിടെ ഒരാൾ ഉന്നയിക്കയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തെററില്ലാതെ അതിൽ അവശേഷിയ്ക്കുന്ന ഒന്നേ ഒന്നു് അതിന്റെ സുന്ദരമായ രൂപം ഒന്നു മാത്രമാണ്. അതിലെ തെററായ സാമൂഹ്യസത്യമെന്തെന്നല്ലേ? അദ്ദേഹംതന്നെ പറയട്ടെ "പക്ഷെ ജന്മിയുടേതാണ് ഈ കവിതയിലെ കഥാപാത്രമായ കവി പ്രദർശിപ്പിയ്ക്കുന്ന സ്വഭാവവിശേഷങ്ങളധികവും" (ജയകേരളം വാർഷികപ്പതിപ്പു്). മറെറാരു കഥാപാത്രമായ തൊഴിലാളിയോ? അവനെ കള്ളകുടിയനും ദുഷ്ടനും ആക്കിക്കളഞ്ഞു കവിയെന്നാണദ്ദേഹത്തിന്റെ പക്ഷം ചുരുക്കത്തിൽ നല്ലവനല്ലാതായിരിക്കേണ്ട ജന്മി നല്ലവനും, ശിഷ്ടനാവേണ്ട തൊഴിലാളി ദുഷ്ടനും ആയി ചിത്രീകരിക്കപ്പെട്ടു ഇതിൽ എന്നതാണ്, അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ തെററായ സാമൂഹ്യസത്യം.

## ആസ്വാദനത്തിൽ വർഗ്ഗം വലിഞ്ഞുകേറുന്നു.

മുൻകൂട്ടി ഒരുക്കിവെച്ച ചില വിശ്വാസപ്രമാണങ്ങളുടെ വെളിച്ചത്തിലേ കവിതയാസ്വദിയ്ക്കൂ എന്ന നില ആത്മഹത്യാപരമാണ്. ആസ്വാദനാവസരത്തിൽ വസ്തു എപ്പോഴും വസ്തുതന്നെയാകണം. അതിൽ വ്യക്ത്യനുഭവം കടന്നാക്രമിക്കാൻ തുടങ്ങിയാൽ എന്തും എപ്പോഴും തെററായേ തോന്നൂ. "കുടിയൊഴിയ്ക്കൽ"വായിച്ചുകൊണ്ടിരിക്കുമ്പോൾ നമ്മുടെ മുന്നിലുള്ള വസ്തു 'കുടിയൊഴിയ്ക്കൽ' തന്നെയാകണം. മാർക്സിന്റെ വർഗ്ഗസമരസിദ്ധാന്തമാകരുതു്. അങ്ങിനെയായാൽ വരാവുന്ന അബദ്ധങ്ങളിലൊന്നാണ് മേൽക്കാണിച്ചതു്.

കുടിയൊഴിക്കലിലെ പ്രമേയമെന്താണ്. മാനസികാപഗ്രഥനത്തിന്റെ ഭാഷയിൽപ്പറഞ്ഞാൽ വളരുന്ന തലമുറയോടു ചേരാനുള്ള മനുഷ്യത്വത്തിന്റെ അസ്വാസ്ഥ്യംതന്നെ. ആ അസ്വാസ്ഥ്യം തെററായ ഒരു സാമൂഹ്യസത്യമല്ല, വെറുമൊരുച്ചസ്സത്യം മാത്രമാണ്. വിശ്വാസത്തിന്റെ ദന്തഗോപുരത്തിൽനിന്നും കർമ്മപ്രവണമായ മനുഷ്യജീവിതത്തിലേയ്ക്കു് കൂപ്പുചാടാൻ വെമ്പുന്ന മഹത്തായ അസ്വാസ്ഥ്യമാണ്, കവി കുടിയൊഴിക്കലിൽ ചിത്രീകരിച്ചിട്ടുള്ളതു്. അവിടെ കവി ആദ്രതയുടെ ഒരു കടൽ നിർമ്മിച്ചിട്ടുണ്ടെങ്കിൽ, അത് കയ്യും കാലും പൊട്ടി രക്തമൊലിക്കാതിരിക്കനാണ്. അതേ! സഹകരണാത്മകമായ ഒരു ജീവിതമാണ് നാം കുടിയൊഴിയ്ക്കലിൽ കാണുക. സമരത്തിന്റെ വെടിയുണ്ടകൾ കാണണമെന്നുള്ളവർ കുടിയൊഴിയ്ക്കലിൽ ചെന്നിട്ടു കാര്യമില്ല. അവക്ക് നിരാശയാവും ഫലം. അത്തരമൊരു നിരാശയിൽനിന്നുയന്ന അമർഷമാണ് "തെററായ സാമൂഹ്യസത്യം" എന്നദ്ദേഹത്തെക്കൊണ്ടു് പല്ലു് ഞെരിപ്പിച്ചതും.

ഈവിനയ്ക്കെല്ലാം കാരണം രാഷ്ട്രീയം കൂടിയേ കഴിയൂ കവിതയിൽഎന്ന വിശ്വാസമാണ്. വേണം. രാഷ്ട്രീയംവേണം; അത് നമ്മുടെ ജീവിതത്തിന്റെ ഒരു ഭാഗമാവുന്നിടത്തോളം. പക്ഷെ ഇന്നരാഷ്ട്രീയം വേണമെന്നുനമ്പോഴോ? ഉത്തമന്മാരായ കവികളിൽ പലരേയും അവിടെ കണ്ടില്ലെന്നുവരും. അപ്പോഠ "തെററായ സാമൂഹ്യസത്യം" എന്നൊക്കെ ആക്രോശിക്കേണ്ടിവരും.

ഒരു കവിതയുടെ മൂല്യം, കവി ഏതു രാഷ്ട്രീയാദർശം പാടിയെന്ന് നോക്കിയല്ല നിർണ്ണയിക്കേണ്ടതു്, ജീവിതത്തെ എങ്ങിനെ അദ്ദേഹം ചിത്രീകരിച്ചു എന്നു് നോക്കിയാണ്. മാനുഷിക മഹത്വം ഉയർന്ന ഒരു ജീവിതമാണദ്ദേഹത്തിന്റെ ലക്ഷ്യമെങ്കിൽ, സംസ്കാരസമ്പന്നമായ ഒരു മാനവസമുദായമാണ് അദ്ദേഹത്തിന്റെ ഉദ്ദിഷ്ടസ്ഥാനമെങ്കിൽ, ആ കവി, ആ കവിത, നല്ലവനാണെന്നും, നല്ലതാണെന്നും നമുക്ക് പറയാം. ജീവിതം അതിന്നാണ് പ്രാധാന്യമെന്നും, അതു രാഷ്ട്രീയത്തിന്റെ കണ്ണടയിൽക്കൂടി കാണുന്നതു മാത്രമല്ലെന്നും, അതും വേറെ പലതും അടങ്ങിയ ഒന്നാണെന്നും ഓർമ്മയുണ്ടായാൽ ഉത്തമ കൃതികളുടെ നേക്ക് നമുക്ക് ചളിവാരിയെറിയേണ്ടിവരില്ല. എന്നിട്ടും ചളി വാരിയെറിയാൻ കൈപൊങ്ങുന്നുവെങ്കിൽ, അത്തരക്കാരുടെ ആസ്വാദനശക്തിയെ ഒരു ശസ്ത്രക്രിയക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു എന്നു വ്യക്തം.

കാര്യമിതാണ്. 'കുടിയൊഴിയ്ക്ക'ലിൽ തെററായ സാമൂഹ്യസത്യം ഉണ്ടെന്ന് ഒരാഠ പറയുമ്പോഠ, തന്റെ വിശ്വാസപ്രമാണങ്ങഠ കുടിയൊഴിക്കലിനെ സംബന്ധിച്ചേടത്തോളം ശരിയാവുന്നില്ല എന്നേ നാം അർത്ഥമാക്കേണ്ടു. എല്ലാവക്കും ഒരുപോലെ രസനീയതയേകുന്ന കവിത സുലഭമല്ലല്ലോ. അതുകൊണ്ടു് കവികളേ! നിങ്ങഠ പാടുവിൻ; നിങ്ങഠ ഏതു രാഷ്ട്രീയക്കാരനായാലും വേണ്ടില്ല പാടണം.

വീണക്കമ്പിമുറുക്കുമുറുക്കുമൽ
പ്രാണപ്രേയസി പാട്ടുമധുരമായ്.
ഗാനത്തിന്റെ ലഹരിയിലെന്നിലെ
ത്താനലിഞ്ഞലിഞ്ഞില്ലാതെയാവട്ടെ.
ജീവിതത്തിന്റെ നൂലിട്ടാലെത്താത്ത
ദ്രവിലേക്കതിൽ മുങ്ങിഞാനെത്തട്ടെ"

........


ഭ്രാന്ത്—അപസ്മാരം ഇവക്ക് പ്രത്യേക ചികിത്സ

മാനസിക ചികിത്സാലയം

AYURVEDIC MENTAL NURSING HOME

എറണാകുളം സൌത്ത് റയിൽവേസ്റ്റേഷനു സമീപം

കൈവിഷം, ഭയം, ശോകം മുതലായവകൊണ്ടോ മററുവല്ലവിധ കാരണങ്ങളാലോ ഉത്ഭവിച്ച എല്ലാവിധ മാനസികരോഗങ്ങളേയും, എത്ര കാലപ്പഴക്കം ചെന്നതായാലും ചികിത്സചെയ്തു് പരിപൂർണ്ണമായി സുഖപ്പെടുത്തിവരുന്നു.

ഇവിടെ എല്ലാദിവസവും രോഗികളെ പരിശോധിക്കുന്നതും രോഗികളെ താമസിപ്പിച്ചു് ചികിത്സിക്കുവാൻ വേണ്ട സൌകര്യങ്ങഠ ചെയ്തുകൊടുക്കുന്നതുമാകുന്നു.

വൈദ്യരത്നം. കെ. പി. ഗോവിന്ദൻനായർ,

(SPECIALIST FOR MENTAL DISEASES)

# മിഥ്യാപവാദം.

പി. കെ. വി ഉണ്ണിപ്പണിക്കർ, പുന്നൂർ.

പൊന്നിൻചിങ്ങം പിറന്നണഞ്ഞു. ആർഷഭാരതത്തിന്നഭിമാനിക്കാവുന്ന പ്രശാന്തസുന്ദരമായ ഒരു കേളീരംഗമായി ലോകംവിളങ്ങി. മാവേലിരാജന്റെ വരവുംകാത്ത് ജാതിമതഭേദമന്യേ അരമനയിലേയും അറപ്പുരയിലേയും ജനങ്ങൾ ഒരുപോലെ ഉല്ലാസഭരിതരായിരിക്കുകയാണ്. എങ്ങും ആനന്ദം അലതല്ലുന്ന ഒരു അന്തരീക്ഷം. "പൂക്കൾക്കകംപുക്കു നേദ്യം ഭുജിച്ച്" തൃക്കാക്കരപ്പൻ അങ്ങനെ മുററത്തു ഭംഗിയിൽ വിലസുകയാണ്.

ഞങ്ങളുടെ കോളേജിലെ ഓണം വെക്കേഷൻ കാലം. മന്ദമാരുതൻ പൊന്നോണത്തിന്റെ ദിവ്യസന്ദേശവുമേന്തി മാലോകരെ മന്ദം മന്ദം തലോടുകയാണ്. അന്ന് ഉദ്ദേശം നാലുമണിയായിക്കാണും. ഞാൻ ഒരു ബാററംകയ്യിൽപിടിച്ച് അക്ഷമനായി എന്റെ സ്നേഹിതന്മാരെ കാത്തിരിക്കുകയാണ്.

"കേട്ടീലയോ കിഞ്ചനവർത്തമാനം" എന്ന മുഖവുരയോടുകൂടിയാണ് അന്ന് രവി എന്നെ സമീപിച്ചത്. രവി ആളൊരു രസികനാണ്. ഫലിതങ്ങൾ സന്ദർഭോചിതം തട്ടിമൂളിക്കുവാൻ അയാൾക്കുള്ളകഴിവ് ഒന്നു വേറെത്തന്നെയാണ്. ഏതൊരു ചെറിയകാര്യവും, രവിയുടെ നാവിൽനിന്നു പുറപ്പെട്ടാൽ അതിന് എന്തെന്നില്ലാത്ത ഒരു ആകർഷണമുണ്ട്, ഒരു പ്രത്യേകതയുണ്ട്. എന്തൊന്നു മനോസ്വാസ്ഥ്യം പാറിയ സമയമായിരുന്നാലും അയാൾ ആരേയും പൊട്ടിച്ചിരിപ്പിച്ചുകളയും.

'എന്താണ് മിസ്റ്റർരവി' ഞാൻ ഒരു മന്ദഹാസത്തോടെ ചോദിച്ചു. 'ഇന്ന് ഒരു പുതിയ കണ്ടുപിടുത്തം ഉള്ളതുപോലെ തോന്നുന്നല്ലോ അല്പം കവിധർമ്മംകൂടെവെച്ചുപറയൂ, കേൾക്കട്ടെ.

'അല്ലാ നിങ്ങൾ ഇതുവരെ ഒന്നുംഅറിഞ്ഞില്ലേ?' രവി അല്പം പരിഹാസത്തോടെ പറഞ്ഞു. 'നാട്ടിലെ വിശേഷങ്ങൾ ഇടക്കൊന്ന് അന്വേഷിക്കുകതന്നെ വേണം. ഷേക്സ്പിയറും, വേഡ്സ്വർത്തുമായി വീട്ടിൽതന്നെ ചടഞ്ഞുകൂടിയാൽപോരാ. ലോകത്തിൽ ഓരോരോ നിമിഷങ്ങളും എത്രയെത്ര ദാരുണസംഭവങ്ങൾക്ക് സാക്ഷ്യംവഹിക്കുന്നില്ല'.

'നിങ്ങളുടെ വേദാന്തമൊന്നും എനിക്കു കേൾക്കേണ്ട' ഞാൻ അല്പം പരിഭ്രമത്തോടെ പറഞ്ഞു. 'എന്റെ ക്ഷമയെ പരീക്ഷിക്കാൻ നോക്കുകയായിരിക്കും. അല്ലേ? വേലകൊള്ളാമല്ലോ. കാര്യംവല്ലതുമുണ്ടെങ്കിൽ തുറന്നുപറയൂ'.

'എന്തിനധികം പറയണം' രവി അല്പം വ്യസനഭാവത്തോടെപറഞ്ഞു 'ഇന്നത്തെ യുവാക്കൾ വെറും ഭീരുക്കളാണ് ലോകത്തിൽ നിരവധി മഹൽകൃത്യങ്ങൾ ചെയ്തുതീർക്കേണ്ട അവർ, സ്വന്തം മാതൃഭൂമിയോട് വമ്പിച്ച കടമകൾ നിർവ്വഹിക്കേണ്ട അവർ വെറും 'പ്രേമം' എന്ന രണ്ടക്ഷരങ്ങൾക്ക് അടിമപ്പെട്ട് അന്യായമായി മാതൃഭൂമിയോട് എന്നെന്നേക്കുമായി യാത്രപറയുന്നു. ഞാൻ ഇത്തരം 'പ്രേമപ്രസ്ഥാന'ക്കാരോട് വളരെ എതിരാണ്. ഇവരെ വെറും ഭീരുക്കളെന്നുവിളിച്ചാൽ പോരാ. ഇപ്പോൾ പുറത്തിറങ്ങാൻപോകുന്ന മലയാളനിഘണ്ടുകിട്ടിയാൽ ഇത്തരക്കാർക്കൊരു പുതിയ പേര് കണ്ടുപിടിക്കാമായിരുന്നു'.

'അല്ലാ ഈ പ്രസംഗമൊക്കെ എന്നു പഠിച്ചു'. ഞാൻ അല്പം പുഞ്ചിരിയോടെ ചോദിച്ചു 'അടുത്തു വരുന്ന പൊതുതിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയായി മത്സരിക്കാൻ തീരുമാനിച്ചിരിക്കാം അല്ലേ? കൊള്ളാം. ആയിടെ അങ്ങിനെയെങ്കിലും കുറച്ചു വെ

റപ്പുക്കാർക്ക് ജോലി ഉണ്ടാവട്ടെ. പക്ഷെ ഒരുകാൎയ്യമുണ്ട്. മന്ത്രിയായാൽ എന്നേയും എന്തെങ്കിലും ഒരു പ്രസ്ഥാനമൊ അന്വേഷണക്കമ്മീഷനൊ സൃഷ്ടിച്ച അതിന്റെ ചെയർമാനോ മറേറാ ആയി നല്ലൊരു ഗ്രൈഡിൽവെക്കാൻ മറക്കരുതുകെട്ടൊ'.

'അതുവേണ്ടസുഹൃത്തേ' രവി ചിരിച്ചുംകൊണ്ട് പറഞ്ഞു. മന്ത്രിപദം വെറുതെ തരാമെന്നുവെച്ചാൽ തന്നെ ഈയുള്ളവനുവേണ്ട. ഈ പ്രേമപ്രസ്ഥാനം പോലെ അതും ഒരു 'മിറേറഷൻ' പ്രസ്ഥാനമാണ്. തിരഞ്ഞെടുപ്പ് കഴിയുന്നതുവരെ അവർ എന്തൊക്കെ പ്രസംഗിക്കുമെന്നോ? ഓയ്യവീടുവരെ ഒരു ബസ് ലൈൻ തുറപ്പിക്കാം; സൌകൎയ്യത്തിനുവേണ്ടി മുറേറത്തു തന്നെ ഒരു ഹൈസ്ക്കൂൾ ഉണ്ടാക്കിക്കാം; എല്ലാവൎക്കും തൊഴിൽ ഉണ്ടാക്കിക്കൊടുക്കാം; അവശസമുദായോദ്ധാരണത്തിനുവേണ്ടി ജീവിതം ബലിയൎപ്പിക്കാം എന്നൊക്കെ എന്നിട്ടൊരു വിധമങ്ങു ജയിച്ചാലുണ്ടല്ലൊ. ബസ്‌ലൈനുമില്ല; ഹൈസ്ക്കൂളുമില്ല; അവശസമുദായോദ്ധാരണത്തിന്ന് ഞങ്ങൾ അതുചെയ്യാം.; ഇതുചെയ്യാം; എന്നൊക്കെ തീപ്പൊരിപ്രസംഗങ്ങൾ തട്ടിമൂളിച്ചിരുന്ന കൂട്ടൎക്ക് ഒട്ടധികം മെമ്മോറാണ്ടങ്ങൾ സമൎപ്പിച്ചാൽപോലും മറുപടിയുമില്ല. പോരേ! വേണമെന്നുണ്ടെങ്കിൽ അധികാരപരിധിക്കപ്പുറത്തുനിന്നുകൊണ്ടു തന്നെ എന്തെല്ലാം പൊതുനന്മകൾ ചെയ്യാൻകഴിയും അങ്ങനെ സമുദായനേതാക്കന്മാരെ മാത്രമാണ് ഞാൻ ബഹുമാനിക്കുന്നതും; ആരാധിക്കുന്നതും'.

'മണി നാലരയായി' ഞാൻ വാച്ചിൽനോക്കിക്കൊണ്ടു പറഞ്ഞു 'ഗ്രൌണ്ടിൽപോയി രണ്ടു'ഗയിമെ'ങ്കിലും കളിക്കാം. രാജൻ ആ മൂളിപ്പാട്ടുമായി എവിടെത്തങ്ങിയൊ? ആവൊ. ആട്ടെ നിങ്ങൾ, നിങ്ങൾ ആദ്യംപറയാൻതുടങ്ങിയ കാൎയ്യം മുഴുമിക്കു'.

'അതൊ പറയാം' രവി സംഭാഷണമാരംഭിച്ചു. ആ ഗണേശൻ ഇന്നലെരാത്രി വിഷംകുടിച്ച് ആത്മഹത്യചെയ്തുവത്രെ. എന്തൊരു സൽസ്വഭാവിആയിരുന്നെന്നൊ'.

'ഏതുഗണേശൻ'? ഞാൻ അല്പം സംശയത്തോടെ ചോദിച്ചു. രവിതുടൎന്നു 'ആ രമണീമന്ദിരത്തിലെ ഡോക്ടർ സുകുമാരന്റെ വാത്സല്യപുത്രൻ ഗണേശൻ. ആ കോളേജ്‌വിദ്യാൎത്ഥി'.

രവി എന്റെ മുഖഭാവംനോക്കി പിന്നേയും പറയാൻതുടങ്ങി. 'നമ്മൾ കഴിഞ്ഞകൊല്ലം ആ ബോർഡ് ഹൈസ്ക്കൂളിലെ വാൎഷികയോഗത്തിനുപോയപ്പോൾ ഒരു ഇംഗ്ലീഷ് പ്രകടപ്രസംഗം ചെയ്തില്ലേ. കോമളശിംബളനായ ആ ചുരുളൻ തലമുടിക്കാരൻ'.

'ഓ! മനസ്സിലായി' ഞാൻ തലയാട്ടിക്കൊണ്ട് പറഞ്ഞു. ഗണേശനായി വലിയ പരിചയമൊന്നുമില്ലെങ്കിലും അവന്റെ അച്ഛൻ ഡോക്ടർ സുകുമാരനുമായി ഞാൻ വലിയ പരിചയത്തിലാണ്. ഗണേശൻ നിഷ്കളങ്കഹൃദയവും ബുദ്ധിയും ചൊറുചൊറുക്കുമുള്ള ഒരു യുവാവാണെന്ന് അന്ന് ഒറേറനോട്ടത്തിൽതന്നെ എനിക്കു മനസ്സിലായിട്ടുണ്ട്. കഷ്ടം! അവന്റെ വാത്സല്യനിധികളായ മാതാപിതാക്കന്മാർ ആ ഓമനസന്താനത്തെപ്പററി എന്തുമാത്രം ദുഃഖിക്കുന്നുണ്ടായിരിക്കും. ഇതുപോലെയുള്ള ദാരുണമരണങ്ങളാണ് ഇന്നധികവും സംഭവിച്ചുകൊണ്ടിരിക്കുന്നത്. 'എന്താണ് ഇത്രപെട്ടെന്ന് അയാളെ ഈ സാഹസകൃത്യത്തിന്ന് പ്രേരിപ്പിച്ചത്? ഞാൻ ഉൽക്കണ്ഠയോടെ ചോദിച്ചു. 'ആത്മഹത്യക്കു കാരണമൊ? രവി അല്പം പരിഹാസഭാവേന പറഞ്ഞു. 'ഇന്നത്തെ ചെറുപ്പക്കാർ പ്രത്യേകിച്ച് വിദ്യാൎത്ഥികൾ ആത്മഹത്യചെയ്യുന്നത് ചോദിക്കാനുണ്ടോ? ഞാൻ ആദ്യം പറഞ്ഞില്ലേ? പ്രേമം:— ആ രണ്ടക്ഷരമല്ലെ അവരെ വട്ടം തിരിപ്പിച്ചുകളയുന്നത്. പക്ഷെ എനിക്ക് ഗണേശനെപററി കിട്ടിയവാൎത്ത ഇതാണ്. അയാൾ ആ മുല്ലപ്പുറമ്പിൽ ഗോവിന്ദപിള്ളയുടെ പുത്രി മാലതിയുമായി പ്രണയബന്ധത്തിലായിരുന്നുവത്രെ അവൾ രണ്ടു ദിവസംമുൻപ 'ന്യൂമോണിയ' പിടിപെട്ട് മരണമടഞ്ഞു ഒരുമിച്ച് ജീവിക്കാനല്ല പ്രേമിച്ചത്. അപ്പോൾ നിയമപ്രകാരം ഒരുമിച്ച് മരിക്കുകയുംവേണ്ടെ. അതാണത്രെ പ്രേമത്തിന്റെ തിയറിയും. നമ്മുടെ ഗണേശൻ ആ തത്വം അക്ഷരംപ്രതി പാലിച്ചെന്നുമാത്രം.

''കൊള്ളാം. പ്രേമത്തിന്റെ തത്വം മഹനീയം തന്നെ''. ഞാൻ ഒരു നെടുനിശ്വാസത്തിന്നിടയിൽ പറഞ്ഞുതീൎത്തു. ''ആട്ടെ. രാജനെകാണുന്നില്ലല്ലൊ. നമുക്കവന്റെ വീട്ടിൽപോയി അന്വേഷിക്കാം. കുറ.

ച്ചെങ്കിലും കളിച്ചില്ലെങ്കിൽ രാത്രി വായിക്കാൻതന്നെ തോന്നുകയില്ല!

ഞങ്ങൾ ബാഗും എടുത്തുകൊണ്ട് നടന്നു. വീട്ടിൽനിന്ന് രണ്ടു ഫർലോങ്ങ് ദൂരെയാണ് ഞങ്ങളുടെ സ്നേഹിതൻ രാജന്റെ വീട്. വഴിക്ക് ഞങ്ങൾ പലതും സംസാരിച്ചുകൊണ്ട് രാജന്റെ വീട്ടിൽ എത്തി. അപ്പോൾ രാജൻ പടിപ്പുരയിൽ ഒരു ചാരുകസേരയിൽ കിടന്നുകൊണ്ട് എന്തോ ആലോചിക്കുകയായിരുന്നു. ഇടക്കിടെ നെടുനിശ്വാസങ്ങൾ ശക്തിയായി പുറത്തുവിടുന്നുണ്ട്. മുഖഭാവം നോക്കിയപ്പോൾ എന്തോ ശക്തിയേറിയ വിഷമതകൾ അയാളെ അലട്ടുന്നതുപോലെ എനിക്കു തോന്നി.

"എന്താ മിസ്റ്റർ രാജൻ ഇന്നിത്രവലിയ ആലോചന. മുദ്രമോതിരം കണ്ടുകിട്ടിയ ദുഷ്യന്തനെപ്പോലെ" ഞാൻ പുറത്തുതട്ടിക്കൊണ്ട് ചോദിച്ചു. "അതൊന്നുമല്ല". രവി ഇടയ്ക്കുകയറി പറഞ്ഞു. "സുമ" ഇന്ന് ക്ലാസിൽ വന്നിട്ടുണ്ടായിരിക്കയില്ല. നിത്യം കാണാറുള്ളവരെ ഒരു ദിവസം കാണാതായാൽ അതും ഒരു ചിന്താവിഷയംതന്നെയല്ലേ?

"സുമ" രാജൻ അല്പം അസുഖഭാവേന പറഞ്ഞു. "രവിക്കെപ്പോഴും തമാശയാണ്. കാര്യം ഇതൊന്നു പറയാമല്ലൊ. എനിക്കിന്നൊരു ദുഃഖാചരണദിനമാണ്."

രവി പിന്നേയും വിട്ടില്ല "ദുഃഖാചരണദിനമാണെങ്കിൽ ഒരു കറുപ്പ് ബാഡ്ജ് കൂടി കുത്തരുതെ? അല്ലാതെ ഞങ്ങളെങ്ങിനെ അറിയും"

"തമാശ കളയൂ" ഞാൻ രവിയെ വിലക്കി. "എന്താണ് രാജൻ ദുഃഖാചരണദിനമെന്നുപറഞ്ഞത്. ഞങ്ങൾക്കും കേൾക്കാമോ"? ഞാൻ ആവേശത്തോടെ ചോദിച്ചു.

"പറയാം. നിങ്ങൾ ഇരിക്കു." രാജൻ രണ്ടു കസേര വലിച്ചിട്ടുകൊണ്ട് സംഭാഷണമാരംഭിച്ചു. "എന്റെ സ്നേഹിതൻ ഗണേശൻ, ഞാൻ ജീവനിലും ജീവനായി സ്നേഹിച്ചിരുന്ന ആ അരുമ സുഹൃത്ത് ഞാനിനി കാണാതോണം എന്നെന്നേക്കുമായി കാലത്തിരശ്ശീലയിൽ അഭയം പ്രാപിച്ചു. നിർദ്ദയമായ ലോകം മിഥ്യാപവാദമാകുന്ന തീച്ചൂളയിലിട്ട് ആ നിഷ്കളങ്കനെ ക്രൂരമായി ദഹിപ്പിച്ചുകളഞ്ഞു. അടക്കാനാവാത്ത അപവാദശോകത്താൽ അദ്ദേഹം ഇന്നലെ രാത്രി സ്വയം വിഷം കുടിച്ച് ആത്മഹത്യചെയ്തു." രാജന്റെ കണ്ഠമിടറി.

"എന്താണ് ആത്മഹത്യചെയ്യത്തക്ക ഇത്രവലിയൊരപവാദം? മുഴുവൻ പറയൂ?" ഞാൻ കസേര അല്പംകൂടി മുൻപോട്ട് വലിച്ചിട്ടുകൊണ്ട് പറഞ്ഞു.

രാജൻ തുടർന്നു. "ലോകം ഗണേശനെപ്പറ്റി പറഞ്ഞു പരത്തിയ സംഗതികൾ വെറും പച്ചക്കള്ളമാണെന്ന് എനിക്കറിയാം. അതിന്റെയെല്ലാം യഥാർത്ഥ്യം ഗണേശൻതന്നെ എന്നോട് പറഞ്ഞിട്ടുണ്ട്. ഗണേശനിൽ ഞാനറിയാത്ത യാതൊരു രഹസ്യവും നാളിതുവരെ ഉണ്ടായിട്ടില്ല. ഗണേശൻ രമണീമന്ദിരത്തിലെ സംസ്കാരസമ്പന്നനായ ഡോക്ടർ സുകുമാരന്റെ വാത്സല്യസന്താനമാണ്. ആയിരമായിരം മധുരപ്രതീക്ഷകളോടെ ആ വാത്സല്യനിധികളായ മാതാപിതാക്കന്മാർ അയാളെ വളർത്തി. ഗണേശൻ ഹൈസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് ഒരു കോളേജ് വിദ്യാർത്ഥിയായി.

"എന്നിട്ട് മുഴുവൻ പറയൂ" ഞാൻ രാജനെ തിടുക്കി.

അയാൾ തുടർന്നു "ഗണേശന്റെ സഹോദരി വാസന്തി ഒമ്പതാംക്ലാസ്സിൽ പഠിക്കുകയാണ്. അവൾക്ക് ഒരുറ്റചങ്ങാതിയുണ്ട് മാലതി. ആ മുല്ലപ്പുറമ്പിൽ ഗോവിന്ദപ്പിള്ളയുടെ പുത്രി. രമണീമന്ദിരവും മുല്ലപ്പുറമ്പും അയൽപക്കമാണ്. ചെറുപ്പംമുതൽ ഒന്നിച്ചു കളിച്ചുവളർന്ന മാലതിയെ ഗണേശൻ സഹോദരിനിർവ്വിശേഷമായി സ്നേഹിച്ചു. അയാളുടെ ദൃഷ്ടിയിൽ വാസന്തിയും മാലതിയും ഒരുപോലെയായിരുന്നു. ചെറുപ്പത്തിൽ സാധാരണകുട്ടികൾ ചെയ്യാറുള്ളതുപോലെ ഇവരും ഒരുമിച്ച് കളിക്കും; ശണ്ഠകൂടും; പൊട്ടിച്ചിരിക്കും; എല്ലാം ചെയ്യും. മലതിയുടെ വീട്ടിൽ എന്തെങ്കിലും വിശേഷപ്പെട്ട ആഹാരവസ്തുക്കൾ ഉണ്ടാക്കിയാൽ ഗണേശനും വാസന്തിയും അതിൽ പങ്കെടുക്കാതിരിക്കയില്ല. അതുപോലെ രമണീമന്ദിര

ത്തിലും. ചുരുക്കിപ്പറഞ്ഞാൽ ആ രണ്ടു വീടുകളും ഒന്നുപോലെ മൈത്രീഭാവേന വർത്തിച്ചുപോന്നു. കാലചക്രം അതിവേഗത്തിൽ തിരിഞ്ഞുതുടങ്ങി. കലണ്ടറുകൾ പലതും നീക്കപ്പെട്ടു. ഗണേശൻ യൌവ്വനയുക്തനായ ഒരു യുവാവായി. മാലതി യൌവനത്തിലേക്ക് കാലെടുത്തുവെക്കാൻ പോകുന്ന ഒരു മധുരപ്പതിനേഴുകാരിയും. എന്നാൽ സാധാരണ യുവതിയുവാക്കന്മാരിൽ ഉണ്ടാകാറുള്ളതുപോലെ പ്രേമത്തിന്റെ നിഴലുകൾപോലും അവരുടെ നിർമ്മലഹൃദയങ്ങളെ മലിനപ്പെടുത്തിയില്ല. അവരുടെ പഴയ സഹോദരബന്ധം നിർവ്യാജംതുടർന്നുകൊണ്ടുതന്നെ പോന്നു. എങ്കിലും അസൂയകലുഷിതമായ ലോകത്തിന് അവരെപ്പററി "പ്രണയാർത്ഥികൾ" എന്നു മുദ്രയടിക്കണംപോലും.

"അതിൽ ലോകത്തിനെ എന്തിനു കുററപ്പെടുത്തണം". രവി ഇടയ്ക്കുകയറിപറഞ്ഞു. "യൌവനം തുളുമ്പിനില്ക്കുന്ന രണ്ടു യുവതിയുവാക്കന്മാർ സ്നേഹഭാവേന നീങ്ങിക്കൊണ്ടിരിക്കുമ്പോൾ അവരുടെ മനഃസ്സാക്ഷിയെ ശരിച്ചു ഹിതപരിശോധന നടത്താത്ത ലോകം, യാഥാർത്ഥ്യം അറിയാത്ത ലോകം അവരെ പ്രണയാർത്ഥികൾ എന്നു മനസ്സിലാക്കിയതിൽ അത്ഭുതപ്പെടാനുണ്ടോ? ഞാനാണെങ്കിൽ അത്തരഭാവിയിൽ തന്നെ അവരെക്കുറു ഭാമനസ്സുതാനത്തെ താലോലിക്കാനുള്ള ഭാഗ്യം ലഭിക്കട്ടെ എന്നാശീർവ്വദിക്കും' രവി ഒരു പൊട്ടിച്ചിരിക്കിടയിൽ പറഞ്ഞുതീർത്തു.

"പക്ഷെ യാഥാർത്ഥ്യം മനസ്സിലാക്കാത്ത ലോകത്തിന്ന് അവരെ പ്രണയാർത്ഥികൾ എന്നു സീലടിക്കുവാനുള്ള അവകാശത്തെയാണ് ഞാൻ ചോദ്യംചെയ്യുന്നതു്" രാജൻ പ്രതികാരഭാവേന പറഞ്ഞു.

"എങ്കിലും അതിന്റെ പിന്നിൽ ചില ചരിത്രങ്ങൾകൂടി ഉണ്ടായിരിക്കുമല്ലോ? അതുംകൂടെ പറയൂ". ഞാൻഅല്പം ശാന്തതയോടെ പറഞ്ഞു

രാജൻ തുടർന്നു 'അങ്ങിനെ അവർ സഹോദരി സഹോദരിസഹോദരന്മാരെപ്പോലെ നിർവ്യാജം വർത്തിച്ചെങ്കിലും ലോകം അവർ അപരാധികളാണെന്നു തന്നെ വിധിയെഴുതി. സാധാരണ ഇത്തരം കാര്യങ്ങളിൽ സ്ത്രീകളാണല്ലോ മുൻകയ്യെടുക്കാറ്'. അതുപോലെ നമ്മുടെ ഗണേശമാലതിമാരുടെ അയൽപക്കത്തുള്ള സ്ത്രീകളും ഇവരെപ്പററിയുള്ള മിഥ്യാപവാദപ്രശ്നത്തിൽ സുപ്രധാനമായ പങ്കുവഹിച്ചു. കിണററിൻകരയിലും കുളക്കടവിലും മററും സ്ത്രീകളുടെ പ്രധാന സംസാരവിഷയം ഇതുതന്നെയായി.

'തനിക്കാൻപോന്ന പെങ്കുട്ടികളെ അധികം പടിപ്പിച്ചാലുണ്ടല്ലോ? അവസാനഗതി ഇതുതന്നെ' അയൽപക്കത്തെ മുത്തശ്ശിമാർ ഉപദേശരൂപേണ പരസ്പരം പറയാൻതുടങ്ങി.

'ന്റെ ചെറുപ്പത്തിലെയ് ഞാൻ ഈവകയൊന്നും കേട്ടിട്ടേയില്ല'. സ്ത്രീകളിൽ വൃദ്ധയും നേതാവുമായ ഇക്കാളിയമ്മ തുടർന്നു 'പക്ഷെ അന്നു' ഒരു കാര്യണ്ടാർന്നു ഈ സ്കൂള് പട്ടോം ഒന്നും അന്നുണ്ടാന്നില്ലാട്ടൊ. അഞ്ചാറുവയസ്സായാപ്പിന്നെ ആശാന്റെട കൊണ്ടോയി എഴുത്തിനുവെക്കും. നെലത്തെഴുത്തും കണക്കും പടിച്ചാപിന്നെ കൊറച്ച് പാട്ടും കളിയും തിരുവാതിരപ്പാട്ടൊക്കെ പടിക്കും. തന്ന്യന്നെ അന്നു് ഈ കൊഴാഞ്ഞാട്ടോം ഒഴിഞ്ഞുനോട്ടോം ഒന്നും ഉണ്ടാർന്നില്യാ. ഈ പങ്കമേന്നോടന്നെ ഞാൻ എല്ലാരും കേക്കച്ചെലെ മുണ്ടിത്തൊടങ്ങിത്ത് ഈ ബാലൻകുട്ടി യായതിനുശേഷാ'.

'ങ്ങാ. അതന്യാ ഞാനും പറേണെ'. തലകുലുക്കിക്കൊണ്ട് നാണിക്കുട്ടിപറഞ്ഞു. 'ഈ ഇംങ്കരീസാപിള്ളാര്യൊക്കെ ചീത്ത്യാക്കീന്ന്'. അവര് വർത്താനം പറേണതന്നെ നോക്കീട്ടുണ്ടോ കൊറച്ച് മലയാളത്തിപറഞ്ഞാ ഇടക്കും തലക്കും ഇങ്കരീസിലാ. പിന്നെ ഒരു ചിരീം, ആട്ടോം, ഓട്ടോം. അമ്പമ്പോ! ആ ഗണേശന്യാ കാണുമ്പളക്കും ആ മാലതിപ്പെണ്ണിന്റെ ചിരീം വർത്താനോം. ന്റയ്യയ്യോ! ഇതൊക്കെ കാണുമ്പോ എനിക്ക തലതിരിക്ക്യാ'.

അങ്ങിനെതുടങ്ങിയ അയൽവീട്ടിലെ സ്ത്രീകളുടെ പിറുപിറുക്കലിന്റെ ചെറിയ കാററലകൾ ഗണേശമാലതിമാരുടെ വീടുകളിലും എത്തിത്തുടങ്ങി. വീട്ടുകാർ ഇതിനെപററി ആദ്യം അത്രയൊന്നും ഗൌനിച്ചില്ലെങ്കിലും അവരും ഈ നിരപരാധികളെ സംശയദൃഷ്ട്യാ വീക്ഷിച്ചുതുടങ്ങി. സ്നേഹിതകൾ മാലതിയെ അസഹ്യസൂചകമായ വാക്കുകളാൽ കളിയാക്കാൻ

തുടങ്ങി. സംഭവബഹുലമായ മാസങ്ങൾ അങ്ങിനെ പലതും കടന്നുപോയി. എന്തിനധികം ഒടുവിൽ അരമനരഹസ്യം അങ്ങാടിപരസ്യം എന്നു പറയുന്നതുപോലെ ഈ അപവാദം നാട്ടിൽ കാട്ടുതീപോലെ പടർന്നുപിടിച്ചു ആയിടക്ക് ഈ സംശയത്തിന്നു് മാററുകൂട്ടുവാൻ ചെറിയൊരു കാരണംകൂടി ഉണ്ടായി.

"അതുംകൂടെ പറയൂ" രവി ഒരു സിഗരററ് കത്തിച്ച് പുകച്ചുരുൾ ശക്തിയായി മേലോട്ട് വിട്ടുകൊണ്ട് പറഞ്ഞു".

"അന്നൊരു ഞായറാഴ്ചയായിരുന്നു" രാജൻ തുടർന്നു. ഗണേശന്റെ ജന്മദിനം. ആ സുദിനത്തിൽ ഗണേശനെക്കൊണ്ട് തേവരമ്പലത്തിൽപോയി പായസവും നെയ്‌വിളക്കും കഴിപ്പിക്കുവാൻ ആ വാത്സല്യനിധികളായ മാതാപിതാക്കന്മാർ തീരുമാനിച്ചു. തേവരമ്പലം അവിടെനിന്നും ഒന്നരനാഴിക വടക്കാണ്. അന്ന് അമ്പലത്തിൽ പോകുവാൻ മാലതിയെക്കൂടി വാസന്തി പ്രത്യേകം ക്ഷണിച്ചിരുന്നു. മാലതി ആദ്യം അല്പം വിസമ്മതിച്ചെങ്കിലും വാസന്തിയുടെ പരിഭവജനകമായ നിർബ്ബന്ധംമൂലം അവൾ ഒരു വിധം ആ ക്ഷണം സ്വീകരിക്കുകതന്നെചെയ്തു. അന്ന് വളരെ വിഷമപ്പെട്ട് മാലതി മാതാപിതാക്കളിൽനിന്നു് അനുവാദവുംവാങ്ങി രമണീമന്ദിരത്തിലെത്തി. ഗണേശനും വാസന്തിയും മാലതിയും അമ്പലത്തിൽപോയി ഈശ്വരസേവകഴിഞ്ഞ് മടങ്ങിയെത്തി ഇവരുടെ പലസഹപാഠികളുടേയും വീട് ആ അമ്പലത്തിൽ പോകുന്നവഴിക്കായിരുന്നു. അങ്ങനെ ഗണേശന്റെ ജന്മദിനത്തിൽ ഉണ്ടായ മാലതിയുടെ അമ്പലത്തിൽപോക്ക് നാട്ടുകാരുടേയും സഹപാഠികളുടേയും ഇടയിൽ വലിയ കോളിളക്കമുണ്ടാക്കി. ഓരോരുത്തരും അവരവരുടെ വാക്ചാതുര്യംപോലെ ഈ അമ്പലത്തിൽപോക്കിനെ വിമർശിക്കാൻ തുടങ്ങി. ഇവർ പരസ്പരം പ്രേമബന്ധരാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ പല കെട്ടുകഥകളും നിർല്ലോഭം അഴിച്ചുവിടുവാൻ തുടങ്ങി. യുവാക്കൾ കൂടിയിരുന്ന ചായക്ലബ്ബുകളിലും ശീട്ടുകളി മൈതാനത്തിലും എന്നുവേണ്ട എവിടേയും ആരുടേയും സംസാരവിഷയം ഇതുതന്നെ പാലങ്ങളിന്മേലും കുളക്കടവുകളിന്മേലും സ്കൂൾ ചുമരുകളിൽപോലും ഇവരെപ്പററി അനാവശ്യമെഴുതിയ വാൾപോസ്റ്ററുകൾനിറഞ്ഞു. ആകപ്പാടെ ചൂടുപിടിച്ചൊരന്തരീക്ഷം.

ഇരുകൂട്ടരുടേയും വീടുകളിലെ സ്വൈരജീവിതം നിശ്ശേഷം നശിച്ചു. കോപകലുഷിതനായ മാലതിയുടെ പിതാവിൽനിന്ന് അവൾക്ക് പ്രഹരംകൂടി ഏല്ക്കേണ്ടിവന്നു. സ്നേഹമയിയായ അവളുടെ മാതാവിന്റെ കണ്ണുകൾ വെറും അശ്രുതടാകമായിമാറി. ഗണേശനെ നിത്യവും സ്വാഗതംചെയ്തിരുന്നത് അച്ഛന്റെ ശകാരവാക്ക മാത്രമായിരുന്നു. അതോടെ മാലതിക്ക് സ്കൂളിനോട് അവസാനയാത്ര പറയേണ്ടിവന്നു.

വ്യസനപാരവശ്യത്താലൊ എന്തോ മാലതിക്ക് പനിപിടിപെട്ടു. അടക്കാനാവാത്ത മനോവ്യസനമാണ് രോഗഹേതു എന്ന് ഡോക്ടർ അഭിപ്രായപ്പെട്ടു. കുറച്ചുദിവസങ്ങൾക്കു ശേഷം ആ പനി ന്യൂമോണിയയായിമാറി. അങ്ങിനെ ആ നിരപരാധിയായ സ്നേഹസമ്പന്ന രണ്ടുദിവസംമുൻപ് ഒരു ശുഭമുഹൂർത്തത്തിൽ ഈ ലോകത്തോട് എന്നെന്നേക്കുമായി യാത്രപറഞ്ഞു മാലതിയുടെ ഈ മരണവാർത്ത ഗണേശനെ പരിഭ്രാന്തചിത്തനാക്കി. അവരെപററി നിർദ്ദയമായ ലോകം പറഞ്ഞുപരത്തിയ അപവാദത്താൽ സഹിക്കാൻവയ്യാത്ത വ്യസനംകൊണ്ട് രോഗാതുരയായ നിരപരാധിയായ മാലതി ചരമമടഞ്ഞവാർത്ത ഗണേശന്റെ ഹൃദയം തകർക്കുകതന്നെചെയ്തു.

ആത്മഹത്യ!!?

ഈ നാലക്ഷരം അയാളുടെ കാതുകളിൽ മാറെറാലികൊണ്ടു. ഇന്നലെരാത്രി...............ആ നിരപരാധി...................വിഷംകുടിച്ചു അവസാനശ്വാസം...........വലിച്ചു". രാജൻ കണ്ണുനീരോടെ ഒരുവിധം പറഞ്ഞുതീർത്തു

കനകക്കുന്നിൽനിന്ന് ദാനംകിട്ടിയ കനകപ്പൊടി വാരിവിതറിക്കൊണ്ട് സക്കീട്ടിനിറങ്ങിയ ആദിത്യൻ അപ്പോഴെക്കും പാശ്ചാത്യലോകത്തേക്ക് കപ്പൽകയറിക്കഴിഞ്ഞതിനാൽ ഞങ്ങൾ തല്ക്കാലം യാത്രപറഞ്ഞു.

കവിത

## അന്തരം

കെ. സി. പൂങ്കുന്നം

നദികളിലൂടൊഴുകുന്നു വഞ്ചികൾ
കടലിൽ കപ്പൽനിരകളു,മെന്നാ
ലതിനെക്കാളെന്തഴകാണങ്ങനെ
വാനിൽത്തുഴയും മേഘസമൂഹം!
അതിഭംഗിയിലി നദികളിലൊക്കെ
പ്പാലങ്ങളുമുണ്ടെന്നാലതിലും-
മതിമോഹനമായ്, മണ്ണിൻമാറിൽ
നിന്നുമുയന്നൊരു കോവണിപോലെ,
കൗതുകദമായ് തരുതതികൾക്കപ്പുറ-
മങ്ങിനെ കാണാറില്ലേ,? നമ്മളൊ-
രഴകേറുന്ന കമാനം, വിണ്ണിൻ
നിത്യനിസർഗ്ഗവിശുദ്ധവിധാനം!!

(ഇംഗ്ലീഷിൽനിന്നു്)

## വസന്തോത്സവം.

അവിണിശ്ശേരി നാരായണൻനമ്പീശൻ.

മധുരവസന്തം മലരണിയുന്നു
മധുരവസന്തം ചിരിതൂകുന്നു
കുളിരണിസുമനിരചിരിചൊരിയുന്നു
തളിരണിവല്ലികൾ നടമാടുന്നു
—മധുരവസന്തം....

മംഗളഗീതം പാടുകയാണൊരു
മഞ്ജുളരൂപിണി യേകാകിനിയായ്
കോമളപാവന മധുരാലാപം
പ്രേമമരന്ദമൊഴുക്കുകയായി
—മധുരവസന്തം....

മയിലുകളാടി കുയിലുകൾ പാടി
മലരണി മഞ്ജുളവല്ലികളാടി
സുന്ദരസുസ്മിതമീമലർവനിയെ
ചന്ദനസുരഭിലപവനൻ തഴുകി
—മധുരവസന്തം....

മദകരകളമൃദുഗാനവിലാസം
മദതരളിതമെൻ ഹൃത്തിലിണങ്ങി
മധുരമനോജ്ഞനിലാവിൻഹാസം
മധുമാസത്തിൻ ഭംഗിയിൽമുങ്ങി

മധുരവസന്തം....


"എലക്ട്രോപ്ലേറ്റിംഗ് ഒരു കലയാണു്"

ക്രോമിയം, നിക്കൽ, സിൽവർ, ഗോൾഡ്, കോപ്പർ, ഓക്സിഡൈസിംഗ്, ഗാൽവനസിംഗ് എന്നിങ്ങനെ എല്ലാവിധ എലക്ട്രോപ്ലേറ്റിംഗ് വേലകൾ ശാസ്ത്രീയമായ രീതിയിൽ മിതമായനിരക്കിൽ ഉത്തരവാദിത്വത്തോടുകൂടി കൃത്യമായി ചെയ്യുന്ന ഏകസ്ഥാപനം.

ജനറൽ ഇൻഡസ്ട്രീസ് എലക്ട്രോപ്ലേറ്റിംഗ് കമ്പനി
70-അടിറോഡ് എറണാകുളം.

# ജനങ്ങളാകണം ചിത്രനിർമ്മാതാക്കൾ.

നിർമ്മൽകുമാർ.

വളച്ചുവന്നിട്ടില്ലാത്ത മലയാളസിനിമാപ്രസ്ഥാനത്തിലെ മററുപല സിനിമകളേക്കാൾ ഭേദമാണ് 'ജീവിതനൌക'. എങ്കിലും ആ കലാസൃഷ്ടിയുടെ പേരിൽ അതിൻെറ നിർമ്മാതാക്കൾപോലും എന്തെങ്കിലും അവകാശവാദങ്ങൾ കലാമേന്മയെ സംബന്ധിച്ചിടത്തോളം നടത്തുമെന്നെനിക്കു തോന്നുന്നില്ല. പക്ഷെ ആ സിനിമ, തെലുങ്ക്, തമിഴ് തുടങ്ങിയ ഭാഷകളിലെ സിനിമകൾ നാട്യകരണം നടത്തുന്ന അതിർത്തികളിൽനിന്നുകൂടി കപ്പം പിരിച്ചെടുത്തു. ആ 'അനാഥപ്പൈതൽ' ഉത്തരേന്ത്യയിലേക്കുംകൂടി കടക്കുവാനാണു ഭാവം. പ്രസ്തുത ചിത്രം ഇങ്ങനെ സാമ്പത്തികമായി വിജയിക്കാനെന്താണ് കാരണം? ഉത്തരം വളരെ വ്യക്തമാണ്, പൊതുജനങ്ങൾ, എന്നുവച്ചാൽ ഉദയശങ്കർമാരും പൊൻകുന്നംവർക്കിമാരുമല്ലാത്ത സാധാരണജനങ്ങൾ ഇഷ്ടപ്പെടുന്ന പലതും ആ ചിത്രത്തിനകത്തുണ്ട്. കലാസ്വാദനത്തിൻെറയും കലാസാദനത്തിൻെറയും അടിസ്ഥാന സിദ്ധാന്തങ്ങളെക്കൊണ്ട് എത്ര വിദഗ്ദ്ധമായി അഭ്യാസമാടിയാലും മേല്പറഞ്ഞ പരമാർത്ഥത്തെ നിഷേധിക്കുവാൻ നിവൃത്തിയില്ല. 'ജീവിതനൌക'യുടെ നിർമ്മാതാവ് ഇപ്പോൾ അദ്ദേഹത്തിനു തികച്ചുമവകാശപ്പെട്ടതുപോലെ അഭിമാനിക്കുന്നുണ്ടാവും, 'ഇതുനാളും ജനങ്ങൾ കാത്തിരുന്ന ഒരു മഹത്തായ കലാസൃഷ്ടിയായിരുന്നു എൻേറതു്. ഇനിയും ഞാനിത്തരം മഹത്തായ ചിത്രങ്ങൾ പുറത്തിറക്കും'. അപ്പോൾ അദ്ദേഹത്തിൻെറ അടുത്ത ചിത്രം എന്തായിരിക്കുമെന്നു നമുക്കു ഏകദേശം ഊഹിക്കാം. 'ജീവിതനൌക'യുടെ അനുഭവം അദ്ദേഹത്തിൻെറ മുമ്പിലുണ്ട്. ആ ചിത്രത്തിൻെറ ഫോർമുലയും പകൽവെളിച്ചംപോലെ വ്യക്തമാണ്. പിന്നെ അദ്ദേഹം മൂലധനത്തിന്മേൽ കലാമേന്മയുടെ പേരുംപറഞ്ഞു ഭാഗ്യപരീക്ഷ നടത്തുമെന്നു് പ്രതീക്ഷിക്കുന്നതു് ശരിയല്ലല്ലൊ.

വാസൻെറ 'ചന്ദ്രലേഖ' മാംസം സിൽക്കിൽ പൊതിഞ്ഞുകൊണ്ടുള്ള ഒരു കൈമിടുക്കുള്ള പ്രദർശനമാണ്. 'ചന്ദ്രലേഖ' ഒരു നല്ല ചിത്രമാണോ? എന്ന ചോദ്യത്തിനു മുമ്പിൽ എല്ലാവരും ഒഴിഞ്ഞുമാറി. എന്നിട്ടും അതു് ബോക്സ്ഓഫീസ് കാര്യത്തിൽ ഒരു പുത്തൻ റിക്കാർഡ് തന്നെ സ്വീകരിച്ചു. വാസൻ ആ കണ്ടത്തിൽതന്നെ തൻെറ പഴയ ചിലവാകാത്ത നാണ്യങ്ങൾ അടിച്ചിറക്കി. ആ ചിത്രങ്ങൾ കാണാൻ കോടിക്കണക്കിനാളുകൾ മുന്നോട്ടുവന്നു. അപ്പോൾ ഈവക പ്രശ്നങ്ങളുടെയെല്ലാമടിയിൽ ഒരു ചോദ്യം ഉയർന്നുവരുന്നുണ്ട്. ആരാണ് യഥാർത്ഥത്തിൽ ചിത്രനിർമ്മിതാവ്? 'ജീവിതനൌക'യും 'ചന്ദ്രലേഖ'യും നാലുംഞ്ചും പ്രാവശ്യംവീതം കാണുന്ന പൊതുജനങ്ങളാണ് ചിത്രനിർമ്മാതാക്കൾ.

പാരമൌണ്ടിൻെറ 'ഹെയറസ്സ്' ഒരു രസികൻ ചിത്രമാണ്. ഒന്നാന്തരഭിനയം. വില്ല്യം വൈലറിൻെറ വിദഗ്ദ്ധമായ സംവിധാനം. എന്തുകാര്യം? പൊതുജനങ്ങൾ പറഞ്ഞു, ആ ചിത്രം കാണത്തക്കതല്ലെന്ന്. താറാവിൻെറ പുറത്തൊഴിച്ച വെള്ളംപോലെ ആ ചിത്രം പൊതുജനങ്ങളുമായി ബന്ധം പുലർത്താതെ കടന്നുപോയി. ഡിമില്ലിൻെറ 'സാംസനും ഡിലൈല'യും പുറത്തുവന്നപ്പോൾ പാരമൌണ്ടിൻെറ തടിച്ച കണക്കുപുസ്തകങ്ങളിൽ 'ഹെയറസ്സ്' വരുത്തിവച്ച നഷ്ടം നികത്തപ്പെട്ടു. ആദ്യംപറഞ്ഞ ചോദ്യം ഇവിടെയുമുത്ഭവിക്കുന്നു, ആരാണ് ഈ ചിത്രനിർമ്മാതാവ്?

ഉദയശങ്കർ ഒരൊററചിത്രംമാത്രമെ നിർമ്മിക്കുകയുള്ളുവെന്നു് ശപഥംചെയ്ത സിനിമാനിർമ്മാണത്തിന്നു് ഒരുമ്പെട്ട ഒരു കലാകാരനല്ല. പക്ഷെ പൊതുജനങ്ങൾ അദ്ദേഹത്തോടു പറഞ്ഞു, "'കല്പന'കൾ

ങ്ങൾക്കു വേണ്ടാ. താൻ തന്റെ നർത്തകസംഘവുമായി അമേരിക്കയിലേക്കു പൊയ്ക്കോളൂ''. ഉദയശങ്കർ കൂടുതൽ പരിക്ഷണങ്ങൾക്ക് അഥവാ കലയെ ബലികഴിക്കുന്നതിന്നു തയ്യാറില്ലാതിരുന്നതിനാൽ 'കല്പന' കൊണ്ടു സിനിമാനിർമ്മാണം നിർത്തിവച്ചു. പരമാർത്ഥത്തിൽ 'കല്പന' ഒരു യഥാർത്ഥ പ്രതിഭാശാലിയുടെ വ്യക്തിത്വം മുദ്രകുത്തിയ അസുലഭ കലാസൃഷ്ടിയായിരുന്നു. എന്തുകാര്യം? 'കല്പന'കളല്ലാ സിനിമക്കുവേണ്ടി പണം മുടക്കുന്ന ജനങ്ങളാവശ്യപ്പെടുന്നതു്.

മാംസളങ്ങളായ ശരീരഭാഗങ്ങൾ പുറത്തുകാണിക്കുന്നതിൽ വിശ്വസിക്കുന്ന, അതിൽമാത്രം വിശ്വസിക്കുന്ന ഒരു നടിയെന്നുള്ളതിൽകവിഞ്ഞു് എസ്റ്റർ വില്യംസ് ഒരു കലാകാരിയാണെന്നും മററും പറയുന്നതു മനുഷ്യന്റെ കലാബോധത്തിന്റെ നേരെയുള്ളൊരു വെല്ലുവിളിയാണു്. പക്ഷെ എം. ജി. എം. കമ്പനിയുടെ കാമധേനുവാണ് പ്രസ്തുത നടിയെന്നുള്ള പരമാർത്ഥം എന്തിനെയാണ് സൂചിപ്പിക്കുന്നതു്? മെട്രോഗോൾഡ്‌വിൻ മേയർ തന്റെ മററ ചിത്രങ്ങളിൽവരുന്ന നഷ്ടം നികത്തുന്നതു് ഈ നീന്തൽ വിദഗ്ദ്ധ അഭിനയിക്കുന്ന ചിത്രങ്ങൾകൊണ്ടാണ്. ഏതാണാ ചിത്രങ്ങളെന്നു മനസ്സിലായില്ലേ? Neptune's danghter, Bathing Beauty, Pagan dove Song തുടങ്ങിയവ. അപ്പോൾ ജനങ്ങളിഷ്ടപ്പെടുന്ന ചിത്രങ്ങളേതാണെന്നു മനസ്സിലായൊ?

രാജ്കപൂർ ചിത്രനിർമ്മാണത്തെക്കുറിച്ചു് സ്വന്തമായി ചില ആശയഗതികളുള്ള ഒരു യുവകലാകാരനാണു്. 'ആഗ്', 'ബർസാത്തു്', 'ആവാര' എന്നീ മൂന്നു ചിത്രങ്ങളിൽക്കൂടിയുള്ള അദ്ദേഹത്തിന്റെ വളർച്ച സശ്രദ്ധം പഠിക്കുന്നപക്ഷം, ക്രമേണ അദ്ദേഹം ബോക്സ് ഓഫീസ് ഭാഗത്തേക്ക് കൂടുതൽ ശ്രദ്ധ ചെലുത്തുന്നതായി നമുക്കു മനസ്സിലാക്കാൻ കഴിയും. 'ആവാര'യെ വിമർശിച്ചപ്പോൾ ചൂണ്ടിയെടുത്ത രാജ് ബോക്സ് ഓഫീസിന്റേയും കലാപ്രേമത്തിന്റേയും മദ്ധ്യത്തിൽകിടന്നു് ഞെരുങ്ങുകയാണ്. ആരാണിതിന്നുത്തരവാദി? ഏറെക്കുറെ കാണികൾതന്നെ.

അപ്പോൾ കാണികളായ പൊതുജനങ്ങളാണ് ചിത്രം നിർമ്മിക്കുന്നതു്. നാളത്തെ ചിത്രങ്ങൾക്കുള്ള മൂശ കരുപ്പിടിക്കുന്നതു് ഇന്നലത്തേയും ഇന്നത്തെയും ബോക്സ് ഓഫീസ് വിജയാപജയങ്ങളിലാണ്. ഇന്നു് ഏതൊരു ചിത്രങ്ങളാണ് പണം വാരുന്നതെങ്കിൽ നാളെയും അത്തരം ചിത്രങ്ങൾതന്നെ നിർമ്മിക്കപ്പെടും. ഇന്നു സാമ്പത്തികമായി പരാജയപ്പെടുന്ന ചിത്രങ്ങളുടെ തറവാട്ടിൽ നാളെ പുതിയ സന്തതികളൊന്നും പിറക്കുകയില്ല.

'Theatre Arts Authology' എന്ന പുസ്തകത്തിൽ ആർതർ മേയർ പറയുന്നതു് തികച്ചും അർത്ഥഗർഭമാണ്. "ബോക്സ്ഓഫീസ്, ജനങ്ങൾ ആത്മാർത്ഥമായി എന്താണിഷ്ടപ്പെടുന്നതെന്നുള്ളതിന്റെ തെററുപററാത്ത അളവുകോലാണ്, കലാപരമായി കാണികളിഷ്ടപ്പെടുന്നതിന്റെ വ്യക്തമായ പ്രതിഫലനമാണ്. സിനിമ ഏററവും വലിയൊരു ശക്തിയാണ്. ആ ശക്തി മനുഷ്യന്റെ പുരോഗതിയുടെ വഴിത്താരയിലേക്ക് തിരിച്ചുവിടേണ്ടതായ കർത്തവ്യവും അതിന്നുള്ള കഴിവും സിനിമാ നിർമ്മാണകരുടെയൊ വിതരണക്കാരുടേയോ ഡയറക്ടർമാരുടെയൊ നടീനടന്മാരുടെയൊ കഥാകൃത്തുക്കളുടെയൊ പക്കലല്ലാ സ്ഥിതിചെയ്യുന്നതു്. ആ മഹത്തായ പ്രശ്നം തീരുമാനിക്കുവാനുള്ള അധികാരം നിങ്ങളും ഞാനും നമ്മുടെ ബന്ധുക്കളുമടങ്ങിയ കാണികളിലാണ് സ്ഥിതിചെയ്യുന്നതു്. നമ്മുടെ ഏററവും പ്രാധാന്യമേറിയ പ്രശ്നങ്ങളെ ആത്മാർത്ഥമായി കൈകാര്യം ചെയ്യുകയും, നമ്മുടെ മഹത്തായ ഭാവനയെ വിദഗ്ദ്ധമായി പ്രതിനിധീകരിക്കുകയും ചെയ്യുന്ന ചിത്രങ്ങളെപ്പററി നമ്മുടെ വീടുകളിലിരുന്നു സംസാരിച്ചാൽമാത്രം പോരാ, നേരിട്ടുകണ്ടു പ്രോത്സാഹിപ്പിക്കുകയുംകൂടി വേണം. അങ്ങിനെ ചെയ്യാമെങ്കിൽ നമ്മുടെ സിനിമാപ്രസ്ഥാനത്തെ നമുക്കു പുരോഗതിയിലേക്കു പ്രയാണം ചെയ്യുന്ന മനുഷ്യലക്ഷത്തിന്റെ വിശ്വസ്ഥ പ്രതിനിധിയായി മാററാം, ജനങ്ങളുടെ ചൈതന്യം മുഴങ്ങുന്ന സ്വരമാക്കി ഉയർത്താം''

നമ്മുടെ നാട്ടിൽ ഇന്നു നിർമ്മിക്കപ്പെടുന്ന സിനിമകൾ എന്തൊരനാഥാവസ്ഥയെയാണ് വിളംബരം ചെയ്യുന്നതു്? കഥകൾ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ ഇനിയും യാതൊരു മാററവും വന്നിട്ടില്ല. ആദാമിന്റെ കാലംമുതൽക്കുള്ള മുറകളാണ് പ്രണയകഥയ

ടെ ജീർണ്ണിച്ച മൂശയിൽ ഓരോ നിർമ്മാണകരും ഒരേ രൂപങ്ങൾ വാർത്തുവിട്ടു മത്സരിക്കുകയാണ്. ഈ പഴയമൂശയ്ക്കു ഒരു പൊളിച്ചെഴുത്തുനടത്തേണ്ടകാലം പണ്ടേ അതിക്രമിച്ചിരിക്കുന്നു. ചുരുങ്ങിയപക്ഷം സാങ്കേതികമായും കലാപരമായും ആകർഷണീയമായൊരു പ്രതിപാദനരീതിയുണ്ടാവുക അല്ലെങ്കിൽ അസ്വാഭാവികത്വം കലരാത്ത നല്ല വിനോദമുണ്ടാവുക. ഇക്കാര്യത്തിലും നമ്മുടെ സിനിമകൾ പരാജയങ്ങളാണ്. ഹിന്ദിയിലും തെലുങ്കിലും തമിഴിലും എല്ലാം ആ പഴയമൂശങ്ങൾ, എല്ലാ സിനിമയിലും എച്ച്. എം. വി. റിക്കാർഡ് വലിപ്പത്തിൽ അളന്നു തിട്ടപ്പെടുത്തിയ ഓരോ ഡസൻ പാട്ടുകൾ, മുറക്ക് കാൽഡസൻ നൃത്തങ്ങളും; ആ പഴഞ്ചൻ ഫോർമുല. ഈ സിനിമകൾ നമ്മുടെ ആശയപരമായ പുരോഗതിയെ പ്രതിബിംബീകരിക്കുന്നുണ്ടോ? നമ്മുടെ രാഷ്ട്രീയവും സാമൂഹ്യവുമായ ആശയാഭിലാഷങ്ങളെ ആവിഷ്കരിക്കുവാൻ ശ്രമിക്കുന്നുണ്ടോ? നമ്മുടെ ചുററുപാടും കാണുന്ന പരമാർത്ഥങ്ങളെ നേരിടുവാൻ പരിശ്രമിക്കുന്നുണ്ടോ? ജനങ്ങളെ ഇന്നത്തെ യാഥാർത്ഥ്യങ്ങളുടെ വേദന നിറഞ്ഞ പ്രശ്നങ്ങളുടെ നടുവിലേയ്ക്കുത്തെറിയേണ്ട സിനിമാപ്രസ്ഥാനം, പ്രസ്തുത പ്രശ്നങ്ങളെ ഏററവും നിർമ്മാണാത്മകമായി സമീപിക്കാൻ ജനങ്ങളെ പഠിപ്പിക്കേണ്ട ആ കലാവിശേഷം, ജനങ്ങളുടെ സാംസ്കാരിക നിലവാരമുയർത്താൻ അനിതരസാധാരണമായ കഴിവുകളുള്ള ആ ഗംഭീരശക്തി, നമ്മുടെ നാട്ടിലെ കഷ്ടപ്പെടുന്ന മനുഷ്യകോടികളുടെ പരിതാപകരമായ കഥയുടെനേരെ മനഃപൂർവ്വം കണ്ണടച്ചുകളയുന്നു. എന്നുമാത്രമല്ലാ, ജീവിതത്തെ തെററായ ചിന്താഗതികളുടെ അപായമേഖലകളിലേക്കെത്തിക്കുന്ന കൃത്രിമപ്രേമത്തിന്റെ അന്തസ്സാരവിഹീനങ്ങളായ പ്രഹസനങ്ങൾ അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ബൃഷ്ടാ പ്രേമത്തിന്റെ കാമപ്പൂന്തോപ്പുകളിൽനിന്നും, വിഷയാസക്തികൊണ്ടു കൂട്ടകൃഷി നടത്തുന്ന രംഗതിലോത്തമമാരുടെ കണ്ണഞ്ചിക്കുന്ന നാട്ടിൽനിന്നും, മനുഷ്യനെ യുക്തിയുഗത്തിൽനിന്നു് അന്ധവിശ്വാസത്തിന്റെ ഇരുട്ടറകളിലേക്കു മാടിവിളിക്കുന്ന പ്രേതക്കഥകളുടെ ശ്മശാനഭൂമിയിൽനിന്നും നമ്മുടെ സിനിമാപ്രസ്ഥാനത്തെ ബലമായി വലിച്ചിഴച്ചുകൊണ്ടുപോരാൻ കാണികൾതന്നെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു.

സിനിമാപ്രസ്ഥാനത്തിന്റെ വളർച്ച നിയന്ത്രിക്കുന്നതു കാണികളാണെന്നും അതിനെ ഒരു ശക്തിയായി വളർത്തിക്കൊണ്ടുവരേണ്ടതും അവരുടേതാണെന്നും പറയുമ്പോൾ അതിന്റെ അപ്രായോഗികത അതർഹിക്കുന്ന ഗൌരവത്തോടെ ഞാൻ മനസ്സിലാക്കുന്നുണ്ട്. എങ്കിലും സിനിമയുടെ പുരോഗതിയെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും സാരതരമായി വ്യതിയാനങ്ങൾ വരുത്തേണമെന്നുണ്ടെങ്കിൽ കാണികൾതന്നെ മുന്നോട്ടുവരണമെന്നുള്ളതാണ് പരമാർത്ഥം. ഇനിനമുക്കു നിർമ്മാണകന്റെ വശം നോക്കാം.

നിർമ്മാണകരിൽ ബഹുഭൂരിപക്ഷവും മൂലധനത്തിന്ന് പ്രഥമവും പ്രധാനവുമായ സ്ഥാനം കല്പിക്കുന്നവരാണ്. കലാപരമായി അല്ലെങ്കിൽ ആശയപരമായി എന്തെങ്കിലും വിട്ടുവീഴ്ചക്കവർ തയ്യാറുണ്ടെങ്കിൽ അതു മുതൽമുടക്കിന്റെ രക്ഷക്കുവേണ്ടി മാത്രമായിരിക്കും. ഇങ്ങനെയുള്ള മൂലധനപ്രേമികളുടെ കൈയിൽ സിനിമയുടെ പുരോഗതി സുരക്ഷിതമാവാൻ ന്യായമില്ല. അതെ, കലക്കു ആവശ്യം പ്രാമാണ്യം നല്കേണ്ടിടത്ത് ബിസിനസ്സുദേവതതാണ്ഡവമാടുന്ന ദയനീയസ്ഥിതിയാണ് നമ്മുടെ സിനിമാപ്രസ്ഥാനത്തിലുള്ളത്. ഇത്തരം ബിസിനസ്സുകാർ 'ജീവിതനൌക'യും 'കളിക്കുന്ന സുന്ദരി'യും 'ജനോവ'യും മററുമെടുക്കുവാൻ എത്രമാത്രവും പണവും ചിലവഴിക്കും. പൊതുജനങ്ങളുടെ മനഃശാസ്ത്രം ഇവക്കു നല്ലപോലെ അറിയാം. 'സെക്സപ്പീൽ' 'എന്റർടെയിൻമെൻറ്' 'സ്റ്റാർ വാല്യൂ' എന്നിവകളുടെ നിശ്ചിതകോട്ടാ ഓരോ ചിത്രത്തിലുമുണ്ടായിരിക്കും. അങ്ങനെ മനുഷ്യന്റെ ദുർബ്ബലവികാരങ്ങളെ മുതലെടുക്കാനും അന്ധവിശ്വാസങ്ങളെ ചൂഷണംചെയ്യാനും പററിയ കുറെ രംഗങ്ങൾ ഒന്നിച്ചുചേർത്ത് ചിത്രം നിർമ്മിച്ചാൽ എങ്ങിനെയായാലും മുതലാക്കാമെന്ന് അവരുടെ അനുഭവം അവരോടുപദേശിക്കുമ്പോൾ ആ 'പടമുതലാളി'മാർ മൂലധനത്തിന്മേൽ ഭാഗ്യപരീക്ഷണനടത്തുന്ന വിപ്ലവങ്ങൾക്കും പരീക്ഷണങ്ങൾക്കും മുതിരാത്തതിൽ അത്ഭുതത്തിന്നവകാശമില്ല. എല്ലാററിനും പുറമെ ഒന്നേകാലിഞ്ചു തുണികൊണ്ടു ദേഹം മുഴുവനും മറയ്ക്കുന്ന ഹോളിവുഡ് അഖിലബ്രഹ്മാണ്ഡ കടാക്ഷസുന്ദരികളേയും, ദേഹം

തുണികൊണ്ടു മറച്ചാൽ തൃത്തംചെയ്യാൻ കഴിവില്ലാത്ത കാർമൻമിരാൻെറ മാരെയും, സിനിമയിലാദ്യവസാനം കളിച്ചുകളിച്ചുഭിനയിക്കുന്ന എസ്തർവില്യംസുമാരെയും, മനുഷ്യർ കരയുമ്പോഴെക്കും പ്രത്യക്ഷപ്പെടുന്ന ദേവന്മാരേയും, തമാശകൾകാണിച്ചു സഹതാപത്തിൻെറപേരിൽ മനുഷ്യനെ ചിരിപ്പിക്കുന്ന എൻ. എസ്., മാത്തപ്പന്മാരേയും അങ്ങനെ എന്തൊരു നെറികേടുകളും സിനിമയിൽ കൊണ്ടുവന്നാലും ചോദ്യംചെയ്യാൻ നട്ടെല്ലില്ലാത്ത, ഒരു തത്വസംഹിതയും അടിസ്ഥാനമാക്കി പ്രവൎത്തിക്കാത്ത ഒരു സെൻസർബോർഡുള്ളപ്പോൾ ഈ മുതലാളികളെന്തിനു ഭയപ്പെടണം. 'ദേശാഭിമാനി' എന്ന പേരിലൊരു കമ്യൂണിസ്റ്റ്പത്രമുള്ളതുകൊണ്ട് ആ പേർ സിനിമക്കു പാടില്ലെന്നും 'ദേശഭക്ത'നെന്നാക്കണമെന്നും മറ്റുമാണ് സെൻസർബോർഡുകാരുടെ ഏററവും മൌലികമായ പിടിവാദങ്ങൾ.

മഹാത്മ പ്രതിഭാശാലികളായ കലാകാരന്മാർ ഉയൎന്ന പ്രതീക്ഷകളോടുകൂടി സിനിമാരംഗത്തുവരാറുണ്ട്. ഒന്നോ രണ്ടോ ചിത്രങ്ങൾ നിൎമ്മിക്കുന്നതിനുമുമ്പ് അവർ രംഗംവിടാൻ നിർബ്ബന്ധിതരായിത്തീരും. സാമ്പത്തിക പ്രശ്നംതന്നെ പ്രധാനം. ഒരു വശത്തു കലയെപ്പററി ഒരു ചുക്കുമറിയാൻ പാടില്ലാത്ത, അന്നന്നത്തെ ഗവൎമ്മേണ്ടിൻെറ കൈമണി കിലുക്കുന്ന സെൻസർബോർഡ്. മറേറവശത്തു് 'ബോക്സ് ഓഫീസി'ൻെറ ഉപജ്ഞാതാക്കളായ സിനിമാനിൎമ്മാണകർ. ഈ രണ്ടു് ഇത്തിക്കണ്ണികളുടെ മദ്ധ്യത്തിൽ ഏതൊരു പ്രതിഭാശാലിയും പെട്ടെന്നു പിന്മാറേണ്ടിവരും. പുരോഗമനപരമായ ആശയങ്ങളെ എന്നും മുതലാളിത്വം ശ്വാസംമുട്ടിപ്പിച്ചു കൊന്നുകളയും. ഹോളിവുഡ്ഡ് വെറും മൂന്നാംകിട ചിത്രങ്ങൾകൊണ്ടു ഇംഗ്ലീഷ് ചലച്ചിത്രവ്യവസായത്തെ അമൎത്തിക്കളഞ്ഞു. ഇംഗ്ലീഷ് ചിത്രങ്ങൾ താരതമ്യേന വളരെ മെച്ചപ്പെട്ടവയാണ്. പക്ഷെ ഹോളിവുഡ്ഡിൻെറ വ്യവസായ സ്റ്റണ്ടിൻെറ മുമ്പിൽ ആർതർറാങ്ക് കണ്ണുമിഴിച്ചു നിന്നുപോയി. അപ്പോൾ പലപ്പോഴും കലാകാരന്മാരുടെ അഭാവമല്ല മൂലധനത്തിൻെറ ചതുരംഗക്കളിയാണ് പ്രധാന പ്രശ്നമെന്നുവ്യക്തം. പ്രതിഭാശാലികൾക്കുയൎന്നുവരാനുള്ള ഒരു പരിതസ്ഥിതി ഇന്നിവിടെയില്ല. അത്തരമൊരു വ്യവസ്ഥിതി മററു പല പരിവൎത്തനങ്ങൾക്കു പുറകിലെ വരുകയുള്ളു. അന്നു് പൃഥ്വീരാജന്നു് തൻെറ നാടകക്കമ്പനി നിലനിൎത്തുന്നതിനുവേണ്ടി സിനിമാകരാറുകളൊപ്പിടേണ്ടിവരുകയില്ല.

ശാന്താറാം, നൃത്യയറേറർസ് തുടങ്ങി ചലച്ചിത്രനിൎമ്മാണത്തിൽ ഒരുയൎന്ന നിലവാരം നിലനിൎത്തണമെന്ന നിർബ്ബന്ധമുള്ള നിൎമ്മാണകരുണ്ട്. അവരതു് സാധിക്കുന്നുമുണ്ട്. അതൊരു പ്രത്യേകകഴിവാണ്. എല്ലാവരിൽനിന്നും അതു് പ്രതീക്ഷിക്കുവാൻ നിവൃത്തിയില്ല. നൃത്യയറേറർസ് എൻെറർടെയിൻമെൻെറിനെസംബന്ധിച്ച് ശാന്താറാം ചെയ്യാൻ ധൈര്യപ്പെടാത്ത പരീക്ഷണങ്ങൾ ചെയ്യുന്നുണ്ട്. എങ്കിലും ഇനിയുമതൊരു വ്യാപകമായതോതിലെത്തിയിട്ടില്ല. ബിസിനസ്സിൻെറ നിഴലിൽനിന്നു മാറിനില്ക്കുന്ന വേറെയും ചില കലാകാരന്മാരുണ്ടു നമുക്ക്. പക്ഷെ അവരാരുംതന്നെ സിനിമയിലെ റിയലിസത്തെപ്പററി ഇതുവരെയും ശ്രദ്ധപതിച്ചുകാണാനില്ല. 'ഹംലോഗ്' മാത്രമാണ് ആ വഴിയിൽ ആദ്യമായി കൊളുത്തപ്പെട്ട കൈത്തിരി. ആ ദീപനാളത്തിൻെറ പ്രകാശത്തിലൂടെ ആരും മുന്നോട്ടുപോകുന്നില്ല. എല്ലാം ബോക്സ് ഓഫീസിൻെറ പ്രേതത്തെക്കണ്ടു ഭയപ്പെട്ടുനില്ക്കുകയാണ്.

ഇങ്ങനെയുള്ളൊരു സ്ഥിതിഗതിയിൽ നിൎമ്മാണകരിൽനിന്നും കലാകാരന്മാരിൽനിന്നും മററു വളരെയധികം പ്രതീക്ഷിക്കുന്നതു വെറും വ്യാമോഹമായിരിക്കും. ജനങ്ങളുടെ താല്പൎയ്യത്തെ തികച്ചും മാനിക്കുന്നൊരു ഭരണകൂടത്തിനു് ഇത്തരം കലയിലെ ബിസിനസ്സു പ്രാമാണ്യത്തെ നിശ്ശേഷം തുടച്ചു മാററാൻ സാധിക്കും. അതിന്നു് ഗവൎമ്മേണ്ടിനു് സാമ്പത്തിക സ്വാതന്ത്ര്യമുണ്ടായിരിക്കണം. അതിലുമുപരി സിനിമയുടെ കഴിവുകളെപ്പററി ശരിയായ പരിജ്ഞാനവും കലയെ ഉദ്ധരിക്കാനുള്ള തൻേറടവും ഉണ്ടായിരിക്കണം. അത്തരത്തിലുള്ളൊരു ഗവൎമ്മേണ്ടു ആടുത്തകാലത്തൊന്നും നമ്മെ ഭരിക്കാൻ പോകുന്നില്ല. സിനിമയുടെ പ്രചരണാത്മകവും വിദ്യാഭ്യാസപരവും സംസ്കാരികവുമായ പ്രാധാന്യത്തെ ഗവൎമ്മേണ്ടു മനസ്സിലാക്കാതിരിക്കുന്നിടത്തോളം കാലം, സിനിമയെ ഒരു ശക്തിയായി ഉയൎത്തിക്കൊണ്ടുവരുവാൻ ജനങ്ങൾതന്നെ മ

# അനിയാ, കുടിക്കരുത്

**സാബു**

രാത്രി ആരംഭിക്കുകയായിരുന്നു. നേരിയൊരു അന്ധകാരം ഭൂമുഖത്താകെ പരന്നിട്ടുണ്ട്. രവി കുടിച്ച് ബോധമില്ലാതെ ആടിയാടി പടികടന്നു. വീടിന്റെ വാതിലിൽ തുടർച്ചയായി ഇടിച്ചുകൊണ്ടയാൾ അലറി:—

"വാതില് തുറക്ക്!"

രവിയുടെ ജ്യേഷ്ഠൻ ഗംഗനാണ് വാതിൽ തുറന്നത്. ഒരു ഞെട്ടലോടെ അദ്ദേഹം തന്റെ മുറിയിൽ പോയി.

ഒരു പത്രപ്രവർത്തകനാണ് രവി. നല്ലൊരു ചെറുപ്പക്കാരൻ. അയാളുടെ എല്ലാനല്ലതിനേയും കാർന്നുതിന്നുന്നതിനായിരുന്ന വിട്ടുമാറാത്ത ആ മദ്യപാനം.

രവിയുടെ ജ്യേഷ്ഠൻ ഗംഗന് മരുന്നുവില്പനയാണ് ജോലി. കുടുംബം നന്നാക്കാൻവേണ്ടി ഇരുവരും പണിയെടുക്കുന്നു. പതിനാലുമൈലുകൾക്കപ്പുറം നാലുജീവികൾ ഇവരേയും പ്രതീക്ഷിച്ച് ഇരിപ്പാണ്. ഇവർ കൊടുത്താലേ അവർക്കുണ്ണാനൊക്കൂ!

ഗംഗൻ അനുജനെ വിളിച്ചുണർത്തി. ക്ഷീണവും മാനസിക വ്യഥയും, മദ്യവും അയാളെ ഒരു പേക്കോലമാക്കിതീർത്തിരിക്കുന്നു.

ജ്യേഷ്ഠൻ ഉപദേശിച്ചു.

"രവീ, നീ കുടിക്കരുത്. നമ്മുടെ കുടുംബഭാരങ്ങൾ നിനക്കറിയാമല്ലോ? അതൊക്കെ തീർന്നിട്ട് നമുക്ക് കണ്ടമാനം നടക്കാം. അനിയാ, കുടിക്കരുത്; നല്ലതിനല്ല ഈ സ്വഭാവം!"

പിറേറന്ന്.

രവി നേരെ ഷാപ്പിൽചെന്നു. അപ്പോഴുണ്ട് അവിടെ രവിയെകാത്ത് കുരിയൻ ഇരിക്കുന്നു. ആ സുഹൃത്തുക്കൾ വയറ് നിറയെ കുടിച്ചു. ബോധംകെടുന്നതുവരെ. പതിവുപോലെ രവി ബോധമില്ലാതെ വീട്ടിൽചെന്നുകയറി. അന്ന് ഗംഗൻ അനുജനെ കുറെ ശകാരിച്ചു. "രവീ, നീ എത്രപറഞ്ഞാലും കേൾക്കില്ലല്ലോ? മനുഷ്യനായാ കുറെ ബുദ്ധിവേണം. മൃഗത്തിന്റെ സ്വഭാവമാണല്ലോ നിനക്ക്. ഇനിയും ഇതുതുടർന്നാൽ ഞാൻ നിന്റെ ചേട്ടനല്ല"

രവി വേച്ച്‌വേച്ച് തന്റെ മുറിയിൽകടന്നു നിവർത്തിയിരുന്ന കിടക്കയിലയാൾ വീണുപോയി.

അടുത്തദിവസം.

സായാഹ്നത്തിൽ രവി വീട്ടിലെത്തി. മുറിയിൽചെന്ന് ചാരുകസാരയിൽ ഇരുന്ന് അയാൾ ചി

---

ന്നോട്ടുവരേണ്ടിയിരിക്കുന്നു. ആ രയപ്പാപ്പുറത്തതിന്റെ ഈ സെല്ലുലോയിഡ് പതിപ്പുകളെ നിശ്ശേഷം ബഹിഷ്ക്കരിക്കുക. എന്നിട്ട് സധൈര്യം പ്രഖ്യാപിക്കുക: 'നിങ്ങളുടെ ഈ ചവറുകൾ ഞങ്ങൾക്ക് കാണേണ്ട. ഇനിമുതൽ നിങ്ങളല്ലാ ഞങ്ങളാണ് സിനിമ നിർമ്മിക്കുവാൻ പോകുന്നത്'. ഇത്തരമൊരു നിർദ്ദേശത്തിന്റെ പ്രായോഗികതയെ ചോദ്യം ചെയ്യുന്നവർക്ക് നേരത്തേ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ഒരു നട്ടെല്ലുള്ള ജനക്കൂട്ടം മാത്രമേ മറെറാരു പോംവഴിയായി നിർദ്ദേശിക്കുവാനുണ്ടാവുകയുള്ളുവെന്നറിയിക്കേപ്പുണ്ട്.

കവിത

# ദേവയാനി.

തോമ്പിൽ ശങ്കുണ്ണിമേനോൻ, എം. എ.

I

"ഓമനേ—!"—ആ രംഗശാന്തിപൂരം
കാമുകനാമവൻ ഭഞ്ജിക്കയായ്.
പെട്ടെന്നു ഞെട്ടി വിറച്ചു, കാററിൽ
പെട്ടൊരു മുല്ലതൻ വല്ലിപോലെ
പെമ്പലാന്നോമലാം കൺകോണൊന്നു
പിമ്പോട്ടയച്ചു, ഉടിച്ചു ചിത്തം.
താമുഖം താനേ കുനിഞ്ഞുപോയി
തണ്ടൊടിഞ്ഞുള്ളോരു താമരയായ്
പൂങ്കവിൾ, സന്ധ്യയിൽ വിണ്ഡലം പോൽ
കുങ്കുമകാന്തി ത്തഴപ്പുപൂശി.
കാലിടറിപ്പോയി, കൈവിറച്ചു
കോൾമയിർ കൊണ്ടിതു കോമളാംഗി.
നിന്നനിലക്കവൾ നിന്നതല്ലാ-
തൊന്നും മറുപടി ചൊല്ലിയില്ല.

II

ദാനവാചാര്യനാം ശുക്രന്റെറാ-
രോമനപ്പുത്രിയാണക്കുമാരി
കാമിനി, മോഹിനി, ദേവയാനി
കാമുകർ കണ്ണിന്നു കർപ്പൂരമായ്
ഉല്ലാസിയൌവ്വനാശ്ലേഷിതയായ്
നല്ലൊരു പൂമലരായിരുന്നു!
വെൺകുളിർ ചന്ദ്രിക പേന്റൊഴുകും
മംഗള സംഗീതമായിരുന്നു!
അന്നെങ്ങും കാണ്മാൻ കഴിഞ്ഞിടാത്ത
സൌന്ദര്യ സങ്കേതമായിരുന്നു!!
കോമള കാന്തിത്തഴപ്പുയന്നു
കാമന്നു കാർമുകമായിരുന്നു!!!

---

എഴുതിവരുന്ന ഖണ്ഡകാവ്യത്തിൽനിന്ന്

---

ന്താമഗ്നനായിരുന്നു. ജീവിതത്തേയും, ഭാവിയേയും കുറിച്ചയാൾ ആലോചിച്ചു. കുടുംബം ഒരുകാററാൻ കഴിയാത്ത പ്രശ്നമാണ്. വിവാഹപ്രായമായ സഹോദരികൾ. രോഗിയായ പിതാവ്. അവരുടെ ഏകാവലംബം സഹോദരനമല്ലോ? അങ്ങിനെ വളരെ പ്രശ്നങ്ങളുണ്ട്. അതെല്ലാം പരിഹരിക്കണം. എന്തുചെയ്യും? ഒരു പോംവഴിയും കണ്ടെത്താൻ രവിക്ക കഴിയുന്നില്ല. ആ ദുർബ്ബലത രവിയുടെ ഹൃദയത്തെ കൂടുതൽ കുഴപ്പത്തിലാക്കി. അയാൾ പുറത്തു കടന്നു. നടക്കുന്നതിനിടയിൽ പിന്നിൽനിന്നൊരു വിളികേട്ടു കരിയനാണതു്.

"കുറച്ചടിക്കാം വാ" കുരിയൻ പറഞ്ഞു.

രവി നിശ്ശബ്ദനായി നടന്നു. കൂടെതന്നെ കുരിയനും.

ഇന്നെന്തോ പതിവില്ലാത്തവിധം ഷാപ്പിൻപരിസരം ജനനിബിഡമായിരുന്നു. വല്ല ഉത്സവമൊ പെരുനാളൊ ഉണ്ടാകും.

തികഞ്ഞ ധൈര്യത്തോടെ അവർ ഷാപ്പിൽ കയറി. പനമ്പുകൊണ്ട് നാലുഭാഗം മറച്ചൊരു മുറിയിൽ ഇരിപ്പായവർ.

ഒരു കൊച്ചുപെൺകുട്ടിവന്ന് ചോദിച്ചു:—

# പുരോഗതി!

മുണ്ടയൂർ വാസുദേവൻ

(കേക)

ഭാരതാങ്കണഭാഗേ
പ്രാക്തനസമ്പത്താംശ–
സാരമാം തത്വങ്ങൾതൻ
പൂന്തണലരുളുമ്പോൾ,
മന്നിൻ മസ്തകം പോലെ,
മഞ്ഞണിക്കിരീടത്തെ–
പ്പിന്നെയും വാനിൽച്ചേർത്തു
ഹിമവാൻ മരുവുമ്പോൾ,
പാരിനുസദാമംഗ–
ളാശംസനൽകാൻ ചുററ–
പാരാവാരത്തിൻ ധീര–
കാഹളം മുഴങ്ങുമ്പോൾ
കവി നീ സംസാരിച്ചു:
ചക്രവാളാന്തങ്ങളെ–
കവിയും നാടിൻ പുരോ
ഗതിതൻ ചരിത്രങ്ങൾ!
മന്നിന്നുസമത്വത്തിൻ
സുന്ദരാശയം നൽകി
മൺമറഞ്ഞൊരെൻഗുരു–
ദേവഭാവനകളിൽ,
മനുഷ്യൻ മനുഷ്യനായ്–
പ്പുലരും യുഗത്തെ, യാ–
മഹത്താം സ്വാതന്ത്ര്യത്തിൻ
കൈത്തിരിയെഴും ഏത്തിൽ
വിലങ്ങുസംസാരിപ്പൂ:
വർണ്ണവിദ്വേഷങ്ങളാ,–
ലുലകിൻ ചെങ്കോലിനാൽ
തെളിയാവൂ നിൻമാർഗ്ഗം

---

"എന്തുവേണം?"

"രണ്ടൊന്നര!" കരിയനാണതു് പറഞ്ഞതു്.

സുന്ദരന്മാരായമൂന്നു് കപ്പികൾ അവരുടെ മുന്നിൽവന്നു. രവി ഒളിക്കണ്ണിട്ടു് അതൊന്നുനോക്കി. അപ്പോഴയാളുടെ കാതുകളിൽ ആ വാക്കുകൾവന്നലച്ചു.

"നമ്മുടെ കഷ്ടപ്പാടുകൾ നിനക്കറിയാമല്ലൊ? അതൊക്കെ തീന്നിട്ടു് കണ്ടമാനം നടക്കാം. അനിയാ, കുടിക്കരുതു്. അതു് നല്ലതിനല്ല".

എല്ലാം മറക്കാനയാൾ ശ്രമിച്ചു. രവി നാലുപാടും കണ്ണയച്ചു. എന്തോ ഒരു ധൈര്യക്കുറവ്. പതിവില്ലാത്തൊരു ഭീതി.

പെട്ടെന്നാണതുണ്ടായതു്. ആരോ ഒരാൾ രവിയെ കണ്ടപ്പോൾ പെട്ടെന്നു് തലവെട്ടിച്ചു് ഒളിക്കുന്നു. രവിക്കു ജിജ്ഞാസയായി. ഏതായാലും ആളെ അറിയണമല്ലൊ! രവി എഴുന്നേററ് ഷാപ്പുകാരൻെറ അടുത്തു് ചെന്നു് ചോദിച്ചു

"ആരാണാ പ്പോയതു്?" ഓ... അതിവിടത്തെ ഒരു പതിവുകാരനാ. മരുന്നു് വില്പനകാരൻ ഗംഗൻ!

നിസ്സഹകരണാത്മ-
കാഹിംസാവ്രതങ്ങളാൽ.
ബ്ഭാസ്സെഴും ഭരതക്ഷ്മാ-
സ്വാതന്ത്ര്യവിഹായസ്സിൻ
സ്വാത്മ ചിന്തയാൽ, ച്ചെങ്കോൽ-
ക്കിരീടങ്ങളാൽ, നിഴൽ
ച്ചാർത്തിയററവാൻ വെമ്പും
പാഴ് പ്രമത്തതകളെ,
മണ്മറഞ്ഞൊരെൻ ഗുരു-
ദേവഹൃത്തടത്തിലേ
തന്മടവാളാലൊഴ്ത്തും
മതത്തിൻ പ്രതാപത്തേ,
മനുഷ്യൻ മനുഷ്യനെ-
ബ്ഭയന്നു, ഭയന്നീടാൻ
നിരാവെ പ്രേരിപ്പിയ്ക്കും
വർണ്ണവിദ്വേഷങ്ങളെ,
മായ്ക്കുക, മർത്ത്യത്വത്തെ-
പ്പേക്കിനാവാക്കാൻ വെമ്പും
മാരകായുധങ്ങളെ,
നീകവേ നിരന്തരം!
ചരിത്രങ്ങൾതൻ രക്ത-
ഭിത്തിയിലെഴുതിയ
ദുരന്താദ്ധ്യായങ്ങളേ,
നിങ്ങൾതൻസ്മരണയിൽ
ഭാരതം നടുങ്ങുന്നു;
തിക്താനുഭവങ്ങളാൽ-
ബ്ഭാവിതൻ പ്രതീക്ഷകൾ-
വാർത്തതൻ രണങ്ങളിൽ,
എങ്കിലും, മുത്കണ്ഠയു-
മാശയുമാശങ്കയും
തങ്ങളിൽക്കരം കോർക്കും
ഹൃദയമോർമ്മിയ്ക്കുന്നു:
മഹത്താം മനുഷ്യത്വം,
തൻശ്രമപ്രവൃദ്ധമാം
മഹിതപ്രഭാവത്തെ
ത്തടുക്കാനാവില്ലാർക്കും!
ശാശ്വതസാഹോദര്യ-
ഭാവനയെഴും മുഗ്ദ്ധ-
ശാന്തിതൻ ശ്രീകോവിലിൽ
ക്കവിപാടുകയാണ്:
"പൊൽപ്രതീക്ഷകളിൽനി-
ന്നീ നാദം കേൾക്കു നാടേ,
യുൽപ്പതിഷ്ണുത്വത്തിന്റെ
ചാരുനൂപുരധ്വാനം-"

(അവകാശങ്ങൾ കവിക്ക്)

ഭ്രാന്ത് അപസ്മാരം ഇവ മാറാത്ത രോഗമല്ല!

14 ദിവസത്തെ ചികിത്സകൊണ്ട് മാത്രം രോഗികൾക്ക് പൂർണ്ണസുഖം വരുത്തികൊടുക്കുന്നു.

വൈദ്യരത്നം പി. സി. ഗോവിന്ദൻനായർ, സ്പെഷലിസ്റ്റ്.

Mented ——— TRICHUR.

VAIDYAR VALLAPUZHA

Vaidya Ratnam, P. C. GOVIDAN NAIR.

SPECIALIST IN MENTAL DISEASES.

President of the Cochin Ayurveda Medical Association

H. O. VAIDYA MANDIRAM

High Road, Mission Quarters, TRICHUR. (T. C. State)

Brach: SANTHA BHAVAN LODGE, KOZHIKODE-I.

PHONE: 356.

# "പ്രമേഹം"

കെ. വി. എസ്സ്. കുറുപ്പ്, കലാകേന്ദ്രം, തൃശ്ശൂർ.

പ്രമേഹം ഇന്നു സർവ്വസാധാരണമാണ്. എന്താണിതിന്നു നിദാനം? അതു് അധികമാരും ചിന്തിക്കാറില്ല. പണ്ട് ഈവക രോഗങ്ങൾ ബാധിക്കാതിരിപ്പാൻ തക്ക ദിനചര്യകളാണ് ജനങ്ങൾ അനുഷ്ഠിച്ചു് പോന്നിരുന്നതു്. ആധുനികലോകം അധർമ്മവും അന്യായവും അഥവാ അന്ധവും അജ്ഞതയും എന്നൊക്കെ മുദ്രയടിച്ചിട്ടുള്ള ആ പൂർവ്വികാചാരങ്ങൾ അന്നു മനുഷ്യവംശത്തിന്റെ ആരോഗ്യത്തിന്നു് തികച്ചും പര്യാപ്തമായിരുന്നു. ബ്രാഹ്മമുഹൂർത്തത്തിൽ എഴുന്നേൽക്കണമെന്നും മിതമായ വ്യായാമം ചെയ്യണമെന്നും ശാസ്ത്രം അനുശാസിച്ചിരുന്നതു് വെറുതെയൊന്നുമല്ല. കഫത്തിന്റെ വൃദ്ധിയിൽനിന്നും വിമുക്തി നേടുവാൻ അനുപേക്ഷണീയമായ ഒരു ചര്യാക്രമമായിരുന്നു അതു്. ഇന്ന് 8 മണികഴിഞ്ഞേ ജനങ്ങൾ മിക്കവാറും എഴുന്നേൽക്കുകയുള്ളൂ. സായംകാലത്തു് (വാതകാലത്തു്) (വ്യായാമം നിഷേധിച്ചിരിക്കുന്ന ആ സമയത്താകട്ടെ) വ്യായാമം ചെയ്യുകയും ചെയ്യുന്നു. ഈവിധം ഓരോരോ കാര്യങ്ങളേയും അഗണ്യമാക്കി ആഹാരവിഹാരങ്ങളിൽ വ്യാപൃതരായതുകൊണ്ടു് പ്രമേഹാദി മഹാവ്യാധികൾക്ക് സ്വൈരമായി വിഹരിക്കുവാൻ സമയവും സൌകര്യവും ലഭ്യമാകുന്നു. അപ്രകാരമാണ് നമ്മുടെ ഈ കേരളത്തിൽ പ്രമേഹം മുതലായ മഹാവ്യാധികൾക്ക് ഇത്രയും പ്രചുരപ്രചാരം സിദ്ധിച്ചതു്.

മധുരം, പുളി, ലവണം, സ്നേഹദ്രവ്യങ്ങൾ, ഗുരുപദാർത്ഥങ്ങൾ, ശീതവീര്യങ്ങൾ, നവങ്ങളായ ധാന്യങ്ങൾ, മദ്യം, ആനൂപമാംസം, കരിമ്പ്, ശർക്കര, തയിര്, നെയ്യ് എന്നിവ അധികകാലം അമിതമായി ശീലിക്കുന്നതുകൊണ്ടും കഫം, ക്ലേദം, സ്വേദം, മേദസ്സ്, രസധാതു, മാംസം ഇവ ദുഷിച്ച് വസ്തിയിൽ ചെന്നു് പ്രമേഹത്തെ ഉണ്ടാക്കുന്നു. കഫവും ക്ലേദാദികളും ക്ഷയിച്ചുണ്ടാകുന്നതിനെ കഫമേഹമെന്നും പിത്തം രക്തത്തെ ബാധിച്ചു് ഉണ്ടാകുന്ന മേഹത്തെ പിത്തമേഹമെന്നും വാതംവസ, മജ്ജ മുതലായ ധാതുക്കളെ ദുഷിപ്പിച്ചു് ഉണ്ടാകുന്ന പ്രമേഹത്തെ വാതമേഹമെന്നും ആചാര്യന്മാർ വിവക്ഷിക്കുന്നു. രോഗകാരണങ്ങളെ സംബന്ധിച്ചിടത്തോളം ചരകനും സുശ്രുതനും തമ്മിൽ അഭിപ്രായവ്യത്യാസമില്ലെങ്കിലും നാമകരണത്തിൽ അല്പം ഭേദഗതി സുശ്രുതൻ വരുത്തിയിട്ടുണ്ടു്.

"ദിവാസ്വപ്നാവ്യായാമാലസ്യപ്രസക്തം
സ്നിഗ്ദ്ധമധുരമേദ്യദ്രവാന്ന പാനസേവിനം
പുരുഷം ജാനീയാൽ പ്രമേഹിഭവിഷ്യതീതി"

പകൽ വളരെ ഉറങ്ങുക, വ്യായാമം ഇല്ലാതിരിക്കുക, കർമ്മങ്ങളൊന്നും അനുഷ്ഠിക്കാതിരിക്കുക, അലസതയോടെ കഴിയുക. ശീതവീര്യമായും സ്നിഗ്ദ്ധമധുരരസപ്രധാനമായും മേദോവൃദ്ധിയെ ചെയ്യുന്നതായും ഉള്ള അന്നപാനങ്ങളെ ധാരാളം ശീലിക്കുകയും ചെയ്യുന്നതു്കൊണ്ടു് പ്രമേഹം ഉണ്ടാകുന്നു.

ഇവിടെ വാഗ്ഭടനാകട്ടെ—"മേദോ മൂത്രകഫാവഹം അന്നപാനക്രിയാജാതം യൽ ക്രിയാതൽപ്രവർത്തതെ". മേദോ മൂത്രവൃദ്ധികരങ്ങളായ അന്നപാനാദിക്രിയകളെകൊണ്ടു് പ്രമേഹം ഉണ്ടാകുന്നു എന്നു പറയുന്നു. എന്നാൽ ചരകന്റെ ലാലാമേഹത്തെ ഫേനമേഹമെന്നും ശനൈർമേഹത്തെ ലവണമേഹമെന്നും കാളമേഹത്തെ അമ്ലമേഹമെന്നും സുശ്രുതൻ വ്യവഹരിക്കുന്നു. അത്രയെ വ്യത്യാസമുള്ളൂ. കാര്യംകൊണ്ടു് എല്ലാം ഒന്നുതന്നെ. എല്ലാ ആചാര്യന്മാരും മേഹത്തിന്റെ ധർമ്മാദികളെ ലക്ഷ്യമാക്കി ഇരുപതായി വിഭജിച്ചിട്ടുണ്ടു്.

എന്നാൽ അലോപ്പതി വൈദ്യശാസ്ത്രത്തിൽ പ്രമേഹത്തിന്നു് ഇത്രയേറെ വകഭേദം കല്പിച്ചിട്ടില്ല.

ആയുൎവ്വേദാചാൎയ്യന്മാരാണ് പ്രമേഹരോഗത്തെ ഇരുപതായി വിഭജിച്ചിട്ടുള്ളതു്. അതുകൊണ്ടു് ആയുൎവ്വേദശാസ്ത്രത്തിൽ പറയപ്പെടുന്ന എല്ലാമേഹത്തിന്നും അലോപ്പതിയിൽ സ്ഥാനം ഇല്ല. പക്ഷെ താരതമ്യേന അവകളെ മററു വ്യാധികളായിട്ടാണ് വിവക്ഷിക്കുന്നതു്. ഓരോ കാരണവും കാൎയ്യവുമായി വേൎതിരിച്ചിരിക്കുന്നുവെന്നേയുള്ളു.

ഉദകമേഹം — (Hydruria)
ഇക്ഷുമേഹം — (Giycocuria)
സുരാമേഹം — (Aibuminuria)
പിഷ്ടമേഹം — (Chyiuria)
ശുക്ലമേഹം — (Spermaturia)
ലാലാമേഹം — (Mucinuria)
ശനൈൎമേഹം — (Chronic cystitis)
സികതാമേഹം — (Custinuria)
ശീതമേഹം — (Anazuturia)
സാന്ദ്രമേഹം — (Gelainuria)

ഇത്രയും കഫപ്രധാനങ്ങൾ.

മഞ്ജിഷ്ടമേഹം — (Hemoglobinuria)
നീലമേഹം — (Malanuria)
കാളമേഹം — (Carboturia)
ഹാരിദ്രമേഹം — (Choiuria)
ശോണിതമേഹം — (Hematuria)
ക്ഷാരമേഹം — (Aikalinuria)

ഇത്രയും പിത്ത പ്രധാനങ്ങൾ

വസാമേഹം — (Aqposuria)
മജ്ജമേഹം — (Phesphaluria)
ഹസ്തിമേഹം — (Incontinenee of urine)
മധുമേഹം — (Diabetes mellitus)

ഇത്രയും വാത പ്രധാനങ്ങൾ

കഫോൽബണമായ പ്രമേഹം സാദ്ധ്യവും, പിത്തോൽബണമായ പ്രമേഹം കൃച്ഛ്റസാദ്ധ്യവും വാതോൽബണമായ പ്രമേഹം അസാദ്ധ്യവുമാകുന്നു.

കഫഃ സപിത്തഃ പവനശ്ചദോഷാഃ
മേദോസ്രശുക്ലാം ബുവസാലസീകാഃ
മജ്ജാരസൌജഃ പിശിതശ്ചദൂഷ്യാഃ
പ്രമേഹിണാം വിംശതി രേവമേഹാ:

വെറുതെ ഇപ്രകാരം ഇരുപതായി വേർതിരിച്ചതല്ല. ഓരോന്നിന്നും പ്രത്യേകം പ്രത്യേകം കാരണമുണ്ടു്. അതാതിന്നു് അർഹിക്കുന്ന പദവി നൽകിയെന്നെയുള്ളു. ഏതായാലും കഫോൽബണമായ മേഹം ആരംഭത്തിലാണെങ്കിൽ സുഖപ്പെടുത്തുവാൻ കഴിയുമെന്നുള്ളതിൽ പക്ഷാന്തരമില്ല. പിത്തോൽബണവും വാതോൽബണവും കൃച്ഛ്റസാദ്ധ്യവുമാണ്. ഇത്രയും ഗുരുതരമായ ഒരു വ്യാധിയെ നമ്മുടെ ജീവിതക്രമത്തിൽ വരുത്തിച്ചേൎക്കുന്ന വ്യതിയാനംകൊണ്ടും അശ്രദ്ധകൊണ്ടും ക്ഷണിച്ചു് വരുത്തുന്നതു് ബുദ്ധിപൂൎവ്വമല്ല.

ഇരുപതുതരം പ്രമേഹങ്ങളിൽ അപ്രധാനങ്ങളായ ആറെണ്ണം മാത്രമെ സാദ്ധ്യമാകുന്നുള്ളുവെന്നു് വന്നാൽ മൂന്നിൽ രണ്ടുഭാഗവും ആപൽക്കരമാണെന്നു് ധരിക്കേണ്ടതാണ്. അതുകൊണ്ടു് ആയുൎവ്വേദത്തേയൊ അലോപ്പതിയേയോ ആശ്രയിച്ചു് ജീവച്ഛവങ്ങളായി കാലം കഴിക്കുവാൻ നോക്കാതെ താന്താങ്ങളുടെ ദിനചൎയ്യകളെ സശ്രദ്ധം നയിച്ചു് പ്രമേഹത്തിൽനിന്നു് വിമുക്തിനേടുവാൻ ശ്രദ്ധിക്കുക. അതാണ് അഭികാമ്യം.

---

S. N. V. സദ്യാലയം ശിവഗിരി
P. O. വൎക്കല.
ഏററവും പരിഷ്കൃതരീതിയിലുള്ള വിവാഹസദ്യകൾ ഓർഡർ അനുസരിച്ചു് കൃത്യസമയത്തു് നടത്തുന്ന ഏകസ്ഥാപനം.
പ്രൊ: K. ഗംഗാധരൻ.

ചെറുകഥ

# കത്തിയെരിഞ്ഞ ജീവിതം

## വിജയരാജ് ഇരിങ്ങാലക്കുട.

ഞാൻ ചരിഞ്ഞുകിടന്നു് ആ ജാലകത്തിന്റെ ഉള്ളിൽക്കൂടി മേലോട്ടുനോക്കി. അങ്ങ് അന്തരീക്ഷത്തിൽ ഒരു തെങ്ങോലയുടെ അഗ്രംമാത്രം മന്ദമായി ആടുന്നതുകാണാം. അതിനുമപ്പുറത്തു് മിന്നിതിളങ്ങുന്നതും അല്ലാത്തതുമായ നക്ഷത്രങ്ങളും. ചന്ദ്രബിംബം അങ്ങ് പടിഞ്ഞാറെ ചക്രവാളത്തിലേക്കിറങ്ങിയിറങ്ങിപോവുകയാണ്.

എന്തൊരു തണുത്തകാററ്. പുതപ്പറാരി കഴുത്തുവരെ മൂടി ഞാനൊന്നു നിവന്നുകിടന്നു. അപ്പോഴും ആ തെങ്ങോല അങ്ങിനെ ആടുന്നതുകാണാം.

ഹൊ! വിയക്കുന്നു. എന്തൊരു നീററമാണു് ഹൃദയത്തിനു്. വല്ലാത്ത ഒരു പുകച്ചിൽ. ഞാൻ പുതപ്പ് വലിച്ചുമാററി. ആ നീററത്തിനൊരാശ്വാസംകിട്ടിയെങ്കില്ലെ....!

"ർർ....ർ....ർ .. ഠെ" ഞാനെഴുന്നേററ് ജനലിൽക്കൂടി പുറത്തേക്കുനോക്കി. ഒരു തെങ്ങിൻപട്ടയുണ്ടു് മുററത്തു് വീണുകിടക്കുന്നു.

അടച്ചിട്ടിരുന്ന കിഴക്കുവശത്തെ ജനൽതുറന്നു് ഞാനകലത്തേക്കുനോക്കി. അവിടെ—ആ പുളിമരത്തിനു തെക്കുവശത്തു്—ഇപ്പോഴും തീ നീറിക്കൊണ്ടിരിക്കുന്നു.

രാധയെകുറിച്ച് ഇനിയും ബാക്കിയുള്ളതു് എരിഞ്ഞമരുന്ന ആ തീകുണ്ഡം മാത്രമാണ്. അല്പനേരം കൂടി കഴിഞ്ഞാൽ അതു മുഴവനും വെറും ഭസ്മമായി മാറും.

അല്ല. പിന്നേയും എല്ലുകൾ അവശേഷിക്കുകയില്ലേ? ആർത്തിരമ്പുന്ന അറമ്പിക്കടലിൽചെന്നേ അവയും ആശ്വസിക്കുകയുള്ളു.

അപ്പോൾ രാധ മരിച്ചുകഴിഞ്ഞു!! ചാമ്പലായിക്കഴിഞ്ഞു. നാളെ വേണമെങ്കിൽ അവളുടെ അസ്ഥികൾ കാണാം. തലയോടുകാണാം....ആ തലയോട്ടിൽ മുററിത്തഴച്ചുനിന്നിരുന്ന ചുരുണ്ട തലമുടിയേകുറിച്ചോർക്കുമ്പോൾ കരളിലൊരു നൊമ്പരം അനുഭവപ്പെടുന്നു. ആ തലയോട്ടിൽകാണുന്ന രണ്ടു കുഴികളിൽ ഉണ്ടായിരുന്ന നീലനേത്രങ്ങൾ പൊട്ടിത്തകന്നുപോയി. അതിലൂറിനിന്നിരുന്ന മാദകത്വം കരിഞ്ഞു ചാമ്പലായി കഴിഞ്ഞിരിക്കുന്നു!

ഇടുത്തു് ശോണിമപുരണ്ടുനിന്നിരുന്ന ആ കവിളിണകൾ ആ അസ്ഥികളിൽ കാണാൻ കഴിയുമോ?

ഇല്ല....അതൊന്നും ഇനി കാണാൻ കഴിയുകയില്ല. മനോജ്ഞമായ ആ ദന്തനിരകൾ ഇനിയും കാണാം.

പക്ഷെ............

അവയെ പൊതിഞ്ഞുനിന്നിരുന്ന ആ അധരങ്ങൾ; അവയെ ഇനി ഓർമ്മിക്കയെ തരമുള്ളു.

"കൂ... കൂ....കൂ...."

എവിടേയോ കിളികൾ പാടുകയാണ്, രാത്രിയുടെ ഈ അന്ത്യയാമങ്ങളിൽ.

ആ പാട്ടു് ഞങ്ങൾ കേൾക്കാറുള്ളതാണ്. പടന്നുനില്ക്കുന്ന ആ പുളിമരത്തിനുചുവട്ടിൽ ധാരാളം രാത്രികളിൽ ഞങ്ങളിരുന്നിട്ടുണ്ടു്. അന്നൊക്കെ എന്തൊരു സുഖമായിരുന്നു.

രാധയുടെ കൈകൾ കഴുത്തിൽ ചുററിപിടിക്കുമ്പോളുള്ള കോരിത്തരിപ്പ് ഇനി ഉണ്ടാവുകയില്ല. ആ സ്വർഗ്ഗീയസുഖം ഇനി ആസ്വദിക്കാൻ കഴികയില്ല

അങ്ങനെയുള്ള രാത്രികളിൽ പുലർകാലത്തുള്ള തണുപ്പ് തീരെ തോന്നാറില്ല. ഒടുവിൽ ആ കിളികളുടെ "ശബ്ദങ്ങൾ" കേൾക്കും. അതൊരു സൂചനയായിരുന്നു. അപ്പോഴാണ് ഞങ്ങൾ അവിടെനിന്ന് എഴുന്നേററു പോകുക.

ഇപ്പോഴും ആ കിളികൾ കൂവുന്നുണ്ട് "ക്കൂ....ക്കൂ"

പക്ഷെ അന്നത്തെ അത്രക്ക് ഹൃദയത്തിനെ അതിനു കോരിത്തരിപ്പിക്കുവാൻ കഴിയുന്നില്ലെന്നു മാത്രം. ഇന്നാ പാട്ടുകൾ കേൾക്കുമ്പോൾ എന്തോ ഒരു ഭയം തോന്നിക്കുന്നു. ആ പാട്ടിന് വ്യത്യാസമൊന്നുമുണ്ടായിട്ടല്ല........എന്തോങ്ങിനെ തോന്നുന്നുവെന്നുമാത്രം.

കാററല്ലം ഊക്കോടെ ജനലിൽ കൂടി എന്റെ ദേഹത്തുവന്നു തട്ടിയപ്പോൾ രോമാഞ്ചമുണ്ടായി. ആ ചിത പ്രകാശത്തോടുകൂടി എരിയുന്നു.

തല ചുററുന്നു. കണ്ണു പുളിക്കുന്നു. ഇതുവരെ ഉറങ്ങാൻ കഴിഞ്ഞില്ല. നേരം വെളുക്കാറായി. ഇനിയൊന്നുറങ്ങുകതന്നെ.

ജാലകമടച്ചപ്പോൾ കെട്ടടങ്ങുന്ന ചിതയിലേക്കൊന്നുകൂടെഞാൻനോക്കി. അതിടയ്ക്കിടക്ക് മിന്നുന്നുണ്ട്.

ചുവന്ന നക്ഷത്രങ്ങൾ പോലെ.

കിടയ്ക്ക തണുത്തിരിക്കുന്നു. പുതപ്പ് തലയും മുകളിൽ കൂടിയിട്ട് ഞാൻ കമഴ്ന്നു കിടന്നു. ആ വിചാരം ഒന്നു മാറിയെങ്കിൽ!

ഈ മകരമാസത്തിലെ മരംകോച്ചുന്ന തണുപ്പിലും ഞാൻ വിയക്കുന്നു. ഹൃദയത്തിനെന്തോ തകരാറുണ്ട്.

നാളെ "പൂയമാണ്." ഞങ്ങളുടെ അടുത്തുള്ള അമ്പലത്തിൽ നാളെയാണുത്സവം.
പൂയത്തിന്റെ തലേന്നാളുകളിൽ ഞാൻ ഉറങ്ങാറില്ല.

എന്നാൽ.........അന്നൊക്കെ ഇങ്ങനെ വിയക്കാറില്ല. സന്തോഷത്തിന്റെ അലയടികൾ ഹൃദയത്തിൽ കോളിളക്കം സൃഷ്ടിച്ചുകൊണ്ടിരിക്കും.
കഴിഞ്ഞകൊല്ലം പൂയത്തിന്റെ തലേദിവസം രാധയെത്ര ശകാരം കേട്ടു!

പതിവുപോലെ അവൾ പുറത്തേക്ക്—ആ പുളിമരത്തിന്റെ ചുവട്ടിലേക്ക്—വന്നു. അന്ന് രാധയ്ക്കെന്തൊരുത്സാഹമായിരുന്നു. പാലൊളി വിതറുന്ന ചന്ദ്രികയിൽ അവളുടെ ചുവന്ന പട്ടു ജമ്പറിന്നെന്തൊരു തിളക്കമായിരുന്നെന്നോ? അത് രാധയുടെ ഇളയച്ഛൻ സമ്മാനിച്ചതായിരുന്നു.

"ഇന്നു രാത്രിയിലേതന്നെ വേഷം മാറിയോ"?

ഞാൻ ചോദിച്ചു. ആദ്യമവളൊന്നും പറഞ്ഞില്ല. ഞാനാക്കൊല്ലം പുതിയതൊന്നും തുന്നുന്നില്ലെന്ന് രാധയോട് പറഞ്ഞിരുന്നു. അവൾ വിഷമിച്ചിരിക്കണം. "രാത്രി വേഷം മാറിയാലെന്താ; വല്ലവരേയും പേടിക്കണോ?"

ആ ശബ്ദത്തിനിത്തിരി ഗൌരവമുണ്ടായിരുന്നു.

"നാളയല്ലെ ഉത്സവം?"

അതിന്ന്...........?

"നാളയല്ലെ പുതിയ ജമ്പറും മററും ധരിക്കേണ്ടതു്?"

"മനസ്സില്ലെങ്കിലോ?

"ക്ഷമിക്കണം. ഉള്ളവക്കെപ്പോഴുമിടാമല്ലോ?"

അവളുടെ കണ്ണുകളിൽ നീർ നിറഞ്ഞു. അവളൊന്നും മിണ്ടാതെ ആ പുളിമരത്തോടു ചേർന്നിരുന്നു.

"ദേ........പിണങ്ങിയോ?"

"എന്താ മിണ്ടില്ലേ?"

ഞാൻ രണ്ടുവട്ടം ചോദിച്ചു. രാധ വിങ്ങിക്കരയുകയായിരുന്നു.

ഞാനാമുഖത്തേക്കുറ്റുനോക്കി. കവിളുകളി ൽക്കൂടി രണ്ടു നീർച്ചാലുകൾ ഒഴുകുന്നതു് നിലാവെ ളിച്ചത്തിൽ വെള്ളിരേഖപോലെ തെളിഞ്ഞുകാണാ മായിരുന്നു.

"ഇത്ര വേഗം പിണങ്ങിയാലൊ?"

"മതി....മതി. എത്ര തവണയിങ്ങനെ കരയി ച്ചലാണു് മതിയാവുക?"

"ഞാൻ കരയാൻവേണ്ടി പറഞ്ഞതാണോ?"

"അല്ല..........?"

അവൾ പരിഭവിച്ചിരിക്കയാണ്.

"പിന്നെ........നാളെ ഉത്സവമല്ലേ?"

"അല്ല" ആ കണ്ണുകൾ വികസിക്കുന്നുണ്ടു്.

"പിന്നെ?"

"എനിക്കുത്സവമിന്നാണ്"

"എന്നാൽ വരൂ........"

—"എവിടേക്കു?"

"ഉത്സവം കാണാൻ"

രാധ പൊട്ടിച്ചിരിച്ചു. ഞാനവളെ വാരിയെ ടുത്താ മാങ്കിമാവിൻചുവട്ടിൽ കൊണ്ടുവച്ചു. ആ പട്ടു ജമ്പറിൽ പിടിച്ചപ്പോൾ കൈ വഴുതിപോയിരുന്നു. എന്തൊരു മാർദ്ദവം.

എത്രനേരമാണങ്ങനെയിരുന്നതു്. പിറ്റേന്നാ ളിൽ കാണാനൊക്കുകയില്ല. പൂയമല്ലേ........ വീട്ടി ലാൾക്കാർ കൂടുതലുണ്ടായിരിക്കും. വിരുന്നുകാർ; ശേ ഷക്കാർ....അങ്ങനെ....അങ്ങനെ....

നേരം വളരെയേറെ കഴിഞ്ഞു.

"ഢേ.... ഢേ.... ഢേ...."

വാതിൽ തുറക്കുന്ന ശബ്ദം. രാധയെന്റെ നെ ഞ്ചിൽ ചാരി, തലമേലോട്ടുയർത്തി, കൈകൾ പിടി ച്ചു് തടവികൊണ്ടിരിക്കുകയായിരുന്നു.

അവൾ പിടഞ്ഞെഴുന്നേറ്റു. എനിക്കു ദേഹം വിറയ്ക്കുന്നപോലെ തോന്നി.

"ഇവിടെ....നിന്നോളു ഞാൻ....പതുക്കെ പോ കാം" രാധയെന്റെ ചെവിട്ടിൽ മന്ത്രിച്ചു

"അറിഞ്ഞാൽ...."

എനിക്കു് സംശയം തോന്നി

"ഇല്ല"

അവൾ ധൈര്യപ്പെട്ടു. അവസാനമായൊരു ചുംബനം. അതു് വളരെ നീണ്ടുനില്ക്കാവുന്നതെങ്കിലും; അന്നു് വളരെ ഹ്രസ്വമായിരുന്നു. പിറ്റെ ദിവസമാ ണു് ഞാനറിഞ്ഞതു് രാധ വളരെയേറെ ശകാരം കേട്ടന്നു്.

"ഠൊ.... ഠെ.... ഠെ" വെടിയുടെ ശബ്ദം. അ മ്പലത്തിലാണു്. നേരം വെളുക്കാൻ ഇനിയും അധി കനേരമില്ല.

ഉറക്കം വരുന്നില്ല. ഞാൻ എഴുന്നേററ് തീ പ്പെട്ടിയുരച്ചു വിളക്കു് കൊളുത്തി.

ഹൊ! ഒരാശ്വാസം തോന്നുന്നു. കട്ടപിടിച്ച ഇരുട്ടിൽ വികാരങ്ങൾക്കും, വിചാരങ്ങൾക്കും മൂച്ചു കൂടുതലാണു്.

ഒരു പുസ്തകം വായിക്കാം പെട്ടിപ്പുറത്തിരിക്കു ന്ന പുസ്തകക്കെട്ടു തിരഞ്ഞപ്പോൾ ഒരു പുസ്തകം ക ണ്ടു. നീലപട്ടുടുപ്പുള്ളൊരു പുസ്തകം. ഞാനതിന്റെ പുറംചട്ട മറിച്ചുനോക്കി.

ഉരുണ്ട ചില അക്ഷരങ്ങൾ നീലമഷികൊണ്ടാ വെളുത്ത കടലാസ്സിലെഴുതിയിരിക്കുന്നു.

"എന്റെ കരളിന്റെ കുളിരിന്!

സസ്നേഹം രാധ"

നല്ലവാചകം. അവളും ഒരു സാഹിത്യകാരി യായിരുന്നോ? അല്ലെങ്കിൽ നിറഞ്ഞുതുളുമ്പുന്ന യൌ വ്വനം ഹൃദയത്തിൽ വികാരങ്ങളുണർത്തിവിടുമ്പോൾ ആരാണു് സാഹിത്യകാരികളും, സാഹിത്യകാരന്മാരു മാകാത്തതു്?

"ആ പുസ്തകമെന്നാണവളെനിക്കുതന്നതു്?" ഞാ നാലോചിച്ചു. ആ പുസ്തകത്തിലൊരു നല്ല ഗാന മുണ്ടു്. സുമധുരമായൊരു പ്രേമഗാനം. വിരഹാ ർത്തരായ രണ്ടു കാമുകർ ഹൃദയംനൊന്തു് പാടുന്നതു്.

അതെത്ര മനോഹരമായന്നു് രാധ പാടി. അ ന്നവളുടെ വീട്ടിൽ അച്ഛനുമമ്മയുമുണ്ടായിരുന്നില്ല. ജേ

ഷൻ ജോലിസ്ഥലത്തല്ലേ. ബാക്കി, അനുജന്മാർ, അനുജത്തികൾ. അവർ സുഖമായുറങ്ങുകയായിരുന്നു.

രാധ പമ്മിപമ്മിവരുന്നത് നേരത്തെതന്നെ അവിടെ ചെന്നിരുന്ന ഞാൻ കണ്ടു.

"രാധേ"
"ഉംം"
"എന്താണ് കയ്യിൽ"
"ഒരുസാധനം"
"നോക്കട്ടെ"
"ഇപ്പവേണ്ട"

"ഓ....ഇത്ര വീര്യാണെങ്കിൽ എനിക്ക കാണേണ്ട" അവളൊന്നും മിണ്ടാതെ ഊറിയൂറിചിരിക്കുകയായിരുന്നു.

"നോക്ക്യേ....ഇതാരുടേതാ?" അവൾ ചോദിച്ചു.
"രാധയുടെ"
"അല്ല"
"രാജുവിന്റെ"
"അല്ല"
"തോററ....ഒന്നു പറഞ്ഞോൻ"
"രവിയുടെ"
"എന്റേതോ?"
"ഞാാ....എന്തേ?"
"ചേട്ടൻ അന്വേഷിച്ചാലൊ?"
"ചേട്ടനിതെനിക്ക തന്നതല്ലെ"
"കഥയാണോ?"
"ങും ഊ...."
"കവിതാ...."
"അല്ല....ഗാനം"
"എന്നിട്ടൊന്നും പഠിച്ചില്ലേ?"
"ഒരെണ്ണം"
"ഒന്നുപാടൂ"
"അമ്മകേട്ടാലോ?"
"അമ്മയും അച്ഛനും പോയില്ലേ?"

"ഓ.... അപ്പോഴെല്ലാ മറിഞ്ഞ് തക്കംനോക്കി വന്നിരിക്കുകയായിരുന്നല്ലേ?"

"ഉം.... പാടട്ടേ"
"...................... ................"

"........മായാത്ത താരകമെങ്ങോ?"
അവൾ പാടിയവസാനിപ്പിച്ചു.
ഞാനതിൽ ലയിച്ചിരിക്കയായിരുന്നു.
"രവി...."

അവളെന്റെ താടിയിൽ പിടിച്ചൊന്നു തിരിച്ചു.

"ഉം ഊ"
"നാളെ വരണ്ട"
"എന്തുപററി?"
"നാളെചേട്ടൻ വരും"
"എന്തിനാ"

"അച്ഛൻ വരാൻ പറഞ്ഞ് കത്തയിച്ചിട്ടുണ്ട്"

ഞാനൊന്നും മിണ്ടിയില്ല.

ഇരുണ്ടുകൂടിനില്ക്കുന്ന ഇല്ലിക്കാടുകൾക്കപ്പുറം ചന്ദ്രൻ നില്ക്കുന്നത് നോക്കിയിരിക്കുകയായിരുന്നു ഞാൻ.

"എന്താ മിണ്ടാത്തത്?"

"എന്താ മിണ്ടേണ്ടത്?"

"നാളെ വരില്ലെന്നു പറഞ്ഞതുകൊണ്ടാണോ? അവൾ തിരക്കി

"....................."
"ഉം പറയൂ?"
"രാധ എന്തിനതു ചോദിക്കുന്നു?"
"അപ്പോഴെന്നുമിങ്ങനെ വരാനൊക്കുമോ?"
അവളെന്തൊക്കെയോ മറച്ചുവെക്കുന്നപോലെ എനിക്കു തോന്നി.
"രാധക്കെന്നോടിഷ്ടമില്ലാഞ്ഞിട്ടാണോ?"
"അതെ"

എന്റെ കരൾ പിടഞ്ഞു. കളിയായിട്ടാണവളതു പറഞ്ഞതെങ്കിലും.

"എന്തൊരു കുഞ്ഞ്. കഷ്ടം! നാണമില്ലല്ലൊ ഇങ്ങനെ കരയാൻ"

അവളെന്നെ കെട്ടിപ്പുണർന്നു. മധുരമുള്ള ആ ചുംബനത്തിൽ ഞാൻ സകലതും മറന്നു. അപ്പോൾ

ഞാനും രാധയും മാത്രമേ ഈ ലോകത്തിലുണ്ടായിരുന്നുള്ളൂ.

അങ്ങനെ അന്നാദ്യം പേയതാണ്. പിന്നെ ഇന്നുവരെ രാത്രിയിലെ ആ കൂടിക്കാഴ്ച ഉണ്ടായിട്ടില്ല. വിചാരിച്ചതുതന്നെ സംഭവിച്ചു.

രാധയുടെ ചേട്ടൻ വന്നു വിവാഹകാര്യം തീർച്ചപ്പെടുത്തി.

രണ്ടുനാലു ദിവസത്തേക്കവളെ പുറത്തുകണ്ടില്ല.

ഒടുവിൽ എനിക്കൊരെഴുത്തുകിട്ടി. ആ പുളിമരത്തിന്റെ കവരിയിലുള്ളൊരു പൊത്തിൽനിന്നു്. അവിടെ ഞങ്ങൾ എഴുത്തുകൾ വെക്കാറുണ്ടായിരുന്നു.

ഞാനാ എഴുത്തു കൊണ്ടോടി. കത്തു നിവർത്തി.

ഹോ!

കഷ്ടം!!

രാധേ........നീയിത്ര ദുർബലയായിപ്പോയോ? അല്ലെങ്കിൽ രാധയ്ക്കതിൽ എന്തുചെയ്യാൻ കഴിയും? ഞാനൊരു പാവപ്പെട്ടവനല്ലേ? അവൾ പറഞ്ഞാൽതന്നെ അതു നടക്കുകയില്ല.

"രവി!

ഞാനിനി എഴുതുകയില്ല. എന്റെ പാട്ടുവാസാനിച്ചു. രവി. രവീ.......ഞാനിനി ആ പുളിമരത്തിന്റെ ചുവട്ടിൽ വരില്ല.

എന്റെ വിവാഹം തീർച്ചപ്പെടുത്തി. ഞാനെന്തുചെയ്യും?

എന്നെ മറന്നേക്കൂ. രവീ.... രവീ.... ഞാൻ വഞ്ചകിയാണോ? രവിയെന്തുവേണമെങ്കിലും വിചാരിച്ചോളൂ. എന്നാലും ഞാനിനി ആ മരച്ചുവട്ടിൽ വരില്ല രവി.

ഞാനെഴുതുന്നില്ല. എന്റെ കൈ വിറക്കുന്നു.

രവിയുടെ–അല്ല–ആരുടേയോ....രാധ"

ആ കത്തെനിക്ക് ശരിക്ക് വായിക്കാൻ കഴിഞ്ഞില്ല. അതിൽ കണ്ണുനീർ വീണ് മഷി പരന്നിരുന്നു.

രണ്ടുമൂന്നാഴ്ചകൾക്കുശേഷം രാധയുടെ വിവാഹം നടന്നു. ഞങ്ങളെ വിവാഹത്തിന്ന് ക്ഷണിച്ചിരുന്നു. അമ്മ നിർബന്ധിച്ചു. ഞാൻ പോയില്ല.

രാധയുടെ മധുവിധുകാലമായിരുന്നു. അവൾ സുഖിക്കുകയായിരിക്കാം. ഞാനാശിച്ചു, അവളാപ്പുളിമരച്ചുവട്ടിൽ വരുമെന്ന്; ആ നിലാവുള്ള രാത്രികളിൽ അവളുടെ ഭർത്താവുമൊരുമിച്ച്.

പല രാത്രികളിൽ ആ വേലിക്കു പുറകിൽ ഞാനൊളിച്ചിരുന്നു; രാധയെ ഒന്നു കാണുവാൻ.

അവൾ വന്നില്ല!

പകൽ ഞാനവളെത്തന്നെ നോക്കിയിരുന്നു. കണ്ണു കഴച്ചു.

അവളെ കണ്ടില്ല!

കരൾ പുകയുന്നു. രാധയെ ഒന്നുകാണാൻ കണ്ണു കൊതിക്കുന്നു.

എവളെന്തുചെയ്യുകയായിരിക്കും? ആവോ!

രാധ ഭർത്താവിന്റെ വീട്ടിൽ പൊയെന്നു കേട്ടു. പക്ഷെ രണ്ടുമൂന്നുദിവസങ്ങളിൽ ഇങ്ങോട്ടുതന്നെ കൊണ്ടുവന്നു. സുഖക്കേടാണ്.

ഞാൻ കൊതിച്ചു, രാധയെ ഒരു നോക്കു കാണുവാൻ. വേണ്ട....ഞാൻ രാധയെ കാണണ്ട.

അല്ലെങ്കിലെനിക്കവളെ കണ്ടാലെന്താ....ഞാനവളുടെ ആരുമല്ലല്ലൊ. വെറുതെ ഒന്നു കാണുന്നതിലൊരാപത്തും വരാനില്ല.

ദിവസങ്ങൾ കഴിയുകയായിരുന്നു.

രാധക്ക് സുഖക്കേട് കൂടുതലാണ്.

ഞാനങ്ങോട്ടു പോകാനുറച്ചു. ആ അകത്തേക്കു കടന്നുചെന്നപ്പോൾ അവിടമാകെ ഒരു മൂകത പരന്നിരിക്കുന്നു. ഭയമാകുന്നുണ്ടോ?

ഒരു കട്ടിലിൽ അവളവൾ ചരിഞ്ഞുകിടക്കുകയാണ്.

രാധയുടെ അമ്മ അരികെതന്നെ ഇരിക്കുന്നു.

"രാധേ.... ദേ.... രവി വന്നിരിക്കുന്നു"

രാധയൊന്നുനിവൎന്നുകിടന്നു. എത്ര വലിയ മാററമാണവരംക്ക സംഭവിച്ചിരിക്കുന്നതു്.

അതു് രാധയായിരുന്നില്ല.

ആകണ്ണുകരം നിറഞ്ഞു അവളുടെ ചുണ്ടുകരം വിറക്കുന്നതു് എനിക്ക് വ്യക്തമായികാണാൻ കഴിഞ്ഞു.

ഉണങ്ങിയ അധരങ്ങളെ പല്ലുകൊണ്ടവരം കടിച്ചമൎത്തി. രാധ നീറിപ്പുകയുകയാണു്.

ശുഷ്കിച്ച ആ കൈകരം മെലിഞ്ഞ മുഖത്തെ മൂടിക്കളഞ്ഞു.

രാധ തേങ്ങുന്നുണ്ടോ............ഞാൻ പൊട്ടികരഞ്ഞു........എനിക്കടക്കാൻ കഴിഞ്ഞില്ല.

"രാ........ധേ...."

എൻെറ തൊണ്ട വിറച്ചപോലെ തോന്നി. ആ കണ്ണുകരം വികസിച്ചു കഴിഞ്ഞുപോയകാലത്തിലെ മധുരമുള്ള രംഗങ്ങരം അവ കാണുന്ന ഒരു പ്രതീതി ആ കണ്ണുകളിൽ ഓളം വെട്ടി.

രണ്ടു സ്ഫടികഗോളങ്ങരം ആ തലയിണയുടെ വെളുത്ത തുണിയിൽ വീണു.

"ഞാൻ....... പോകട്ടെ........"

"ര.... വീ ീ ീ........

എനിക്ക സഹിച്ചില്ല ഞാനവിടുന്നോടി.

പിന്നെ രാധക്കൊരു കുറവുമുണ്ടായില്ല. അങ്ങനെ ഇന്നലെ അതു സംഭവിച്ചു. രാധ മരിച്ചു.!!

കോഴി കൂവി. ഞാൻ എൻെറ കയ്യിലിരിക്കുന്ന പുസ്തകത്തിൻെറ താളിലേക്ക നോക്കി.

* * * * * *

"എൻെറ കരളിൻെറ കുളിരിന്നു്.

രാധ"

രാധ! അവരം കത്തിയെരിഞ്ഞുപോയി.


നിങ്ങളുടെ കല്യാണങ്ങരംക്കു് മററു ദിനസരി ഉപയോഗങ്ങരംക്കും ആവശ്യമായിട്ടുള്ള പട്ടുപുടവകരം, പട്ടുസാരികരം, നൂൽപുടവകരം, നൂൽസാരികരം, മുതലായവ ധാരാളം വിററുവരുന്നു.

വില വളരെ സഹായം! ഇന്നുതന്നെ സന്ദൎശിക്കുവിൻ!!

വി. സൂൎയ്യനാരായണയ്യർ സൺ

(Prop: S. VENKATESWARAN)

കൊറനാട്ടു് പട്ടുജൌളി വ്യാപാരം,

മാരാർറോഡു്, — തൃശ്ശിവപേരൂർ.

N. B. അസ്സൽ വെള്ളിപാത്രങ്ങളും സഹായവിലക്കു് കിട്ടുന്നതാണു്.

## തൃശ്ശൂർ പൂരം.

(2-ാം പേജിൽനിന്നു തുടൎച്ച)

മഹിക്കുന്നവയാണ്. ഇതിൽ ഓരോന്നിനും ഓരോ ഐതിഹ്യമുണ്ടെങ്കിലും എല്ലാററിൻേറയും ഭാവന ഒന്നുതന്നെ ആയി കാണുന്നു. തൃശ്ശൂർ പൂരത്തിൻെറ ആഗമത്തെപ്പററി ഇനിയും തീൎച്ചയായിട്ടില്ല. വടക്കുംനാഥൻ ക്ഷേത്രത്തിലെ ഗ്രന്ഥവരികളിൽ ഈ ആഗമത്തെ സംബന്ധിക്കുന്ന കുറിപ്പുകൾ ഉണ്ടായിരുന്നു എന്നും അവയെല്ലാം വളരെകാലം മുൻപുതന്നെ നശിച്ചുപോയതായും കേട്ടിട്ടുണ്ട്. വേറെ ചില ഐതിഹ്യങ്ങൾ ഉള്ളതു്; തൃശ്ശൂർ പൂരത്തിൽ ഇന്നു വന്നുചേരുന്ന എല്ലാ ദേവൻമാരും ഒരുകാലത്ത് ആറാട്ടുപുഴ പൂരത്തിൽ പങ്കാളികളായിരുന്നു എന്നും ഒരു തവണ മഴമൂലം പൂരത്തിനുപോവാൻ കഴിയാതെ മടങ്ങിപ്പോരുവാനിടവരികയും അടുത്തകാലത്തെ ആറാട്ടുപുഴ ഉത്സവത്തിൽ പങ്കുകൊള്ളുവാൻ സമ്മതിക്കായ്കയാൽ ഇനി മേടത്തിൽ പൂരം നാളുക്ക് തൃശ്ശൂർതന്നെവച്ച് പൂരം നടത്തിയാൽ മതി എന്നു് തീൎച്ചപ്പെടുത്തുകയും ചെയ്തതിൻെറ ഫലമായി "തൃശ്ശൂർപൂരം" കാലംതോറും തൃശ്ശൂരിൽവച്ചുതന്നെ നടത്തുവാൻ തുടങ്ങി.

മറെറാരൈതിഹ്യത്തിൽ കൊല്ലവൎഷം 10-ാം നൂററാണ്ടിൽ നാടുവാണിരുന്ന കൊച്ചി മഹാരാജാവു "ശക്തൻതമ്പുരാൻ" തിരുമനസ്സുകൊണ്ടു ഇന്നത്തെ രൂപത്തിൽ പൂരം നടത്തുവാൻ കല്പിച്ചു വ്യവസ്ഥ ചെയ്തുവെന്നും ഈ തീരുമാനത്തിന്നു തിരുമനസ്സിലെ സഹധൎമ്മിണിയായ തൃശ്ശൂർ കരിമ്പററെ ചിന്നമ്മ നേത്യാരമ്മയുടെ പ്രേരണാശക്തിയും കൂടിയുണ്ടായിരുന്നു എന്നും പറയപ്പെടുന്നു.

ഇനി പൂരപടങ്ങളെപ്പററി അല്പം നമുക്ക് ചിന്തിക്കാം. വടക്കുംനാഥൻ ക്ഷേത്രമാണ് എല്ലാ പൂരങ്ങളുടേയും സങ്കേതസ്ഥാനം. ആകെ ഒമ്പതു് പൂരങ്ങൾ ഇവിടെ നടത്തിവരുന്നു. പൂരംദിവസം അതിരാവിലെ കണിമംഗലത്ത് ശാസ്താവിൻെറ പൂരമാണു ആദ്യമായി എഴുന്നള്ളിച്ചുവരുന്നതു്. പിന്നീട് ചെമ്പൂക്കാവ്, കാരമുക്ക്, ലാലൂര്, ചൂരക്കാട്ടുകര, അയ്യന്തോള്, നൈതിലക്കാവ് എന്നിവയും വന്നു യഥാക്രമം പൂരം കഴിച്ചുപോകുന്നു.

ചെറുപൂരങ്ങൾ ഇങ്ങിനെ ഏഴു് ഉണ്ടെങ്കിലും ഇവയെല്ലാം വളരെ ചിട്ടയിലും ഒതുക്കത്തിലും മാണ് ചടങ്ങുകൾ നിൎവ്വഹിക്കാറുള്ളത്. ഓരോ പൂരവും ഇന്ന സ്ഥലത്ത്കൂടി വരികയെന്നും ഇത്രസമയം മേളം നടത്തുക എന്നും ഇന്നവിധത്തിലുള്ള മേളമായിരിക്കണമെന്നും ഇത്ര ഇത്ര ആനകളെ എഴുന്നള്ളിക്കാവു എന്നും മററുമുള്ള വ്യവസ്ഥകൾ വളരെ കണിശമാണ്. ആയതുകൊണ്ടു് കടുത്ത മത്സരമുണ്ടെങ്കിലും ആരുംതമ്മിൽ ഒരുവക ഏടാകൂടത്തിന്നും വഴി വരാറില്ല തിരുവമ്പാടിക്കും പാറമേക്കാവിന്നും പതിനഞ്ചാനവീതവും മററു ചെറുപൂരങ്ങൾക്ക് 5 മുതൽ 14വരെ ആനകളുമെന്നാണ് വ്യവസ്ഥ. ഇതുപോലെതന്നെ ഓരോരുത്തരുടെ മേളത്തിന്നും ഇത്ര മണിക്കൂർ സമയം എന്നും കണക്കു വച്ചിട്ടുണ്ട്.

ഇങ്ങിനെ പൂരങ്ങൾ ആകെ ഒമ്പതു് ഉണ്ടെങ്കിലും തൃശ്ശൂർ പൂരത്തിൻെറ പ്രശസ്തിക്ക് പൂൎണ്ണ ഉത്തരവാദികൾ തിരുവമ്പാടിയും പാറമേക്കാവുമാണ്. തിരുവമ്പാടിയുടെ മഠത്തിലെ വരവും പാറമേക്കാവിൻെറ ഇലഞ്ഞിച്ചുവട്ടിലെ പാണ്ടിയുമാണ് തൃശ്ശൂർ പൂരത്തെ കടഞ്ഞെടുത്താൽ കിട്ടുന്ന അമൃതം. തിരുവമ്പാടി അമ്പലത്തിൽനിന്നും കാലത്ത് 7 മണിക്ക് മൂന്നാനയായി എഴുന്നെള്ളത്ത് വടക്കെമഠത്തിലേക്ക് പുറപ്പെടുന്നു. അവിടെ നിന്ന് ഉച്ചക്ക് നല്ല പഞ്ചവാദ്യത്തോടെ പഴയ നടക്കാവിൽകൂടി മടങ്ങി നായ്ക്കനാലുക്കൽ എത്തുന്നു. ഈ എഴുന്നെള്ളത്തിനാണ് "മഠത്തിൽ വരവ്" എന്നു പറയുന്നതു. പഞ്ചവാദ്യത്തിൻെറ ശരിയായ രൂപം ഇവിടെയാണ പ്രസ്പഷ്ടമാകുന്നതു്. വിശ്രുതവിശ്രുതരായ മദ്ദളവിദഗ്ദ്ധന്മാരും തിമില വിദഗ്ദ്ധന്മാരും തങ്ങളുടെ എല്ലാവിധ കഴിവുകളും എടുത്തുപ്രയോഗിപ്പാനുള്ള ഒരേ ഒരു അവസരം മഠത്തിൽ വരവാണെന്നുള്ളതു് ഇവിടത്തെ മേളത്തിൽനിന്നു അറിയുവാൻ കഴിയുന്നു. ഇപ്രകാരംതന്നെയാണ് പാറമേക്കാവിൻെറ രാത്രി പഞ്ചവാദ്യവും.

പഞ്ചവാദ്യം നായ്ക്കനാലുക്കൽ അവസാനിച്ചാൽ നേരെ തെക്കോട്ടുതിരിഞ്ഞു പിന്നീട് 15 ആനയോടെ എഴുന്നെള്ളത്ത് ശ്രീമൂലസ്ഥാനം ലക്ഷ്യമാക്കിക്കയറുന്നു. ഈ അവസരത്തിലെ മേളം പാണ്ടി

യാണ്. പഞ്ചവാദ്യംപോലെ ശ്രുഷ്ഠാന്തിയിൽതന്നെയാണ് ഈ മേളവും നടത്തുന്നത്. ഇത്തരം കനത്ത പാണ്ടി പൂരം പിറേറന്നും ആവർത്തിക്കുന്നു.

മഠത്തിലെ വരവിൻെറ സമയത്ത് തന്നെയാണ് പാറമേക്കാവിൻെറ പുറപ്പാടും. പതിനഞ്ചാനയോടുകൂടി എഴുന്നള്ളത്ത് പുറപ്പെട്ടാൽ ഉടൻ ഒരു കൂട്ടവെടി കേൾക്കാം. പിന്നീട് പാണ്ടിമേളമാരംഭിക്കുന്നു. ശേഷം എഴുന്നെള്ളത്ത് വടക്കുംനാഥൻ ക്ഷേത്രത്തിൻെറ കിഴക്കെ ഗോപുരത്തിലൂടെ അകത്ത് കടക്കുന്നു. പടിഞ്ഞാറെ ഗോപുരംകടന്ന് എലിഞ്ഞി ചുവട്ടിലെത്തിയാൽ അവിടെവെച്ച "കേളികേട്ട എലിഞ്ഞി ചുവട്ടിലെ പാണ്ടിമേളം" തകൎക്കലായി. മേളാനന്തരം രണ്ടുകൂട്ടരും പടിഞ്ഞാറെ ഗോപുരത്തിൽകൂടി അകത്തുപ്രവേശിച്ച് തെക്കെഗോപുരദ്വാരത്തൂടെ തെക്കോട്ടിറങ്ങി പരസ്പരാഭിമുഖമായി നില്ക്കുന്നു. ഇതു എതാണ്ട് 5½ മണിക്കാണ്. "കുടമാററം" എന്ന ഒരു പ്രത്യേകചടങ്ങ് ഇവിടെ നടക്കുന്നു. വിവിധവൎണ്ണത്തിലുള്ള പട്ടുകുടകൾ ഓരോരുത്തരും തങ്ങളുടെ കഴിവനുസരിച്ച മാറിമാറി പിടിക്കുന്നു. ഇതു കാണേണ്ട ഒരു കാഴ്ചതന്നെയാണ്. പൊന്നിൻ തലേക്കെട്ടും കോലവുംധരിച്ച് പട്ടുകുടകളുംചാർത്തി നില്ക്കുന്ന എഴുന്നെള്ളത്തിൽ അസ്തമനസൂൎയ്യൻെറ പൊൻകതിരുകൾതട്ടി പ്രകാശിച്ച പ്രകാശമാനമാക്കിതീൎക്കുന്ന കാഴ്ചകണ്ടാസ്വദിക്കാൻ തിങ്ങിക്കൂടി തേക്കിൻകാട്ടിൽ അണിനിരന്നു നില്ക്കുന്ന മനുഷ്യസമുദ്രത്തെ കാണേണ്ടതുതന്നെയാണ്. കുടമാററം കഴിഞ്ഞാൽ പൂരം മടക്കി എഴുന്നെള്ളിക്കുന്നു.

രാത്രിയിൽ ഏതാണ്ട് ഈ ചടങ്ങുതന്നെയാണെങ്കിലും അല്പം വ്യത്യാസമുണ്ട്. രണ്ടു കൂട്ടൎക്കും മേളം പഞ്ചവാദ്യംതന്നെ. തിരുവമ്പാടി എഴുന്നള്ളത്ത് പഴയ നടക്കാവിലൂടെ പടിഞ്ഞാറെ പ്രദക്ഷിണവഴിയിലെത്തി അവിടെനിന്ന് വടക്കോട്ട്തിരിഞ്ഞു നായ്ക്കനാലുക്കൽ ചെന്നവസാനിക്കുന്നു. പാറമേക്കാവ് എഴുന്നള്ളത്ത് അമ്പലത്തിൽനിന്നും പുറപ്പെട്ട തെക്കെ പ്രദിക്ഷണവഴിയിൽകൂടി പടിഞ്ഞാട്ട് വന്നു മണികണ്ഠൻ ആൽത്തറക്കൽ എത്തി അവസാനിക്കുന്നു. ഈ എഴുന്നള്ളത്തിലാണ് പാറമേക്കാവിൻെറ പൊടിതകൎക്കുന്ന പഞ്ചവാദ്യം. ഇരുകൂട്ടരുടേയും മേളം അവസാനിക്കുമ്പോൾ സമയം ഉദ്ദേശം 2½ മണിയാകുന്നു. പിന്നീടു പുലരുന്നതുവരെ കരിമരുന്നുപ്രയോഗമാണ്. കരിമരുന്നു ശാസ്ത്രത്തിലെ എല്ലാവിധ അത്ഭുതപ്രയോഗങ്ങളും ഇവിടെ കാണാം. ഇവയെല്ലാം എഴുതിതീൎക്കുവാൻ വിഷമംതന്നെ. തൃശ്ശൂർപൂരത്തിലെ വെടിക്കെട്ട് കാണാത്തവരോടു സഹതപിക്കയല്ലാതെ നിൎവ്വാഹമില്ല.

നേരം പുലൎന്നാൽ വെടിക്കെട്ടവസാനിപ്പിക്കുന്നു. എഴുന്നള്ളത്തിന്നുള്ള സമയമായി. ഉച്ചവരെ പാണ്ടിമേളം തകൎത്തുകൊണ്ടു ഇരുകൂട്ടരും വടക്കുനാഥക്ഷേത്രത്തിൽ പ്രവേശിച്ച പൂരസംബന്ധമായ മററു ചടങ്ങുകളോടെ പൂരം അവസാനിപ്പിക്കുന്നു. ഇങ്ങിനെ സാൎവ്വതോന്മുഖമായ ഒരു വിശിഷ്ട കലാകേന്ദ്രമാണ് തൃശ്ശൂർപൂരം.

ഇതിന്നുപുറമെ പൂരംപ്രമാണിച്ച് തൃശ്ശൂർ ടൌണിൽ ഒരു പ്രദൎശനംതന്നെ കുറച്ചുകാലമായി നടത്തിവരുന്നുണ്ട്. "കാൎഷികവ്യാവസായികവിദ്യാഭ്യാസപ്രദൎശനം" എന്നാണ് ഇതിന്നു പറയുന്നത്. കലാപരമായ പലതും ഈ പ്രദൎശനത്തിൽ കാണാം. കൃഷിസംബന്ധമായുള്ള പല മാതൃകകളും ജനങ്ങൾക്ക് പഠിക്കുവാൻ ഇതിൽനിന്നും സാധിക്കുന്നു. അനവധിതരം കൃഷിസാമഗ്രികളും അനവധിതരം വിത്തുകളും അവയെ കൃഷിചെയ്യേണ്ടും മാതൃകകളും ഇതിൽ ഏൎപ്പെടുത്തിയിരിക്കുന്നു. ഗവൎമ്മേണ്ടിൽനിന്നും ഏൎപ്പാടു ചെയ്തുവരുന്ന ഓരോതരം പദ്ധതികളുടെ മാതൃകളും ഇവിടെ സാമാന്യം പ്രദൎശിപ്പിക്കുന്നതാണ്.

വിലപിടിച്ച അനവധിതരം പട്ടുവസ്ത്രങ്ങളും വിവിധ ഭൂഷണങ്ങളും നമ്മൾക്കിവിടെകാണാം. സുകുമാരകലാവിശേഷങ്ങൾ വളരെ അത്ഭുതകരമാംവിധം ഇവിടെ പ്രദൎശിപ്പിച്ചുവരുന്നു. കൊത്തുവേലകൾ, ചിത്രങ്ങൾ, വാസനദ്രവ്യങ്ങൾ, സംഗീതസാമഗ്രികൾ, സാഹിത്യപുസ്തകസ്റ്റാളുകൾ എന്നുവേണ്ട കലാപരമായ നിരവധികാഴ്ചകൾ കണ്ടാനന്ദിക്കുവാൻ കഴിവുള്ള ഒരു പ്രദൎശനമാണ് ഇവിടെ നടത്തിവരുന്നത്. ആകപ്പാടെനോക്കുമ്പോൾ പ്രദൎശനവും ഒരു കലാകേന്ദ്രംതന്നെ.

# കലാവേദിയിലേക്ക്

## ഒരു 'കൊച്ചുതാരം' കൂടി

(സി. കെ. ജി., നാട്ടിക.)

കേരളത്തിന്റെ ഏതൊരു ഓണം കേറാമൂലയിലും നാമൊന്ന് എത്തിനോക്കുമ്പോഴും അവിടെയെല്ലാം ഉയർന്നുവരുന്ന കലാവേദികളും വളർന്നുവരുന്ന കലാകാരന്മാരേയുമാണ് നമുക്കിന്നു കാണാൻ കഴിയുന്നതു. കലാസാംസ്കാരികരംഗത്ത് അടുത്തകാലത്തുണ്ടായിട്ടുള്ള വളർച്ചയും, അഭൂതപൂർവ്വമായ ഉണർവ്വും ഉത്സാഹത്തിന്റെ തിരതല്ലലുകളും, കേരളത്തിന്റെ നവോത്ഥാനത്തിനുവേണ്ടിയുള്ള ജനതയുടെ അടക്കാൻ കഴിയാത്ത ആഗ്രഹങ്ങളുടെ പ്രകടമായ പ്രഖ്യാപനങ്ങളാണ്. ഒരു പുതിയ സാമൂഹിക ക്രമത്തിനും സാമ്പത്തിക നീതിയ്ക്കും വേണ്ടിയുള്ള ജനതയുടെ മുന്നോട്ടുള്ള ജൈത്രയാത്രയിൽ ആശയും ആവേശവുമേറവുന്നതിന്നു മറെറന്തിനേക്കാളും പ്രേരകമായ ഒരു ശക്തി കലയ്ക്കുണ്ടെന്നു ആയിരക്കണക്കിന്നു ആവേശപൂർവ്വം അണിനിരക്കുന്ന കലാസ്വാദകരുടെ സദസ്സുകൾ വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്.

നാടകാഭിനയങ്ങളും കലാസമ്മേളനങ്ങളുമുണ്ടാകാത്ത ഒരു നാട്ടിൻപുറമെങ്കിലും കേരളത്തിൽ അവശേഷിപ്പുണ്ടോ എന്നു സംശയമാണ്. കേരളത്തിന്റെ മഹത്തായ സംസ്കാരത്തിന്റെ വെന്നിക്കൊടിയുയർത്താനവകാശപ്പെട്ട 'നാളെ'യുടെ വിധാതാക്കളായ കൊച്ചുകലാകാരന്മാരുടെ അരങ്ങേററം നമുക്ക് അഭിമാനിക്കാവുന്ന ഒരു നേട്ടം തന്നെയാണ്. കലാവേദിയിൽ അനുദിനം വളർന്നുവരുന്ന വാസനാസമ്പന്നരായ അനുഗൃഹീത കലാകാരന്മാരെ നിറഞ്ഞ സദസ്സിൽവെച്ചു നമുക്ക് കൺകുളുർക്കെ കണ്ടു സംതൃപ്തരാകാൻ കഴിയുമെങ്കിലും അവരുടെ വാസനയ്ക്കനുസരിച്ച പ്രോത്സാഹനങ്ങൾ നല്കി, അവരിൽ ഒളിഞ്ഞുകിടക്കുന്ന കലാസമ്പത്തുകളെ രംഗത്തേയ്ക്കു കൊണ്ടുവരാൻ അധികമാരും പണിപ്പെടാറില്ലെന്നുള്ളതാണ് യഥാർത്ഥ്യം. സംഗീതം, നൃത്തം, അഭിനയം, എന്നീ കലാശാഖകളിൽ, പുതിയ തലമുറകളെ ശാസ്ത്രീയമായി പരിശീലിപ്പിച്ചു കലാവേദിയുടെ അത്യുന്നതമായ നിലവാരത്തിലേയ്ക്കു ഉയർത്തുന്നതിനും, കലാവിഭാഗങ്ങളിൽ നൂതനമായ ആശയങ്ങളും അഭിനിവേശങ്ങളും ആവിഷ്കരിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ നടത്തുകയാണെങ്കിൽ, നൈസർഗ്ഗികമായ വാസനാവിശേഷങ്ങളോടെ വളർന്നു കാററും വെളിച്ചവും മുറയ്ക്കു ലഭിക്കാതെ കുമ്പിൽതന്നെ കരിഞ്ഞുപോകാൻ നിർബ്ബന്ധിതരായിത്തീരുന്ന കലാമുകുളങ്ങളെ മണവും നിറവുമേററി ഉയർത്തിയെടുക്കാൻ കഴിയുമെന്നതു നിശ്ചയമാണ്. കഴിവുകെട്ടകളുടെ കിടാവിളക്കുകളെ ആരാധിച്ചുപോരേണ്ടതായിവരുന്ന കൊച്ചു കലാകാരന്മാരെ ശാസ്ത്രീയമായി അഭ്യസിപ്പിക്കുകയാണെങ്കിൽ കലയുടെ തറവാട്ടധികാരികളെപ്പോലും തരംതാഴ്ത്താൻ കഴിവും കരുത്തുമുള്ള തലമുറകളെ സൃഷ്ടിക്കുവാൻ സാധിക്കുമെന്നു് നിസ്സം

---

തൃശ്ശൂർപൂരം കോടിക്കണക്കിന്നു പൊതുജനങ്ങളെ തൃശ്ശൂർ നഗരത്തിലേക്കാകർഷിക്കുന്നു. അതിനാൽ വ്യവസായവും വർദ്ധിക്കുന്നു. തുണിപീടികകളിലും ആഭരണവ്യാപാരസ്ഥലങ്ങളിലും പലചരക്കുകടകളിലുമെന്നുവേണ്ട പച്ചക്കറിപീടികകളിലും ബാങ്കുകളിലും മററു എല്ലാ വ്യവസായശാലകളിലും നടക്കുന്ന വ്യാപാരങ്ങൾക്ക് കയ്യും കണക്കുമില്ല. തൽഫലമായി ഓരോ വാണിജ്യാധിപന്മാരിൽനിന്നും ജാതിമതഭേദമെന്യെ തൃശ്ശൂർപൂരത്തിന്നു നൽകുന്ന ഉദാരമായ സംഭാവനകളും നിർലോഭമായ സഹകരണവും ഈയവസരത്തിൽ മറക്കത്തക്കതല്ല. അവരുടേതുംകൂടിയാണ് ഈ ആഘോഷമെന്നു പ്രത്യേകം അറിയിക്കേണ്ടിയിരിക്കുന്നു. ഏതുപ്രകാരത്തിലായാലും തൃശ്ശൂർപൂരം തൃശ്ശൂർ നഗരത്തെ മുഴുവനും നാനാപ്രകാരേണ മറുനാട്ടുകാരെക്കൊണ്ടു കനകാഭിഷേകം ചെയ്യിക്കുവാൻ ഉപയുക്തമാക്കിത്തീർക്കുന്ന ഒരു കലാകേന്ദ്രമാണ്.

........*........

ശയം പറയാവുന്നതാണ്. ഇയ്യിടെ നാട്ടികയിൽ വെച്ചു നടത്തപ്പെട്ട ഒരു കലാസാംസ്കാരികസമ്മേളനത്തിൽ സംബന്ധിച്ച എനിക്ക്; വളരാൻ വെമ്പൽ കൊള്ളുന്ന ഒരു കൊച്ചു കലാകാരനെ കണ്ടെത്താൻ കഴിഞ്ഞു. സമ്മേളനത്തിൽ നടത്തപ്പെട്ട വിവിധ കലാപരിപാടികളിൽവെച്ച് ഏററവും മികവും തികവും നിറഞ്ഞ ഒരു കഥാപ്രസംഗംനടത്തി പ്രേക്ഷകരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് വിധേയനാകമാറ് ശ്രീ: ടി. ആർ. മാധവൻ വിജയിക്കുകതന്നെ ചെയ്തു. കലാവേദിയിലേക്ക് അതിദ്ദൂരം പറന്നുയരാനുള്ള ഒരു പൂമ്പാററയിലിൻെറ ചിറകടികളായിരുന്നു അതെന്നു എനിക്കുതോന്നി.

തൃപ്രയാർ ഹയർ എലിമെൻററി സ്കൂളിൽ 6-ാം ക്ലാസ്സിൽ പഠിക്കുന്ന 12 വയസ്സുമാത്രം പ്രായമുള്ള ഒരു കൊച്ചുകുട്ടിയാണ് മാസ്റ്റർ മാധവൻ. പ്രഗത്ഭരും പ്രശസ്തരുമായ പല കഥാപ്രസംഗ വീരരും വന്ന്, കഥാപ്രസംഗം നടത്തിയിട്ടുള്ള നാട്ടികയിൽ, തിങ്ങിക്കൂടിയിരുന്ന സദസ്സിൻെറ മുമ്പിലേയ്ക്ക് ഒരു ചപ്ലാംകട്ടയുമായി മാധവൻ വന്നുനിന്നപ്പോൾ കലയെ കൊലചെയ്യാനുള്ള ഒരു സാഹസികതയ്ക്കുള്ള സംരംഭമായിരിക്കുമെന്നു പലരും സംശയിച്ചേയ്ക്കാനിടയുണ്ടായിരുന്നു. കേരളത്തിൻെറ പ്രകൃതിമനോഹരതയെ വർണ്ണിച്ചുകൊണ്ടുള്ള ഒരു മംഗളഗാനം പാടിയതോടെ നിസർഗ്ഗസുന്ദരമായ ആ ഗാനമധുരിയിൽ അലിഞ്ഞുചേർന്ന സദസ്സ് ഒരു സ്വപ്നലോകത്തിലേയ്ക്കു ഉയർന്നുപോയ പ്രതീതിയാണ് ഉളവാക്കിയതെന്നു അതിശയോക്തിയുടെ ആവശ്യമില്ലാതെതന്നെ പറയാൻ കഴിയും. കഥാപ്രാസംഗികർ പതിവായി എടുത്തുപോരുന്ന മൂന്നുനാലു മണിക്കൂറുകളൊന്നും മാധവൻ നഷ്ടപ്പെടുത്തിയിരുന്നില്ല. വെറും നാല്പത്തഞ്ചുമിനിട്ടുനേരം. അതുമാത്രം മതിയായിരുന്നു ശ്രോതാക്കളെ ആനന്ദിപ്പിക്കുവാൻ! സംതൃപ്തരാക്കുവാൻ!;

'അങ്കണത്തൈമാവിൽനിന്നാദ്യത്തെ പഴം വീഴ്കെ' എന്നുതുടങ്ങുന്ന ഈരടികൾ ഇടറുന്ന കാലടികളാണെങ്കിലും പതറാത്ത സ്വരമാധുരിയോടെ പാടിയപ്പോൾ കലയുടെ സമ്മോഹനമായ ഒരു വേദിയിലേയ്ക്കു' പ്രേക്ഷകരെ ഉയർത്തുകതന്നെചെയ്തു. സ്ഫുടതനിറഞ്ഞ സംഭാഷണം. ശബ്ദമാധുരിയെഴുന്ന സംഗീതം കഥാപ്രസംഗവിദഗ്ദ്ധരുടെ ചതുരരാപാധികളിലൊന്നായ അഭിനയം. ഇവയെല്ലാം അഭിനന്ദനാർഹമായ നിലയിൽ കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു പ്രകടനമായിരുന്നു—കലയുടെ സമ്മോഹനമായ സമ്മേളനമായിരുന്നു—മാധവൻെറ കഥാപ്രസംഗം. മനുഷ്യജീവിതത്തിലെ നിത്യസംഭവങ്ങളായിത്തീർന്നിട്ടുള്ള, ആസ്വാദകരുടെ ഹൃദയത്തിൻെറ അഗാധതലത്തിലേയ്ക്കിറങ്ങിച്ചെന്നു അവിടെ സ്വപ്നീയങ്ങളായ അനുഭവങ്ങളെ തട്ടിയുണർത്തി വേദനയുടെ ശോകാത്മകങ്ങളായ അനുഭൂതികൾ സൃഷ്ടിക്കാൻ കഴിവുള്ള ഒരു കാര്യകഥയാണ് മാധവൻ തിരഞ്ഞെടുത്ത മാമ്പഴം. അങ്ങിനെ കഥകൊണ്ടും മാധവനു വിജയിക്കുവാൻ സാധിച്ചു.

സംഗീതത്തിലുള്ള പാരമ്പര്യത്തിൽ, അവകാശവാദം മുഴക്കാനുള്ള പാരമ്പര്യം ഒന്നുംതന്നെയില്ലാത്ത ഒരു കുഡുംബത്തിലാണ്' മാധവൻ ജനിച്ചത്. സമ്പത്തികമായും സാമൂഹ്യമായും വിദ്യാഭ്യാസപരമായും വളരെ പിന്നണിയിൽ നില്ക്കുന്ന ഒരു സമുദായത്തിലെ പാവപ്പെട്ട ഒരു 'എലിമെൻററി സ്കൂൾ അദ്ധ്യാപകൻെറ മകനായ മാധവനു', തൻെറ വാസനയ്ക്കനുസരിച്ചു ശാസ്ത്രീയമായ സംഗീതാഭ്യസനം നേടുവാനുള്ള സാദ്ധ്യതകൾ വിരളമായിരുന്നു. സംഗീതകലയിലുള്ള അതിരററ വാസനയുള്ള മാധവൻ, ആരുടേയും സഹായമേശാതെ, ഗ്രാമഫോൺറിക്കാർഡുകൾക്കൊപ്പം പാടിവളർന്നുവന്നതാണ്. പലരുടേയും അകമഴിഞ്ഞ അഭിനന്ദനങ്ങളേല്ക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും, അതെല്ലാം നൈമിഷികമായ ആസ്വാദനങ്ങൾക്കും അഭിവാദനങ്ങൾക്കപ്പുറം കടന്നുചെന്നു അന്വേഷിക്കുവാനോ, മാധവനെ ഉയർത്തുവാനോ ഉപയുക്തമായിരുന്നില്ലെന്നുവേണം പറയുവാൻ. മാധവനെപ്പോലെയുള്ള നിരവധി കലാമുകുളങ്ങളെ നമുക്ക് കണ്ടെത്താൻ കഴിയും. അവയെ കൈകൊടുത്തു ഉയർത്തുന്നതിന്നുള്ള സഹകരണവും സന്മനോഭാവവും നമ്മിലുണ്ടാകുകയാണെങ്കിൽ— ഇന്നു നാട്ടിലെമ്പാടും ഉയർന്നുവരുന്ന കലാസമിതികൾ അതിന്നുള്ള സാദ്ധ്യതകൾ സൃഷ്ടിക്കുകയാണെങ്കിൽ കറയററകലയുടെ സമ്മോഹനമായ വേദിയിലേയ്ക്ക് മുതൽക്കൂട്ടു വർദ്ധിപ്പിക്കുവാനും കഴിയുന്നതാണ്. അതിന്നുള്ള ഔദാര്യവും ഹൃദയവിശാലതയുമാണ് ഉണ്ടാകേണ്ടതായിട്ടുള്ള.

—*—

### കവിത

# ഉണർവിൻറനാദം

ആർ. മുല്ലശ്ശേരി.

കളരിയുണ്ടു കളരിക
ളരിയ നാട്ടുകളരികൾ;
അവിടെയാണു പഴമതൻ
പെരുമയാർന്ന പൊരുളുകൾ.
പരിചിയന്നപരിചയും;
പൊരുതിവന്ന ചുരികയും;
പല പുരാണ പടനയങ്ങൾ
പരിചയിച്ചപരിസരം!
വരവരം വരിക്കുവാൻ
നവനവം നടിക്കുവാൻ
തലമുറക്കു ശിക്ഷണം
തഴുകിടും തണൽക്കളം
കളരിയുണ്ടു കളരിക
ളരിയനാട്ടുകളരികൾ
അവിടെയാണു കേരള-
മതിവളർന്ന ഗുരുകുലം!
ഉദയരശ്മിപൂകിയി-
ല്ലിനിയു മിഥിയുമാദിശി;
സുഖദസൗമ്യ ഗീതിതൻ
ശകലവും നഹിനഹി!
നിഴലിലാണു ചേതന,
മഴലിലാണു ജീവിതം;
അവിടെയാണു മാമകം
അവശവന്ദ്യഗുരുജനം
കലിതഭാവികാണുമൊ-
രമലജൌതിഷീകരായ്
കവിടികൾ നിരത്തിടും
കുടുമതൻ പൊടിപ്പുകൾ
കനവുകണ്ടു കാന്തിതൻ
കതിരണിഞ്ഞ നാളയെ;
കരളുണർന്നു കല്ലിലും
കരമെടുത്തു മുട്ടുവാൻ
പറപറക്കു കാദരം
പുതുമയാർന്നു സാദരം
പടവരുന്നു സൌഹൃദം
പതയു മരിയ കളരികൾ!

ചെറുകഥ

# അതൊരു വെറും കളിത്തോക്കായിരുന്നു!

ഉണ്ണികൃഷ്ണൻ

അന്നും പതിവുപോലെ എന്റെ സ്നേഹിതന്മാർ എന്നെ ക്ഷണിക്കാതെതന്നെയാണ് സിനിമക്ക് പോയത്. കാരണം അവക്കറിയാമായിരുന്നു ഞാൻ സിനിമക്ക് പോകുക പതിവില്ലെന്ന്. അവർ എന്നെ "പുതിയയുഗത്തിലെ ഒരു മൂകജീവി" എന്നാണ് വിളിച്ചിരുന്നതെങ്കിലും ഈ നിമിഷംവരെ ഞാനാ അഭിപ്രായത്തെ നിഷേധിച്ചിട്ടില്ല. മൂകത ഒരു നല്ലകാര്യമാണെന്നാണ് ആർക്കും എതിരില്ലാത്ത എന്റെ അഭിപ്രായം. അഥവാ ആരെങ്കിലും എതിർത്താൽതന്നെ ഞാനതിൽ വൈമനസ്യം പ്രകടിപ്പിക്കാറില്ല. അല്ലെങ്കിൽ നമ്മുടെ പഴയ ഋഷിവര്യന്മാർപോലും പ്രശാന്തമായ വനാന്തരംഗങ്ങളാണ് ഇഷ്ടപ്പെട്ടിരുന്നത്.

സുഹൃത്തുക്കളെല്ലാം പോയിക്കഴിഞ്ഞപ്പോൾ ഈസിച്ചെയർ ജനലിനോടടുപ്പിച്ച് ഞാനതിൽ കിടന്നു. ആർ എന്തുപറഞ്ഞാലും സായംകാലത്ത് ഈസിച്ചെയറിൽകിടന്ന് ജനൽപഴുതിലൂടെ പുറത്തേക്കു നോക്കി ചിന്തയെ താലോലിക്കുന്നത് ഒരു രസംതന്നെയാണ്. നിലാവും നിഴലുംകൂടി അവിടെ മനോഹരമായ ഒരു പരവതാനി പണിതീർത്തിരുന്നു. എത്ര സമയം അങ്ങിനെകിടന്നെന്ന് എനിക്ക് നിശ്ചയമില്ല. ഏതാണ്ടൊരു എട്ട് എട്ടര മണിയായിക്കാണും. അപ്പോഴാണ് വാതിലിൽ തുടർച്ചയായി ചില മുട്ടുകൾ കേട്ടത്. "ആ സംഗീതത്തിലെ കട്ടുറുമ്പി"നെ ശപിച്ചുകൊണ്ടു കുറച്ചുറക്കെത്തന്നെ ഞാൻ വാതിൽ തുറന്നുകൊടുത്തു. തല കീഴ്പോട്ടിട്ടുകൊണ്ടു് ഒരു ചെറുപ്പക്കാരൻ അകത്തു പ്രവേശിച്ചു. "നോ എഡ്മിഷൻ" ബോർഡിനോടുള്ള ഒരു പ്രതിഷേധംപോലെ ഞാൻ ലൈററ് ഓൺചെയ്തു. വെളിച്ചത്തിനുമുമ്പിൽ ഇരുട്ട് ഒളിച്ചോടുകയാണ്. ഏതാണ്ട് ഒരിഞ്ചോളം താടിവളർത്തിയ ആ അപരിചിതൻ തൈലസ്പർശമേൽക്കാതെ പരുഷമായ തന്റെ തലമുടി ഇടത്തേകൈകൊണ്ട് പിന്നിലേക്ക് മാടിയിട്ടു കുറച്ചുകൂടി അടുത്തുനിന്നു. കീറി അഴുക്കുപുരണ്ട അദ്ദേഹത്തിന്റെ വസ്ത്രങ്ങളുടെ ഗന്ധം മുറിയിൽ തങ്ങിനിന്നിരുന്നു. എങ്കിലും അയാളെ എവിടെയോവെച്ച് കണ്ടുമറന്നപോലെ എനിക്കു തോന്നാതിരുന്നില്ല. വെളിച്ചത്തിൽനിന്നു സ്വല്പം അകന്നുകിടക്കുന്ന കസേര ചൂണ്ടിക്കാട്ടിക്കൊണ്ടു് തനി നാടൻമലയാളത്തിൽ അയാൾ പറഞ്ഞു.

"ഇതിൽ ഇരിക്കാമല്ലോ....?"

"യസ്" അല്പം വൈമനസ്യത്തോടുകൂടിയാണെങ്കിലും ഞാനനുവാദംകൊടുത്തു. കസേരയിൽ ഇരുന്ന് താടിക്കു കയ്യുംകൊടുത്തുകൊണ്ട് അയാളെന്നെ നോക്കി.

നിശ്ശബ്ദത....!
നിറഞ്ഞ നിശ്ശബ്ദത!
ഭയാനകമായ നിശ്ശബ്ദത!

"നിങ്ങൾ........?" ഞാൻ മൌനം ഭഞ്ജിച്ചു.

"അതെ........ഞാൻ........" അയാൾ ആലോചിക്കുകയാണ്.

"നിങ്ങൾ........?"

"മിസ്റ്റർ; ആ കഥ രസമില്ലാത്തതാണ്."
ആ രസമില്ലാത്ത കഥ കേൾക്കാൻ ഞാൻ ഉൽക്കണ്ഠ പ്രകടിപ്പിച്ചു.

"നിങ്ങൾ ആ കഥ കേട്ടാൽ............"
"എനിക്കതു കേട്ടേ കഴിയൂ...." ഞാൻ വാശി

പിടിച്ചു.

"**ആറുമാസക്കാലമായി** ഞാൻ ഈ ബോംബേ നഗരത്തിൽ ഒരു ജോലി അന്വേഷിച്ച് അലഞ്ഞുതിരിയുന്നു. ഞാൻ ഒരു മലയാളിയാണ്. ഇടക്ക് ഒന്നു കൂടിപ്പറഞ്ഞോട്ടെ. ബീഡിയുണ്ടോ കയ്യിൽ ഒരെണ്ണം വലിക്കാൻ?"

ഈ വക കാര്യങ്ങൾ പല പ്രാവശ്യം കേൾക്കാൻ കഴിഞ്ഞിട്ടുള്ള എനിക്കതിലൊരു പ്രത്യേകതയും തോന്നിയില്ല. കൂടാതെ ചിലർ ഈ തൊഴിലുകൊണ്ടുതന്നെ ജീവിക്കുന്നവരുമുണ്ട്. എങ്കിലും ആ സമയത്ത് രസമില്ലാത്തതാണെങ്കിലും അയാളുടെ ചരിത്രം കേൾക്കാൻ എനിക്കുത്സാഹം തോന്നി.

"അപ്പോൾ നിങ്ങളുടെ നാടെവിടെ?" ഞാൻ വീണ്ടുമൊരു ചോദ്യം തൊടുത്തുവിട്ടു.

"അതൊരു നീണ്ടകഥയാണ് സാർ, സാറിന്റെ കയ്യിൽ ബീഡിയുണ്ടോ?" ആ ചോദ്യം വീണ്ടും ആവർത്തിച്ചു.

എനിക്കെന്തോ അതിലൊരു നാടകീയതയാണെന്നനുഭവപ്പെട്ടു. പണ്ടു ഞാൻ വായിച്ചിട്ടുള്ള ചില ചെറുകഥകളും ഞാനോർക്കാതിരുന്നില്ല.

"ക്ഷമിക്കണം....ഞാനതുപയോഗിക്കുകയില്ല." ഞാൻ മനഃപൂർവ്വം ഒരു നുണ തട്ടിവിട്ടു.

നാലുദിവസമായി ഞാൻ ആഹാരം കഴിച്ചിട്ട് എനിക്കു വിശക്കുന്നു സാർ......."

"കൂട്ടുകാരെല്ലാം സിനിമക്കു പോയിരിക്കയാണ്. അതുകൊണ്ട് അവരൊക്കെ ഊണുകഴിച്ചു വരും. ഞാനാണെങ്കിൽ പുറത്തുപോയി ആഹാരം കഴിക്കുകയും ചെയ്തു. അതുകൊണ്ട് ഇവിടെ ഒന്നും ഇരിപ്പില്ല." ഞാൻ വീണ്ടും ഒരു നുണകൂടി പറഞ്ഞു.

"പച്ചവെള്ളമെങ്കാനും ഇരിപ്പുണ്ടോ സാർ....?"

"കാണണം...." ഞാൻ ഒരു ഗ്ലാസ്സ് വെള്ളം അയാൾക്കു സല്ക്കരിച്ചു. ഒരൊററ വീർപ്പിന്നു ആ വെള്ളം മുഴുവൻ കുടിച്ച് ഗ്ലാസ്സ് മടക്കി ഏല്പിച്ചുകൊണ്ട് അയാൾ പറഞ്ഞു. "സാർ, ഞാനും നിങ്ങളെപ്പോലെ പഠിച്ചവനാണ്. വയസ്സായ അച്ഛനും അമ്മയും, വിവാഹപ്രായമതിക്രമിച്ച് പുരമേററിനില്ക്കുന്ന രണ്ടുമൂന്നു സഹോദരികളടക്കം ഒരു കുടുംബം എന്നെ ആശ്രയിച്ചുമാത്രം കഴിഞ്ഞുകൂടേണ്ടവരാണ്." അയാൾ ജനലിൽക്കൂടി പുറത്തേക്കു നോക്കിക്കൊണ്ട് പറഞ്ഞു.

"ആറുമാസക്കാലമായി അവർക്കൊരു എഴുത്തുപോലും അയക്കാൻ എനിക്കു കഴിഞ്ഞിട്ടില്ല സാർ". അയാളുടെ തൊണ്ട ഇടറുന്നുണ്ടായിരുന്നു. പക്ഷേ, കണ്ണിൽ കണ്ണുനീരുണ്ടോ എന്ന് വ്യക്തമായിക്കാണാൻ എനിക്കു കഴിഞ്ഞില്ല. അയാളുടെ കണ്ണുകൾ ചക്രവാളസീമക്കപ്പുറത്ത് ഏതോ ഭാവനയുടെ ലോകത്തിൽ പാറിപ്പറക്കുകയാണ്.

"സാർ അതാലോചിക്കുമ്പോൾ ഇടനെഞ്ച് പൊട്ടുകയാണ്" അയാൾ തുടർന്നു.

നാട്ടിലേക്കു മടങ്ങാമെന്നു വെച്ചാൽ വണ്ടിക്കൂലിക്കെങ്കിലും പണം വേണ്ടേ? ഇവിടെ ജോലിയില്ലാത്ത ഒരാൾക്ക് എങ്ങിനെ ജീവിക്കാൻ പററും? അതുകൊണ്ട് സാർ, ഞാൻ ഇനിയെന്തുചെയ്യണം?....ഉം പറയൂ...."

"ഞാൻ നിങ്ങളോടൊപ്പം സഹതപിക്കുന്നു. എനിക്കു ഒന്നും ചെയ്യാൻ നിവൃത്തിയില്ല മിസ്റ്റർ സോറി!"

"സാർ, താങ്കൾക്കും ഒരു കുടുംബമുണ്ടല്ലോ? അവരെ വിചാരിച്ചെങ്കിലും എന്തെങ്കിലുമൊരു സഹായം........"

"ക്ഷമിക്കണം...." ഞാൻ മെല്ലെ പറഞ്ഞു.

"നിങ്ങൾ വേണമെന്നു വിചാരിച്ചാൽ കഴിയുമെന്നു എനിക്കുറപ്പുണ്ട്....തല്ക്കാലം വണ്ടിക്കൂലിക്കെങ്കിലും" ആ ശബ്ദം ദയനീയമായിരുന്നു.

"എന്റെ കൈയ്യിൽ തല്ക്കാലം പണമൊന്നുമിരുപ്പില്ല"

സാർ നിങ്ങളെന്തിനീ നുണ പറയുന്നു. ഇന്നലെ ശമ്പളം കിട്ടിയ തുകയിൽ ഇനിയും പണം നിങ്ങളുടെ ആ കാണുന്ന പെട്ടിയിൽ ഇരുപ്പില്ലേ?" ഞാനത്ഭുതപ്പെട്ടുപോയി. ഇതെങ്ങിനെ ഇവനറിഞ്ഞു?

അത്.......അതെനിക്കു വീട്ടിലേക്കയക്കാനുള്ളതാണ്" ഞാൻ പെട്ടെന്നു പറഞ്ഞു തീർത്തു. വളരെ നേരത്തെ നിശ്ശബ്ദതക്കുശേഷം അയാൾ കീറിപ്പൊളിഞ്ഞ പാന്റിന്റെ പോക്കററിൽനിന്നും ഒരു പുറ

ത്തെടുത്തു ഞാൻ ആകെ വിയർത്തുപോയി. ജീവിക്കാൻ വേണ്ടി മനുഷ്യൻ ഇതല്ല ഇതിലപ്പുറവും ചെയ്യേക്കും. പക്ഷേ....

കള്ളന്മാരുടേയും കൊള്ളക്കാരുടേയും കഥകൾ പലതും ഞാൻ കേട്ടിട്ടുണ്ട്. എന്റെ തൊണ്ടയിലെ വെള്ളം വററി. ആ റിവാൾവർ എന്റെ നേരെ ചൂണ്ടിക്കൊണ്ട് അയാൾ ഗർജ്ജിച്ചു. "ഉം എണീക്കടാ"

ഒരു പാവയെപ്പോലെ ഞാനതനുസരിച്ചു. അയാൾ എന്റെ കൈ പുറകോട്ടു പിടിച്ച് ജനലഴികളിൽ ബന്ധിച്ചു.

"മിണ്ടിപ്പോയാൽ കൊന്നു കളയും........"ഉടനെ ഒരു താക്കീതും. നിസ്സഹായനായ ഞാൻ തിരിഞ്ഞു നില്ക്കുകയാണ്. അയാൾ മേശപ്പുറത്തിരുന്നിരുന്ന താക്കോലെടുത്ത് പെട്ടിതുറന്ന് പെട്ടിയിൽനിന്നെടുത്ത സാധനങ്ങൾ എന്റെ മുമ്പിൽ കൊണ്ടുവന്നുകാണിച്ചു. ശമ്പളത്തിൽ ബാക്കിയുള്ള പണം; പേൻറ്, കോട്ട്, പേന, വാച്ച് കണ്ണട........അതെല്ലാം....എല്ലാം....... ....എനിക്കു ശ്വാസംമുട്ടി.

"നീയവിടെ നില്ക്ക്; ഞാൻ പോകുന്നു...." അയാൾ പിന്നോക്കം നടന്ന് വാതിലടച്ചുപോവുകയും ചെയ്തു. ഞാൻ നിലവിളിച്ചില്ല. കാരണം എനിക്കു പററിയ അമളി ആരെയും അറിയിക്കരുതല്ലോ. ഏതായാലും പോയതു പോയി. അരമണിക്കൂർ കഴിഞ്ഞുകാണും സ്നേഹിതന്മാർ മടങ്ങിവന്നു. അവർ അത്ഭുതപ്പെട്ടുനിന്നു. ഒരുവൻ ചോദിച്ചു.

"മിസ്റ്റർ; എന്തുപററി....?" ഞാൻ മിണ്ടിയില്ല. "എന്തുപററി?" ആ ചോദ്യം ആവർത്തിക്കുകയാണ്. ഞാനൊന്നും മറുപടി പറഞ്ഞില്ല. അവരെന്നെ നിർബ്ബന്ധിച്ചു. എന്താ ജനാലിനോട് ഇത്ര സ്നേഹമാണോ? വേറൊരു ആൾ പൊട്ടിച്ചിരിച്ചുകൊണ്ട് ചോദിച്ചു.

"ഞാൻ പറയാറില്ലേ തനിയേ ഇങ്ങിനെ ഇവിടെ ഇരിക്കരുതെന്ന്! "

"ശരിയാണ്........" ഞാനൊരപരാധിയെപ്പോലെ തല താഴ്ത്തിനിന്നു. അവർ പൊട്ടിച്ചിരിക്കുകയാണ്. സാധു എന്റെ അരികിലേക്കു നീങ്ങിനിന്നുകൊണ്ടു പറഞ്ഞു.

"ഇനിയെങ്കിലും നിങ്ങൾക്കിതൊരു പാഠമായിരിക്കട്ടെ....!"

"ഉം ........" ഞാനൊന്നുമൂളി.

"നേരെ നോക്ക്........"അയാൾ പറഞ്ഞു ഞാ

★ റബ്ബർ സീലുകൾ
★ ബ്ലോക്കുകൾ
★ സിനിമാസ്ലൈഡുകൾ
മുതലായവക്ക്
സമീപിക്കുക.
ചന്ദ്രാ എൻഗ്രേവേഴ്സ്
പോസ്റ്റോഫീസ് റോഡ്, തൃശ്ശൂർ.

ഒരു യാത്രാവിവരണം.

# തുഞ്ചൻപറമ്പിലേയ്ക്ക്

കാറളം ബാലകൃഷ്ണൻ.

കേരളത്തിന്റെ അക്ഷരഗുരുവായ ശ്രീ: തുഞ്ചത്തെഴുത്തച്ഛന്റെ ജന്മദിനാഘോഷങ്ങളിൽ പങ്കുകൊള്ളാൻ ഞാനിതാ അദ്ദേഹത്തിന്റെ ജനനസ്ഥലമായ തുഞ്ചൻപറമ്പിലേക്ക് പോവുകയാണ്. ഡിസംബർ 1-ാംതിയ്യതി. കാലത്ത് തൃശ്ശൂർനിന്നും പുറപ്പെട്ടു. എന്തെന്തു പ്രതീക്ഷകളാണ് എന്റെ ഹൃദയത്തിൽ തങ്ങിനിന്നിരുന്നത്? എന്തെന്തു അഭിമാനചിന്തകളാണ് എന്നിൽ അങ്ങിനെ വിജൃംഭിച്ചുകൊണ്ടിരുന്നത്? എത്രയോ വൈകിയതിനുശേഷം കേരളസാഹിത്യലോകത്തിലെ പുതിയതലമുറ തങ്ങളുടെ ആചാര്യനൊരു സ്മാരകം ഉയർത്തുവാൻ ബന്ധപ്പെടുന്നകാഴ്ച. ഏതായാലും കേരളത്തിലെ സംസ്കാരപ്പശിമ ഉറവെടുത്ത ആ മണ്ണിൽ ഒന്നു കാലുകുത്തുവാൻ എന്റെ ഹൃദയം വെമ്പി. നാനൂറുകൊല്ലക്കാലമായിട്ടും എന്തുകൊണ്ടു മലയാളി ഇതിന്നൊരുമ്പെട്ടില്ല? ഇങ്ങിനെ ചില ചില്ലറസംശയങ്ങളുമായി ഞാൻ നില്ക്കുമ്പോഴുണ്ട് അതാ, ആ വിദ്യാവയസ്സനായ പണ്ഡിതകവിരാജരത്നം ആറൂർ പ്ലാറ്റ്ഫോമിൽ നില്ക്കുന്നു.... ചൂളംവിളിച്ചുകൊണ്ട് അപ്പോഴേക്കും വണ്ടിയെത്തി. എല്ലാവരും കയറി. തുഞ്ചൻപറമ്പിലേയ്ക്കെന്ന മുദ്രാവാക്യത്തോടെ വണ്ടി കുതിച്ചു. തുഞ്ചൻദിനം ഉൽഘാടനംചെയ്യുന്നത് ആറൂരാണ്. പുണ്യശ്ലോകനായ ഗുരുവിന്റെ പാവനസ്മരണയെ ആദ്യമായി ഉണർത്താൻ എത്തുന്നതിൽ ആറൂരിന്റെ ഹൃദയം സന്തോഷംകൊണ്ടു നിറഞ്ഞിരിക്കും അല്ലേ? ചെറുതുരുത്തിയിലിറങ്ങാനുള്ള ഏതാനും കോളേജുവിദ്യാർത്ഥികളുമൊന്നിച്ചു സംസാരിച്ചുകൊണ്ടിരുന്നു സമയം പോയതറിഞ്ഞില്ല. താമസിയാതെ ഷോർണ്ണൂരെത്തി. ആറൂർ മെയിൽവണ്ടിയിൽ കയറി. അപ്പോഴുണ്ട് പ്ലാറ്റഫോമിലൊരിടത്ത് നില്ക്കുന്നു, നമ്മുടെ കെ വി. എം. ഞാനുറച്ചു. ഇന്നൊരു പണ്ഡിതസദസ്സാണ് തുഞ്ചൻപറമ്പിൽ സമ്മേളിക്കാൻ പോകുന്നത്! എന്തൊരു ജിജ്ഞാസ! പക്ഷെ ഓരോന്നുപറയുന്നകൂട്ടത്തിൽ അദ്ദേഹം സൂചിപ്പിക്കുന്നതുകേട്ടു... "ക്ഷണനം മാതൃഭൂമിയിലൂടെ മാത്രമെ കണ്ടുള്ളൂ" എന്ന്. എനിയ്ക്കതുകേട്ടപ്പോൾ അധികം കുണ്ഠിതമുണ്ടായി. എന്തോ? ഏതായാലും കൃത്യസമയത്തിനു വണ്ടിനീങ്ങി കുറ്റിപ്പുറം കഴിഞ്ഞപ്പോഴാണ് എനിയ്ക്കെതിരായിരുന്ന ചെറുപ്പക്കാരിലൊരാൾ എന്നെ വിളിച്ചത്. മി: ഒ. കെ മേനോൻ........! അതെ-കേരളവർമ്മാ കാളേജിലെ ഒരു വിദ്യാർത്ഥിയാണ് അദ്ദേഹം വീട്ടിലേയ്ക്കു പോവുകയാണ് തിരൂരെത്തി. ആറൂരിനു വേറെ സൌകര്യങ്ങൾ ചെയ്തിരുന്നു. പക്ഷെ മേനവന് കെ. വി. എം. നെ ഒന്നുകാണണം. ഞങ്ങൾ പ്ലാറ്റ്ഫോമിൽ കുറെയേറെ അന്വേഷിച്ചു. കെ. വി. എം. വന്നിട്ടില്ല. "ഉം, വേറെ എവിടെയെങ്കിലും പോയി വൈകുന്നേരത്തെയ്ക്കെത്താനുള്ള പരിപാടിയായിരിക്കും" ഞാൻ മേനവനോടു പറഞ്ഞു. ഞങ്ങൾ നടന്നു........എനിയ്ക്ക് തികച്ചും അപരിചിതമായിരുന്നു തിരൂരങ്ങാടി മി: മേനവനും ഞാനും ഓരോ ചായകഴിച്ച് അങ്ങിനെ തുഞ്ചൻപറമ്പിലേ

---

നനുസരിച്ചു അയാളുടെ കയ്യിൽ ഒരു തോക്കുണ്ടായിരുന്നു. അതെന്റെനേരെ നീട്ടിക്കൊണ്ട് അയാളതിന്റെ കാഞ്ചിവലിച്ചു ഒരു വെടി പൊട്ടി. പക്ഷേ, അതിൽനിന്ന് പുകമാത്രമേ പുറത്തുവന്നുള്ളൂ ഞാനയാളെ സൂക്ഷിച്ചുനോക്കി. കളവുപോയ സാധനങ്ങൾ മുഴുവനും അയാളെന്റെ നേരെ നീട്ടി. പൊട്ടിച്ചിരികൾക്കിടയിലൂടെ ഞാൻ ബന്ധനവിമുക്തനാക്കപ്പെട്ടു. ഞാനാതോക്ക് സുധയുടെ കൈയ്യിൽനിന്നും വാങ്ങിനോക്കി. "അതൊരു വെറും കളിത്തോക്കായിരുന്നു"

---

ക്ക് തിരിച്ചു. എന്റെ സുഹൃത്ത് വാസു സ്റ്റേഷനിൽ വരാമെന്നു പറഞ്ഞിരുന്നു പക്ഷെ കണ്ടില്ല. അതുകൊണ്ട് നേരെ വീട്ടിലേക്ക പോകേണ്ട മേനോൻ എനിക്കു വഴികാണിച്ചുതരുന്നതിന്നു കുറെയിങ്ങോട്ട പോന്നു. ഒരെഞ്ചുമിനിട്ടുനടന്നപ്പോഠം അദ്ദേഹം എനിക്ക് വഴിയെല്ലാം നിർദ്ദേശിച്ചു യാത്രപറഞ്ഞു. ഞാൻ നേരെ തുഞ്ചൻപറമ്പിലേക്ക പോയില്ല. നേരം പതിനൊന്നുകഴിഞ്ഞിരിക്കുന്നു. വാസുവിന്റെ വീട്ടിലേക്ക് വഴിചോദിച്ചറിഞ്ഞു നേരെനടന്നു. അങ്ങിനെ ഒരിടത്ത് കയറിയപ്പോഴുണ്ട്, അവിടെ ഒരു നൃത്തനത്തിന്റെ കാൽച്ചിലമ്പൊലിയും വാദ്യഘോഷങ്ങളും കേഠക്കുന്നു. തുഞ്ചന്റെ കാവ്യനർത്തകിയുടെ മതിമോഹന ശുഭനർത്തനമായിരിക്കുമോ? ഞാനന്വേഷിച്ചു. എന്റെ സുഹൃത്തിന്റെ ഒരു സ്വന്തവീടാണത്. ഞാനവിടെപോയി. എന്തത്ഭുതം! തുഞ്ചൻപറമ്പിൽ അന്നു അരങ്ങിലവതരിപ്പിക്കാനുള്ള നൃത്തത്തിന്റെ റിഹേഠസലാണ്. നർത്തകിയോ? എനിക്കു സുപരിചിതയായ മിസ്: ശ്രീമതി. ആടിയുലഞ്ഞ കിതപ്പോടും വിയപ്പോടുംകൂടി തന്റെ പിതാവ് ഞാൻ വന്നവിവരമറിയിച്ചതോടെ ശ്രീമതി എന്നെ സ്വാഗതംചെയ്തു. പിന്നെ നർത്തകിയുടെ പിതാവുമായി കുറെയേറെ ഞങ്ങഠം തുഞ്ചൻപറമ്പിലെ ആഘോഷങ്ങളെക്കുറിച്ചു സംസാരിച്ചു. കാലത്തെ പരിപാടികളെല്ലാം അവസാനിച്ചിരിക്കുന്നു. ഇനി കൃത്യം 2–30നു മാത്രമെ ആരംഭിക്കുകയുള്ളു. അതുകൊണ്ട് ഊണുകഴിഞ്ഞു പോകാമെന്ന ക്ഷണം നിരസിക്കാൻ നിവൃത്തിയില്ലാതായി. നോക്കണെ, നാനൂറുകൊല്ലത്തിന്നു ശേഷവും ആ മഹാതേജസ്സ് ജ്വലിക്കുന്ന കാഴ്ച! എനിക്ക രോമാഞ്ചമുണ്ടായി. ഞാനവരുടെ ആതിഥ്യം ശിരസാ വഹിച്ചു. ഇനിയും സമയമുണ്ട്. അപ്പോഴാണ് ലളിതകലാസമിതിയുടെ ചില പ്രവർത്തകരുമായി പരിചയപ്പെട്ടത്. അവരുടെ കലാസമിതി ഓഫീസ് സന്ദർശിക്കാൻ ഞങ്ങഠം പുറപ്പെട്ടു. ലളിതകലാസമിതിയ്ക്കാണ് തുഞ്ചൻദിനത്തെ ധന്യമാക്കാനുള്ള ഭാഗ്യം കൈവന്നിരിക്കുന്നതെന്നുമനസ്സിലായി. നല്ല ചൊറുചൊറുക്കും ഉത്സാഹവുമുള്ള ചെറുപ്പക്കാർ. പരിഷ്ക്കാരത്തിന്റെ നാളുകളേറുവതുടങ്ങിയിരിക്കുന്ന ഒരു ഗ്രാമമാണ് തൃക്കണ്ടിയൂർ........എങ്കിലും അന്നേദിവസം അവിടെ പെരുവെരുണർവ്വു പ്രത്യക്ഷപ്പെട്ടിരുന്നു.................................

ഊണുകഴിഞ്ഞു് അത്രയൊന്നും വിശ്രമിക്കാൻ നില്ക്കാതെ ഞാൻ തുഞ്ചൻപറമ്പിലേയ്ക്കു നടന്നു. ലളിതകലാസമിതി എനിയ്ക്കു വേണ്ടത്ര സൌകര്യങ്ങഠം ഏർപ്പെടുത്തിയിരുന്നു. സൌന്ദര്യസങ്കീർണ്ണമായ സംസ്കാരത്തിന്റെ പരിശുദ്ധമായ ആ വെള്ളമണൽത്തിട്ടിലേയ്ക്ക് കാലൂന്നിയപ്പോഠം എന്റെ ശരീരം കോരിത്തരിച്ചു. കമനീയമായല്ലെങ്കിലും തുഞ്ചൻപറമ്പിനെ അലങ്കരിക്കാൻ പ്രവർത്തകർ മറന്നില്ല. അല്ലെങ്കിൽ പൊന്നിൻകുടത്തിന്നു എന്തിനാണ് ചന്ദനപ്പൊട്ട് എന്നു തോന്നിപ്പോയി. ഞങ്ങഠം ഗുരുകുലത്തിലെത്തി. എരിയുന്നകേരളദീപത്തിന്നുചുറ്റും ആ പാദധൂളികളെ ചുംബിച്ചുകൊണ്ട് നറുപുഷ്പങ്ങഠം സാഷ്ടാംഗപ്രണാമം ചെയ്തുകിടക്കുന്നു. ആ സാഹിത്യസൃഷ്ടാവിന്റെ ശ്രീ കോവിലിനു മുൻപിൽ വന്നപ്പോഠം എന്റെ കൈകൂമ്പി; ഹൃദയവും നിന്നിമേഷനായി കുറച്ചുനേരം അങ്ങിനെ നില്ക്കുവാനേ എനിക്ക സാധിച്ചുള്ളു. കുറച്ചുകലെമാറി കലാപരിപാടികഠക്കും പൊതുയോഗത്തിന്നുമുള്ള കലാവേദി ഉയർത്തിയിട്ടുണ്ട്. പട്ടാടകഠംകൊണ്ട് അത് കമനീയമായി അലങ്കരിച്ചിരിക്കുന്നു. ആകപ്പാടെ ഒരുണർവ്വ്. അവിടെ കേരളം വളരുന്നതു് ഞാൻകണ്ടു. അവിടെ കർത്തവ്യം നാമ്പെടുക്കുന്ന അത്ഭുതമായ സ്വാധീനത ഞാൻ ദർശിച്ചു. നിർവൃതിയുടെ അമൃതകുംഭങ്ങഠം തലയിലേററി കാലത്തിന്റെ കഥയില്ലായ്മയിൽ അക്ഷോഭ്യരായി, ചിദാനന്ദത്തിന്റെ ഇളംതെന്നലിൽ തലയാട്ടിനില്ക്കുന്ന ആ തെങ്ങുകഠം ഓരോ കഥപറയുകയാണ്....പുണ്യശ്ലോകനായ ആ ആചാര്യന്റെ പാദസ്പർശം കൊണ്ട് സമ്പന്നമായിത്തീർന്ന മണ്ണ് മലയാളക്കരയേയും അതിലംഘിച്ചു വളർന്നുകിടക്കുന്ന തുഞ്ചൻപറമ്പ്.........എന്റെ സുഹൃത്ത് ശ്രീ. രവീന്ദ്രൻ, എന്നെ ആ ചരിത്രപ്രസിദ്ധമായ കാഞ്ഞിരമരത്തിന്നടുത്തേക്ക് കൊണ്ടുപോയി. ആചാര്യൻ കുളിയും തേവാരവും മററും കഴിച്ചിരുന്ന കുളം അതിന്നടുത്താണ്. ഒരു ചരിത്രമല്ലാണെങ്കിലും ഞാൻ അറിഞ്ഞുകൊണ്ടുതന്നെയുള്ള അപരാധബോധത്തോടെ—ആ കാഞ്ഞിരത്തിന്റെ ഒരിലകഠം രുചിനോക്കി. അതിന്നു കയ്പില്ലെന്നു പറഞ്ഞുകൂടാ. എന്നാലും കാഞ്ഞിരത്തിന്റെ ഇലയാണെന്നുപറയാൻ സാദ്ധ്യമല്ല. പിന്നെ ഋഷിതുല്യനായ അദ്ദേഹം തന്റെ ചില അനർഘനിമിഷങ്ങഠം കുരങ്ങുകളോടുകൂടി കളിച്ചിരുന്ന

സമ്മേളനസ്ഥലത്തെത്തി. അവിടവും സന്ദർശിച്ച ഞങ്ങൾ തിരികെ ഗ്രന്ഥശാലയിലെത്തി. പരിപാടികൾ ആരംഭിക്കാറായിരിക്കുന്നു. മി: രാമൻകുട്ടിമേനവൻ, എ. വി. ശ്രീകണ്ഠപ്പൊതുവാൾ തുടങ്ങി പലരും അവിശ്രമം ഓടിപ്പാഞ്ഞുനടന്നു് കാര്യങ്ങൾ നിർവ്വഹിക്കുന്നതിലേക്ക പാടുപെടുന്ന കാഴ്ച തികച്ചും മാതൃകായോഗ്യമായിത്തോന്നി. കൃത്യം 2-45ന് പരിപാടികൾ ആരംഭിക്കും. പത്രപ്രതിനിധികളെന്നനിലയിൽ ഞങ്ങൾക്ക് കലാവേദിയുടെ അരികിലായി പ്രത്യേകസൌകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഞാനും, മാതൃഭൂമിയുടെ പ്രതിനിധി മി: എഴുത്തച്ഛനും, പൌരശക്തിയുടെ ലേഖകനും ഗ്യാലറിയിലുണ്ട്. പിന്നെ പലരും ഞങ്ങളോടൊത്തുണ്ടായിരുന്നു. അങ്ങിനെ തുഞ്ചൻദിനം ആരംഭിക്കുകയാണ്.

കുമാരി അഞ്ജനാവതിയുടെ പ്രാർത്ഥനാഗീതത്തോടെ പരിപാടികൾ സമാരംഭിച്ചു. മാതൃഭൂമിപത്രാധിപർ ശ്രീ: കെ. പി. കേശവമേനോന്റെ അദ്ധ്യക്ഷതയിൽചേർന്ന യോഗത്തിൽവെച്ച് പണ്ഡിതവരേണ്യനായ ആറ്റൂർ കൃഷ്ണപ്പിഷാരടി സമ്മേളനം ഉദ്ഘാടനംചെയ്തു. ഒരുപക്ഷെ മലയാളസാഹിത്യകാരന്മാരുടെ ഇന്നത്തെ തലമുറയിൽ എന്തുകൊണ്ടും സമുന്നതനായ ആറ്റൂർതന്നെ ഈ സമ്മേളനം ഉദ്ഘാടനംചെയ്യാനെത്തിയതു് ഒരു ഭാഗ്യമായി കരുതുന്നതിലെന്താണ് തെറ്റ്?

ആചാര്യശബ്ദം ഉച്ചരിക്കുമ്പോൾതന്നെ ആറ്റൂർ കേവലം ഒരു കൊച്ചുബാലനെപ്പോലെ വികാരനിർഭരനായതുപോലെതോന്നി. എത്രയും ധന്യമായ ആ മണ്ണിൽനില്ക്കുന്നതുതന്നെ ഒരനുഗ്രഹമെന്നോണം അദ്ദേഹം തന്റെ പ്രസംഗംതുടങ്ങി. മററാരെങ്കിലും ചെയ്തോ ഇല്ലയോ എന്നു തനിയ്ക്കറിയില്ലെങ്കിലും ഇവിടെ എത്തിയ ഉടനെത്തന്നെ ഈ പരിപാവനമായ ഏതാനും മണൽത്തരിനുള്ളി തന്റെ നെറുകയിൽ ചൂടാൻ മറക്കാതിരുന്നകഥ ആറ്റൂർ വിവരിച്ചു. കേരളക്കാരുടെ കുലഗുരുവിന്നു് ഒരു സമുചിതസ്മാരകം വേണമെന്ന പ്രമേയം അദ്ദേഹം കൊണ്ടുവന്നു. നമ്മൾ ഇക്കാര്യം നിർവ്വഹിക്കാൻ വളരെയേറെ വൈകിയിരിക്കുന്നു. എങ്കിലും അതുല്യനായ മഹാകവിയുടെ പാവനസ്മരണക്ക് നിശ്ചയമായും ഒരു സ്മാരകത്തിന്റെ അവശ്യകതയെ അദ്ദേഹം ചൂണ്ടിക്കാട്ടി........

.... .... .... .... .... .... ....

പിന്നീടുനടന്നതു് അദ്ധ്യക്ഷപ്രസംഗമായിരുന്നു. എന്തുകൊണ്ടും തുഞ്ചത്താചാര്യന്റെ ജന്മദിനാഘോഷത്തിൽ അദ്ധ്യക്ഷപദവിക്കർഹത ഉന്നു നേടിയിട്ടുള്ള ശ്രീ: കേശവമേനവന്റെ സാരഗർഭമായ പ്രസംഗം പ്രത്യേകം ശ്രദ്ധേയമായിരുന്നു. തുഞ്ചൻസ്മാരകം ഒരു പ്രാദേശികകാര്യമല്ലെന്നും ദേശീയകാര്യമാണെന്നും അദ്ദേഹം തുടർന്നുപറഞ്ഞു. ശ്രീ: എം. പി. മന്മഥൻ തുടങ്ങി പലവരും പിന്നീടു പ്രസംഗിച്ചു. സ്മാരകഫണ്ടിലേക്ക് ഏകദേശം 500ക യോളം അന്നുതന്നെ റൊക്കവും വാഗ്ദാനവുമായി പിരിഞ്ഞു. ഒരത്ഭുതമെന്നു ചിലക്കു തോന്നും അല്ലേ?

അങ്ങിനെ വളരെയേറെ വൈകിയതിന്നുശേഷം കേരളത്തിലെ പുതിയ തലമുറ തങ്ങളുടെ അക്ഷരഗുരുവിന്നു് ഒരു സമുചിതസ്മാരകം വേണമെന്നകാര്യത്തിൽ മുന്നോട്ടുവന്നിരിക്കുന്നു. പക്ഷെ ഒരുകാര്യം ഇവിടെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. അദ്ധ്യക്ഷപ്രസംഗംപോലെതന്നെ തുഞ്ചൻസ്മാരകം ഒരു ദേശീയകാര്യമാണ്. ഇന്നാട്ടിന്റെ സാംസ്കാരികാഭിവൃദ്ധിയെ ലാക്കാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേയും വ്യക്തികളേയും നാം കണ്ടെത്തണം. അവരിൽനിന്നും ആവതും പണം ശേഖരിക്കാൻ പരിശ്രമിക്കണം. പോരാ; അതിന്നുവേണ്ടി ഇന്നാട്ടിലെ പ്രസിദ്ധരായ കലാകാരന്മാരെ സംഘടിപ്പിച്ച് പ്രത്യേകിച്ച് പ്രകടനങ്ങൾ നടത്തി കാര്യമായ തുകകൾ മുതൽക്കൂട്ടുവാൻ ശ്രമിക്കണം. തുഞ്ചൻ സ്മാരകത്തിന്നുവേണ്ടി ഇങ്ങിനെ ക്രിയാത്മകമായ പ്രവർത്തനങ്ങൾ നാടിന്റെ നാനാഭാഗങ്ങളും സ്ഥാപിക്കാൻ നമുക്ക സാധിക്കണം. ചോദിക്കുന്നതിൽ അപമാനം അരുത്. കൊടുക്കുന്നതിലും ഒരിക്കലും അനിഷ്ടം പാടില്ല; കാരണം അത്രയും മഹത്തായ ഒരു കാര്യമാണ് ഇതിന്റെ പുറകിലുള്ളതെന്നു് ഇന്നാട്ടിലെ ഓരോ കൊച്ചുകുഞ്ഞും ധരിക്കണം. മഹാനായ നമ്മുടെ ഗുരുനാഥന്റെ അവിശ്രമസേവനങ്ങളെ പ്രകീർത്തിക്കാൻപോലും പലരും വിഷമിച്ചിരുന്ന ഒരു കാലഘട്ടം ഇവിടെയുണ്ടായിരുന്നു. പക്ഷെ ആ കർമ്മുകിലെല്ലാം അന്തരീക്ഷത്തിൽനിന്നു ടിഞ്ഞുപോയിട്ടുണ്ട്. മാതൃഭൂമി അതിന്റെ സകല

വിധ സഹായങ്ങളും ഈ പ്രസ്ഥാനത്തിന്ന് വേണ്ടി ഉഴിഞ്ഞുവെച്ചുകഴിഞ്ഞിരിക്കുന്നു. ഇന്നാട്ടിലെ സകല പത്രങ്ങളും മാതൃകായോഗ്യമായ ആ പന്ഥാവിനെ ഒരു മാതൃകയാക്കണം. തുഞ്ചൻ കൊളുത്തിയ കൈത്തിരിയാണ്. തങ്ങൾക്ക് ഇന്ന് സംസാരിക്കാൻപോലുമുള്ള ശേഷി നൽകുന്നതെന്ന് അവർ കാര്യമായി മനസ്സിലാക്കട്ടെ!! സമസ്തകേരളസാഹിത്യപരിഷത്ത്, കേരള കലാമണ്ഡലം, പുരോഗമന സാഹിത്യസംഘടന, മലബാർ കേന്ദ്രകലാസമിതി, കെ. പി.എ. സി., കലാകേന്ദ്രം തുടങ്ങി നിരവധി സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ പ്രധാനമായ കർത്തവ്യബോധം ഉണ്ടാകണം. ഇന്നാടിന്റെ സാംസ്കാരിക മണ്ഡലത്തിന്റെ നവോത്ഥാനംകൂടി ഉൾക്കൊള്ളുന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന രാഷ്ട്രീയപ്പാർട്ടികൾ ഇതിൽ അതിഗഹനമായ ഒരു ചുമതലാബോധമുണ്ട്. ഗവമ്മേണ്ടിന്നു ഇതിൽ പലതും ചെയ്യാൻ കഴിയും. യൂണിവേർസിററിയ്ക്കുമുണ്ട് കടമ. മററുള്ളവരെല്ലാം ചേർന്ന് ഒരണക്കൂടത്തിന്നു നിഷേധിക്കാനാവാത്തവിധം ഇക്കാര്യത്തിൽ വേണ്ട സഹായം നല്കാൻ ഗവമ്മേണ്ടിനെ നിർബ്ബന്ധിക്കണം. കേശവമേനോൻ പറഞ്ഞതുപോലെ ഗവമ്മേണ്ടിന്റെ സഹായം ഇല്ലെങ്കിലും നാം ഇതിൽ മുൻകയ്യെടുക്കണമെന്ന വാദത്തിന്റെ മറുവശത്തെ ശരിവെച്ചുകൊണ്ടുതന്നെ അക്കാര്യം ഊന്നിപ്പറയും. എന്താ; ഗവമ്മേണ്ടിന്നു ഇതിൽ ഉത്തരവാദിത്വമില്ലേ? അതോ ഇതും വെറും 'പ്രാദേശിക'ത്തിലെ അധികപ്പററാണെന്ന വാദമുണ്ടാകുമോ ഉണ്ടാവുകയില്ലെന്നു ഞാൻ തീർത്തുപറയാം. കാരണം അമ്മയുടെ മുലപ്പാലിന്റെ മാധുര്യമറിഞ്ഞ മലയാളിയുടെ സിരകളിൽ എഴുത്തച്ഛന്റെ കവിതസ്വാധീനം ചെലുത്തിയിട്ടുണ്ട്. നമ്മെ നാം ഭരിക്കുന്ന ഇക്കാലത്ത് 'തുഞ്ചൻ സ്മാരകം' ഇവിടത്തെ സക്കാരിന്നൊരു കിരിയാത്തക്കഷായമായിരിക്കയില്ലെന്നു എനിക്കുറപ്പുണ്ട്. പക്ഷെ നമ്മുടെ പരിശ്രമമായിരിക്കണം മുന്നിട്ടുനില്ക്കേണ്ടതു്. അന്ധമായ ഒരു നാഷണലിസമാണിതെന്ന വാദക്കാരോട് നമുക്ക് തല്ക്കാലം സലാം പറയാം. കാരണം, മരിച്ചുപോയ എല്ലാവക്കും സ്മാരകം വേണമെന്നു നാം പറയുന്നില്ലെന്നതുകൊണ്ടുതന്നെ

രാത്രി ഒരുമണിയാകാറായിരിക്കുന്നു. ഞാൻ തുഞ്ചൻപറമ്പിൽനിന്നു മടങ്ങുകയാണ്. കവിതനിറഞ്ഞ മനോഹരമായ ഇന്നത്തെ സായാഹ്നത്തെ സമ്പന്നമാക്കിയ പ്രതിജ്ഞ നിറവേററാൻ നാം എത്രയും വേഗം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ ആവേശത്തിന്റെ തിരത്തല്ലൽ അതിന്റെ അതുല്യമായ ഗൌരവത്തോടെ നിലനിർത്തി അടുത്ത ശ്രാദ്ധദിനമാകുമ്പോഴേക്കും ആ മണ്ണിൽ ഒരു സ്മാരകം ഉയർത്തുവാൻ നമുക്ക് സാധിക്കണം.

മന്മഥൻപറഞ്ഞതുപോലെ അതാ ആ ആചാര്യസ്വരൂപം എന്റെമുമ്പിൽ വന്നുനില്ക്കുന്നു........സദാചാരത്തിന്റേയും സാംസ്കാരിക ബോധത്തിന്റേയും ഈ ഒററ ചിന്താഗതിയും കല്പനയുമായി അത്രയൊന്നും കളിചിരി തമാശകളിൽ പങ്കുചേരാതെ—ഒരു തികഞ്ഞ ഗൌരവക്കാരനെപ്പോലെ അതാ അദ്ദേഹം നില്ക്കുന്നു. കറകളഞ്ഞ ദേശാഭിമാനത്തിന്റെ പ്രതിരൂപമായി മതത്തിന്റേയും അന്ധമായ ആഢ്യത്വത്തിന്റേയും അപകർഷകബോധത്തിന്റേയും പാണ്ഡിത്യഗർവ്വത്തിന്റേയും കട്ടപിടിച്ച ഇരുട്ടറയിലേക്ക് അചഞ്ചലമായ തന്റെ സംസ്കാരത്തിന്റെ ആവനാഴിയിൽനിന്നും പരിഷ്കാരത്തിന്റെ ആഗ്നേയാസ്ത്രങ്ങൾ തൊടുത്തുവിട്ടുകൊണ്ടുനില്ക്കുന്ന ആ കവികിരീടിയെ ഞാൻ ഇതാ മുൻപിൽ കാണുന്നു. ചിരിയില്ല; കല്പനനിറഞ്ഞ ഒരു യാഥാസ്ഥിതികത്വത്തിന്റെ പ്രസന്നതമാത്രമെ ആമുഖത്തുള്ളു. ആ എഴുത്താണിയും ഓലപ്പാളികളും പലകയും ഭസ്മക്കുറിയും........ആ പിൻകുടുമയും ഞാനെന്റെ കൺമുൻപിൽ കാണുന്നു......... എനിയ്ക്കുവിടെനിന്നും പോരാൻ തോന്നുന്നില്ല. പക്ഷെ ഞാൻ പോന്നില്ലെങ്കിൽ ആ സുദിനത്തിൽ പങ്കുചേരാൻ കഴിയാതെ ഓരോ മുക്കിലും മൂലയിലും എന്റെ പ്രാതിനിദ്ധ്യത്തിന്റെ അവകാശം പ്രതീക്ഷിച്ചിരിക്കുന്ന വായനക്കാർ കോപിക്കും. അപ്പോൾ എനിയ്ക്കു പറയാനുള്ളതിതാണ്. അവസാനമായി നാമുയർത്തുന്ന സ്മാരകം ആചാര്യന്റെ ഈ പ്രത്യയശാസ്ത്രത്തെ അവലംബമാക്കിയുള്ള അടിസ്ഥാനതത്വങ്ങളിൽ അധിഷ്ഠിതമായിരിക്കണം. ചിന്തിപ്പിക്കുന്ന ഉയർത്തുന്ന ഒരു നിലവാരം ആ സ്മാരകത്തിനുണ്ടായിരിക്കണം. ഇതുവരെ കേരളം കണ്ടിട്ടില്ലാത്ത വ്യക്തിത്വം അതിന്റെ നിർമ്മാണത്തിൽ ചെലുത്തണം.

ഞാൻ യാത്രപറയുകയാണ്. 2. 30ന് ജനത എക്സ്പ്രസ്സ് ചൂളം വിളിച്ചുകൊണ്ടെത്തുന്നു. പരിതൃപ്തിയോടെ ഞാൻ മടങ്ങി. പക്ഷെ എന്റെ ഹൃദയം തുഞ്ചൻപറമ്പിലേക്കുതന്നെ മടങ്ങുകയാണ്. എന്തു ചെയ്യട്ടെ. അക്ഷരലക്ഷങ്ങളുടെ നക്ഷത്രദീപശിഖയിൽ ചൈതന്യത്തിന്റെ നറുനെയ്ത്തിരി കൊളുത്തിയ തുഞ്ചൻപറമ്പേ....നിനക്കനന്തകോടി നമസ്കാരം.... ഞങ്ങളുടെ കമ്പാർട്ട്മെന്റിൽ രണ്ടു പണ്ഡിതന്മാർ. ഞാനവരെ പരിചയപ്പെടാൻ നിന്നില്ല. ആ സംസാരത്തിൽ അലിഞ്ഞുചേർന്നു. ഒരു പുതിയപുലരിയുടെ പ്രസവവേദനയാണ്. തുഞ്ചൻകൃതികളിലൂടെ ഒരു പ്രയാണം. എനിക്കതിൽ ഊളയിടാൻ സാധിച്ചു. ചിറ്റൂരിൽ ആചാര്യന്റെ സമാധിസ്ഥലവുമായി ഏറിയ ബന്ധമുള്ള ഒരാളും അദ്ദേഹത്തിന്റെ സ്നേഹിതനും തൃശ്ശൂക്കാരന്നെയാണ്. പക്ഷെ അവരുടെ സംസാരത്തിൽനിന്നും മറ്റൊന്നുകൂടി സ്പഷ്ടമായി. എഴുത്തച്ഛന്റെ ജീവിതകഥ ഇനിയും വ്യക്തമായ രൂപം പ്രാപിച്ചിട്ടില്ല. അതൊന്നു മുഴമിപ്പിക്കണം....

അതാ....ഷൊർണ്ണൂരെത്തി.......നേരംപുലരുകയാണ്.......ഈ വെളിച്ചത്തിൽ എത്രയെത്ര മാലിന്യങ്ങൾ കഴുകിക്കളയാൻ കിടക്കുന്നു...........

ഞാൻ പൂങ്കുന്നത്തിറങ്ങി. അപ്പോഴും എന്റെ ഹൃദയം മന്ത്രിച്ചു.

"തുഞ്ചൻപറമ്പിലേക്ക്. തുഞ്ചൻപറമ്പിലേക്ക്. നമ്മുടെ ഈ സ്വപ്നം സഫലമാകുന്ന ആ പൊൻമുഹൂർത്തം അത്ര വിദൂരമാണോ? ഒരേ മലയാളിയും ഇക്കാര്യത്തെക്കുറിച്ച് അവസാനവിധി കല്പിക്കേണ്ട കാലം അത്യാസന്നമായിരിക്കുന്നു.


അനുഭവസിദ്ധിയുള്ള

★

മരുന്നുകളും

★

വിദഗ്ദ്ധ ചികിത്സകരും

★ കൊച്ചിൻ ആയുർവ്വേദിക് ★

ലേബറട്ടറീസ് ലിമിറ്റഡ്

P. B. No. 32.

തൃശ്ശിവപേരൂർ.

# ശാകുന്തള ദൃശ്യങ്ങളിലൂടെ

ഗോപാലകൃഷ്ണൻ, കോലഴി

കിനാവു കാണും മിഴികളുമായാ-
നിലാവുദിയ്ക്കും മാമലയിൽ
നിറഞ്ഞ നീലപ്പീലിവിടർത്തി
നിരന്നു നിന്നു മേഘങ്ങൾ
നിറഞ്ഞു വാനിൽ ഹോമാഗ്നിയിൽ നി
ന്നുയർന്ന ധൂമച്ചുരുളലകൾ
വിയത്തിലെത്തും മിഴികളുമായി
ജപിച്ചിടുന്നു കണ്വ മുനി
കരത്തിലഴകിൽ ജപമാലയുമായ്
നിരന്നിരിപ്പൂ ശിഷ്യന്മാർ
കരഞ്ഞിടുന്നു സഖിമാരെന്നാൽ
ശകുന്തളേ നീ എവിടേപ്പോയ്?
പകച്ചു നിൽപൂ "ദീർഘാപാംഗൻ"
ശകുന്തളേ നീ എവിടേപ്പോയ്
ഉയർന്നു വീണ്ടും വായുവിലനും
നിരന്നു നിന്നീച്ചോദ്യങ്ങൾ
യുഗങ്ങളിൽ കൂടാവർത്തിപ്പൂ
ശകുന്ത കന്യക തൻ കഥകൾ
"മരച്ചുവട്ടിൽ കളഞ്ഞ കുഞ്ഞിൻ
പിതൃത്വ മേൽക്കാൻ മുതിരാതെ
കളിച്ചുപോയൊരു കൗശിക മുനിയേ
പ്പിടിച്ചു നിർത്താൻ കഴിയാതെ
ഇഴഞ്ഞു നീങ്ങീ സമുദായത്തിൻ
വിഴുപ്പു പേറും തലമുറകൾ

കളിച്ചു കാലം പോക്കിടുമോണ-
ക്കിളികൾ പോലുമൊരലിവുണ്ടാൽ
വൃകങ്ങളേപ്പോൽ ദയയില്ലാത്തൊരു
മൃഗങ്ങളാണോ മനുജന്മാർ?
ചിരിച്ചു കൈകാൽകുടയും കുഞ്ഞിനെ
വലിച്ചെറിഞ്ഞൊരു മേനകയേ
പിടിച്ചുനിർത്തിപ്പകരം വീട്ടാൻ
വരുന്നു നമ്മുടെ മേനകകൾ
മരച്ചുവട്ടിൽ പിടയും കുഞ്ഞിനെ-
വളർത്തി നമ്മുടെ കണ്വമുനി!
കഴിഞ്ഞു കാലം പിന്നെയുമങ്ങിനെ
വളർന്നുവന്നു മുനിപുത്രി
പ്രിയംവദാഖ്യയു മനസൂയയുമായ്
കളിച്ചു വളരും കന്യകയിൽ
ഒരാൾക്കുതോന്നീ പ്രണയം -[പക്ഷേ;
പരസ്യമല്ലീ വൃത്താന്തം
പുറത്തുചൊല്ലരുതാരും രാജാ-
മൊരുത്തനാണാ ദുഷ്യന്തൻ]
ജപിച്ചിരിക്കും കണ്വമഹർഷിയു-
മറിഞ്ഞു പിന്നീടീവിവരം
നിറഞ്ഞ കണ്ണോടരുമസ്സഖിമാ-
രനുജ്ഞ നൽകിയ നേരത്തിൽ
പറഞ്ഞയച്ചു, ഗൗതമിയൊരുമി-
ച്ചൊരോമനപ്പെൺകുഞ്ഞാളെ

# വഴിയമ്പലത്തിൽ

വിദ്വാൻ കണ്ണത്ത് മാധവൻനായർ.

വിസ്തൃതം പാരമമേയമനോഹര-
വിത്തസമുജ്ജ്വലമീവഴിയമ്പലം.
നന്ദനാരാമാന്തരത്തിലമരുമ-
സ്സുന്ദരവാസവപത്തനം പോലുമ-
നാണിച്ചു പോമിതിന്നത്ഭുതസൌഭഗം
കാണുകിൽ,ലാർക്കൊതിക്കാത്തതിങ്ങെത്തുവാൻ?
സന്തതമാനന്ദപീയൂഷമാസ്വദി-
ച്ചന്തരായങ്ങൾ തൻ ബാധകളെന്നിയേ
ആവസിച്ചീടാമിഹാഗമിച്ചീടുവോ-
നേവനും യാത്ര തിരിച്ചുപോവോളവും.
പിന്നെയീമട്ടിൽ പരസ്പരം പോരടി-
ച്ചെന്തിനഴൽപ്പിശാചിന്നു കൂത്താടുവാൻ
പൊക്കുന്നു ചെന്നിണം കൊണ്ടുമെഴുകിയോ-
രുല്ലൂടഭീകരമണ്ഡപം പാന്ഥരേ!
ആക്രമവകാശമെന്തിലുമൊപ്പമെ-
ന്നോർക്കാതെ കണ്ടതെല്ലാമടക്കീടുവാൻ
ശേഷിയുള്ളോർകൾ തുനിയുകിൽ നിഷ്കൃപം
ശേഷമുള്ളോർക്കണ്ണെയും നിലയെന്തുവാൻ?
പാര മധർമ്മം വമിച്ചു യജമാന-
ഭാവം നടിച്ചു പുളക്കരുതുന്മത്തരേ,
വായിച്ചുനോക്കുക മുമ്പിലെന്നെന്നുമേ
മായാത്തവണ്ണം പതിച്ചോരീവാചകം

'ഈശാവാസ്യമിദം സർവ്വം
യത്കിഞ്ച ജഗത്യാം ജഗത്
തേന ത്യക്തേന ഭുഞ്ജീഥാ
മാഗൃധഃ കസ്യസ്വിദ്ധനം.

---

കിണഞ്ഞു കാലുപിടിച്ചുകരഞ്ഞു
ശകുന്തകന്യക നൃപനോടായ്
മദിപ്പുകൂട്ടും രാജാവരുളീ
"പിതൃത്വമീ ഞാനേല്ക്കില്ലാ........"!
........ ........ ........ ........ ........
........ ........ ........ ........ ........
പറഞ്ഞതില്ലതിനുത്തരമാരും
പറഞ്ഞു നമ്മുടെ കവിമാത്രം
"വിശാലഹൃദയൻ ദുർവ്വാസാവാം
മഹർഷി നല്കിയ ശാപത്താൽ
മറന്നുവത്രേ രാജാവിവളെ"-
ത്തിരഞ്ഞു പിന്നീടൊരുകാലം!
പരാതിയില്ലാപ്രജകൾക്കാർക്കും
നിരാശ തിങ്ങിടുമിക്കഥയിൽ
ഒഴിഞ്ഞുമാറിയ നൃപനെപ്പാരം
പിടിച്ചു നിർത്താൻ മുതിരാതെ
ഇഴഞ്ഞു നീങ്ങി സമുദായത്തിൻ
വിഴുപ്പു ഭാണ്ഡം തലമുറകൾ
"കരഞ്ഞിടുന്നു സഖിമാരയ്യോ
ശകുന്തളേ നീ എവിടെപ്പോയ്?"
പകച്ചു നിൽപൂ 'ദീർഘാപാംഗൻ'
ശകുന്തളേ നീ എവിടെ പോയ്?
വളർന്ന ഭീരുത്വത്താൽ നീയൊരു
തകർന്ന മേനകയാവരുതേ
നിനക്കുവേണ്ടിക്കാവൽ കിടപ്പൂ
വളർന്നിടേണ്ടൊരു നവലോകം!

[എഴുതി വരുന്ന "ശാകുന്തളം യുഗങ്ങളിലൂടെ" എന്ന ഖണ്ഡകാവ്യത്തിലെ ഒരു ഭാഗം]

# കണ്ണുള്ളവർ കാണട്ടെ

ടി. കെ. ജി.

കൊച്ചനുജത്തി,

കണിവെള്ളരിക്കയും കൊന്നപ്പൂവും ഓലപ്പടക്കവും പൂത്തിരിയും ജനഹൃദയങ്ങളിൽ പ്രതീക്ഷകളുടെ പുഞ്ചിരി പരത്തുന്ന വിഷുവിന് വീട്ടിൽ വരാഞ്ഞതിന് നീ എന്നോട് പരിഭവിച്ചിരിക്കയാണെന്നെനിക്കറിയാം. ആണ്ടറുതികൾക്കെങ്കിലുമൊന്ന് വീട്ടിൽ വന്നുപോവാൻ സാധിക്കാത്ത എന്റെ ജോലിത്തിരക്കുകളെപ്പററി നൂറു നൂറു പരാതികൾ പറയാനുണ്ടെന്നും എനിക്കറിയാം. ഞാൻ നിന്നോടു മാപ്പു ചോദിക്കുന്നു.

വിഷുദിവസം ഒരു പൊതുയോഗത്തിൽ സംബന്ധിക്കാനായി വാടാനാപ്പിള്ളി എന്ന സ്ഥലം വരെ പോകേണ്ടിയിരുന്നതിനാലാണ് ഞാൻ വരാതിരുന്നത്. വീട്ടിൽവന്ന് പോകാമായിരുന്നില്ലേ എന്ന ചോദ്യം നീ ചോദിച്ചാൽ അതത്രയൊന്നും അപ്രസക്തമാവില്ല. പക്ഷേ ആ ചോദ്യത്തിന്റെ ഉത്തരം നിനക്കുതന്നെ വ്യക്തമാണ്. കേരളീയസംസ്കാരത്തിന്റെ വിജയക്കൊടി ഉയരെപ്പാറുന്നതൊന്നും പരിഷ്കാരത്തിന്റെ അററംകണ്ട ധന്യന്മാർ വാണരുളുന്ന നമ്മുടെ പ്രിയപ്പെട്ട നാട്ടിൽ നിന്നും നിശ്ചിതസമയത്ത് എവിടെയെങ്കിലും എത്താവുന്ന മട്ടിൽ പോകാനുള്ള വാഹനസൌകര്യങ്ങളില്ല. പഞ്ചവത്സരപദ്ധതിയുടെ നേട്ടങ്ങൾ ഒന്നാംപതിപ്പ് വിററഴിഞ്ഞ്, രണ്ടാമത്തേത് അച്ചടിയിലാണ്. പക്ഷേ, നമ്മുടെ നാട്ടിൽ പത്തിരുപതുകൊല്ലംമുമ്പ് നാട്ടുകാർ വെട്ടിയുണ്ടാക്കിയ പൂഴിനിരത്ത് കണ്ടംചാലുകളായി കിടപ്പാണിന്നും. നമ്മുടെ പ്രിയപ്പെട്ട നാട്ടുകാരെ സംബന്ധിച്ചിടത്തോളം ബഡായികളുടെ സമാഹാരത്തിനാണ് പഞ്ചവത്സരപദ്ധതിയെന്ന പേര്. തങ്ങൾക്കനുഭവപ്പെട്ടാലല്ലേ, അതൊരു സത്യമാണെന്നവർ വിശ്വസിക്കാൻ കൂട്ടാക്കുകയുള്ളൂ? ഒരുപക്ഷേ ഈ ആഴ്ച, മുഖ്യമന്ത്രി കാമരാജനാടാർ വരുമ്പോൾ ഏഴുകൊല്ലത്തെ ഭരണത്തിന്റെ എണ്ണിപ്പറയാവുന്ന നേട്ടങ്ങളെല്ലാം പറഞ്ഞ് അദ്ദേഹം തന്റെ യാത്ര കൊണ്ടുദ്ദേശിച്ച രക്തരഹിതവിപ്ലവം സാധിക്കുമായിരിക്കാം.

അതെന്തോ ആകട്ടെ. ഞാൻ വിഷുദിവസം വാടാനപ്പിള്ളിയിലൊരു പൊതുയോഗത്തിനു പോയിരുന്നു. വെറുമൊരു പൊതുയോഗമായിരുന്നില്ല അത്. ഒരു സാംസ്കാരിക സമ്മേളനമായിരുന്നു. കേരളത്തിലുടനീളം സംസ്കാരത്തിന്റെ രംഗത്ത് ഒരു പുതിയ ഉണർവുണ്ടായിട്ടുണ്ടെന്ന് നിനക്കറിയാം. ഓണംകേറാമൂലകളിൽ പോലും വായനശാലകളും കലാസമിതികളും ഉയർന്നു വരുന്നതിനെപ്പററി ആശ്ചര്യത്തോടുകൂടി നീ തന്നെ എന്നോട് സംസാരിച്ചിട്ടുള്ളതല്ലേ? ചക്കാട്ടുന്ന മാത്തപ്പന്റെ മകൻ ഇട്ടൂപ്പും, തെങ്ങുകയറുന്ന കായിയുടെ മകൻ ശേഖരനും, പ്രൈമറി സ്കൂൾടീച്ചർ കുഞ്ഞിലയും, കല്ലുവെട്ടുകാരൻ പങ്കുണ്ണിയും, ഹോമിയോപ്പതി ഡോക്ടർ മുഹമ്മദും, രജിസ്ട്രാളുടെ അരിവെപ്പുകാരൻ നാരായണനും, കോളേജു വിദ്യാർത്ഥിനിയായ രമണിയും, പലചരക്കുകച്ചവടക്കാരൻ സേതുവും കലാസമിതികളിൽ ഒരുമിച്ചു പ്രവർത്തിക്കുന്നതുകാണുമ്പോൾ നമ്മുടെ നാട്ടിലെ പഴയതലമുറ അമ്പരന്നുനില്ക്കുകയാണ്. യുവത്വത്തിന്റെ ഈ പുതിയനീക്കം അവർക്കു മനസ്സിലാവുന്നില്ല. ഒരു പുതിയ ഉത്സാഹം, ക്രിയാത്മകമായ ഒരു പുതിയ തുടിപ്പ്, ആശാവഹമായ, കരളുറപ്പോടുകൂടിയ, സംഘടിതമായ ഒരു പുതിയമുന്നേററം. അതാണിന്നു സാംസ്കാരിക മണ്ഡലത്തിലുണ്ടായിട്ടുള്ളത്. അതിനെ കണ്ടറിയാനും, ശ്രദ്ധാപൂർവ്വം നോക്കിപ്പഠിക്കാനും; കഴിയുന്നിടമെല്ലാം സഹായിച്ചു വളർത്തിയെടുക്കാനുമുള്ള ഒരു ശ്രമം നടന്നുവരുന്നുണ്ട്. ഈ മഹത്തായ പ്രവർത്തനത്തിൽ പങ്കെടുക്കാനാശിക്കുന്ന ഒരെളിയ സാംസ്കാരിക പ്രവർത്തകനെന്ന നിലക്ക് വാടാനപ്പിള്ളിയിൽ പോയതായിരുന്നു ഞാൻ.

നാട്ടിക ഫർക്കയിലാണ് വാടാനപ്പിള്ളി. നമ്മുടെ നാട്ടിൽനിന്നാണ് പോവുന്നതെങ്കിൽ ഗുരുവായൂർവഴി ആലക്കുള്ള ബസ്സിൽ പോയാൽ മതി. ചേററുവാ കടവുകടന്ന് എങ്ങണ്ടിയൂർവഴി ആ... അങ്ങിനെകിടക്കുന്നു. ബസ്സിലിരുന്നു ഇരുവശത്തേക്കും നോക്കിയാൽ ഒരേകാഴ്ചയാണ് കാണുക. പരന്നുകിടക്കുന്ന മണൽ വിരിപ്പ്. പന്തലിച്ചുനില്ക്കുന്ന പറങ്കിമാവുകൾ. അവിടെവിടെ കൊച്ചു കൈതക്കാടുകൾ. അകലെ തലയുയർത്തിനില്ക്കുന്ന തെങ്ങുകളും. ഈ മണൽപ്പരപ്പിൽ, പ്രശാന്ത ഗംഭീരമായ മനുഷ്യജീവിതത്തിന്റെ സൌന്ദര്യം ഒളിഞ്ഞുകിടക്കുന്നുണ്ടെന്ന് എനിക്ക് ബസ്സിൽ പോകുമ്പോൾ തോന്നുകയുണ്ടായി. ആ ജീവിതത്തിന്റെ ചലനാത്മകതയുടെ പ്രകടനങ്ങളൊന്നും ഞാൻ കണ്ടില്ല. നിരത്തിലൊന്നും ആളുകളധികമുണ്ടായിരുന്നില്ലെന്നർത്ഥം.

വാടാനപ്പിള്ളി നടയിൽ ബസ്സിറങ്ങി, ഒരു ചെറിയ ചായക്കടയിൽ കയറി ഞാൻ യോഗസ്ഥലത്തെക്കുറിച്ചന്വേഷിച്ചു. വന്നവഴി ഏതാണ്ടൊന്നര നാഴിക തൃത്തല്ലൂർ എന്ന സ്ഥലംവരെ പിറകോട്ടു നടക്കണമെന്നും അവിടെനിന്നും പടിഞ്ഞാട്ട് പറമ്പിലൂടെ ഒരരനാഴിക പോയാൽ എന്റെ ലക്ഷ്യത്തിലെത്താമെന്നും ഞാൻ മനസ്സിലാക്കി. ആവിപൊങ്ങുന്ന ഒരുഗ്ലാസ്സ് ചായ ഊതിയൂതികുടിച്ച് ഞാൻ പുറത്തിറങ്ങി.

"നട"യിൽ കൊണ്ടുപിടിച്ച കച്ചവടം നടക്കുകയാണ്. വെററില, കൊള്ളിക്കിഴങ്ങ്, കടൽമത്സ്യം—അങ്ങിനെ പലതും. ശൈശവത്തിന്റെ അവ്യക്തത സംഭാഷണത്തിൽ തങ്ങിനില്ക്കുന്ന മാപ്പിളച്ചെറുക്കന്മാർ വാശിയോടെ തങ്ങൾ വില്ക്കാൻ കൊണ്ടുവന്നിട്ടുള്ള പദാർത്ഥങ്ങളെപ്പററി വിളിച്ചുപറയുന്നുണ്ട്. ചെമ്മീൻ വില്ക്കുന്ന പരീതിനേക്കാൾ ഉച്ചത്തിൽ നിലവിളിക്കുന്നു. വെററിലക്കാരൻ ഹമീദ്. ഹമീതിനേക്കാളും ഉറക്കെയാണ് നിലക്കടലക്കാരൻ മുഹമ്മദ്കുഞ്ഞി. (പേരുകളെല്ലാം എന്റെ സങ്കല്പസൃഷ്ടികളാണ്. കേട്ടോ) ഏതായാലും ആ കാഴ്ചകണ്ട് ഞാനവിടെ കുറച്ചുനേരം നിന്നു. ഓടിച്ചാടി പന്തടിച്ചും തകിലടിച്ചും കളിച്ചുനടക്കേണ്ട കിടാങ്ങൾ ഉപജീവനമാർഗ്ഗം തേടി കമ്പോളത്തിൽ അന്യോന്യം മത്സരിക്കാനിടവരുന്ന ഉദ്യോഗത്തിനെപ്പററി ചിന്തിച്ചപ്പോൾ കരളിലൊരു നേരിയ നീറൽ അനുഭവപ്പെട്ടു. ദേഹമാസകലം ചുട്ടുനീറുന്ന വെയിലിൽ ആ മണൽനിരത്തിലൂടെ ഞാൻ പതുക്കെപ്പതുക്കെ തൃത്തല്ലൂരിലേക്കു നടന്നു.

വഴിയിൽവെച്ച് സ്ഥലം തപാൽ ശിപായിയെ എനിക്കു വഴികാട്ടിയായികിട്ടി. ഇത്തരം ഗ്രാമപ്രദേശങ്ങളിൽ തപാൽശിപായി ഒരു മഹാസ്ഥാപനമാണ്. ഓരോ വീടും അവിടത്തെ ഓരോ അംഗവും അയാൾക്കു പരിചിതമാണ്. അയാൾക്കറിയാത്ത തറവാട്ടുരഹസ്യങ്ങളും ഗാർഹിക വഴക്കുകളും ചുരുക്കമായിരിക്കും. പലപ്പോഴും പലകാര്യത്തിലും അയാളായിരിക്കും മദ്ധ്യസ്ഥൻ. ഇതെല്ലാം വാസ്തവമായതുകൊണ്ട്, തപാൽശിപായിയോടൊപ്പം ഒരു സ്ഥലത്തേക്കുപോകാൻ പുറപ്പെട്ടാൽ ഒരു സംഗതി ഓർമ്മിക്കേണ്ടതുണ്ട്. അരമണിക്കൂർകൊണ്ട് എത്തേണ്ട ദിക്കിലേയ്ക്കാണെങ്കിൽ ചുരുങ്ങിയതു് ഒന്നരമണിക്കൂർ നേരത്തെ സമയമെങ്കിലും കണ്ടേക്കണം. കാരണം, വരണ്ടുനില്ക്കുന്ന പാടവും അതിന്നപ്പുറത്തെ കശുമാവിൻതോപ്പും കടന്നു ഇടവഴിയിലേക്കു തിരിയുമ്പോൾ, കണികൊന്നപോലെ വിടർന്ന പുഞ്ചിരിയുമായി ബീവാത്തുക്കുട്ടി പടിക്കലേക്കു വരികയായി. "പോസ്റ്റുമേനോ, ഞമ്മക്കു കത്തു വന്നില്ലല്ലോ". കഴിഞ്ഞ പ്രാവശ്യം കത്തു വന്ന തിയ്യതി മനസ്സിൽ ഓർമ്മിച്ചുകൊണ്ട് ശിപായി പറയും, "സാരമില്ല, ഉമ്മക്കുട്ട്യേ. മുറപ്രകാരം ശനിയാഴ്ചക്കല്ലേ കത്തു കിട്ടേണ്ടതു്. നീയിങ്ങനെ കിടന്നു പൊരിഞ്ഞാലോ?". വ്രീളാവിവശമായ മുഖത്തോടെ, എന്നാൽ കൃതാർത്ഥതയോടും കൃതജ്ഞതയോടുംകൂടി, ബീവാത്തു മടങ്ങും. അപ്പോഴേക്കും നാണുവാശാന്റെ വരവായി. "എന്താ, മാപ്ലേ, നമ്മളെ വിചാരിക്കിണില്ലേ? "പോസ്റ്റുമാൻ മറുപടി പറയും." ഞാനെന്തു ചെയ്യും, ആശാനേ. ശങ്കരക്കുട്ടി പണമയച്ചാലല്ലേ എനിക്കു കൊണ്ടുവന്നു തരാനൊക്കൂ?" പിന്നെ പത്തു മിനിട്ട് ആശാന്റെ വക കുഡുംബപ്രാരാബ്ധങ്ങളുടെ പട്ടിക നിരത്തലാണ്. അവിടെനിന്നും നീങ്ങിയാൽ അഡ്രസ്സില്ലാത്ത കത്തുകളും മണിയോഡറുകളും തങ്ങൾക്കു കിട്ടിയാൽ കൊള്ളാമെന്നുള്ള അഭ്യർത്ഥനക്കാരായ തനിസ്സൂളന്മാരുടെ വരവായി. "നില

ക്കയിലിലെ മൊയ്തു ജനിക്കുന്നതിന്നുമുമ്പുള്ളതാണ് ഈ അഡ്രസ്സില്ലാത്ത മണിയോർഡറിന്റെ നാടൻ തമാശ. അങ്ങിനെ ഓരോ വീടിന്റെ പടിക്കലും ഓരോ ആളെക്കാണുമ്പോഴും നിന്ന് കുശലം പറഞ്ഞു് നമ്മുടെ തപാൽ ശിപായിയും അയാളെ അനുഗമിച്ചു ഞാനും നടന്നു. "ഈടാർന്നവാത്സല്യമനുരാഗനദി" പോലുള്ള ഈ പോക്കിൽ ഞാൻ കുറെ കാര്യങ്ങൾ ആ നാടിനെപ്പററി മനസ്സിലാക്കി. ഒന്ന്, സിലോണിൽനിന്നും വളരെയധികം പണം പണ്ടു വന്നിരുന്ന ആ പ്രദേശത്തിന്റെ ഇന്നത്തെ നില പരുങ്ങലിലാണ് മുപ്പതുറപ്പികയേ സിലോണിൽ നിന്നും ഒരാൾക്ക് അയക്കാനൊള്ളു. രണ്ട് സിലോണിൽ നിന്ന് പലരും സകുടുംബം തിരിച്ചെത്തി നാട്ടിൽ സ്ഥിരമായി പാപ്പ് തുടങ്ങിയിട്ടുണ്ട്. മൂന്നു, തൊഴിലന്വേഷിച്ചു മറുനാട്ടുകളിലേക്കു വണ്ടികയറുന്ന ചെറുപ്പക്കാരിൽ ഭൂരിപക്ഷവും വീട്ടിലേക്കു പണമയക്കാറില്ല. നേരെമറിച്ച് വീട്ടിലേക്കവർ പണത്തിന്നെഴുതിക്കൊണ്ടിരിക്കയാണ്. ചായയെങ്കിലും കുടിച്ച് ആ ദൂരദേശത്ത് തെണ്ടിത്തിരിയുന്നതിന്നുവേണ്ടി.

അപ്പോൾ സത്യമിതാണ്. ഒന്നുരണ്ടുകൊല്ലം മുമ്പ് ഭയാനകമായ ഒരു ക്ഷാമത്തിന്റെ നീരാളിപ്പിടിയിൽ കിടന്നു പുളഞ്ഞ നാട്ടിക ഇന്നും സമൃദ്ധിയുടെ മടിത്തട്ടിലൊന്നുമല്ല വിശ്രമിക്കുന്നത്. യാതനയുടെ ഞരക്കങ്ങൾ ജനങ്ങളുടെ നെഞ്ചിൽ തങ്ങിനില്ക്കുകയാണ്.

പെട്ടെന്ന് ഒരു കശുമാവിൻതോപ്പിൽനിന്നും ഉച്ചഭാഷിണിയുടെസ്വരം ഞങ്ങളെ എതിരേററു. "പ്രിയപ്പെട്ട നാട്ടുകാരേ യോഗം തുടങ്ങുകയാണ്. സുപ്രസിദ്ധസാഹിത്യകാരനായ ശ്രീ: എം. ആർ. ബിയെ ഞാൻ അദ്ധ്യക്ഷസ്ഥാനത്തേക്കു ക്ഷണിച്ചുകൊള്ളുന്നു."

എന്നോട് യാത്രപറഞ്ഞു് ആ സൽസ്വഭാവിയായ ശിപായി മറെറാരു വഴിക്കു തിരിഞ്ഞു. നേരം സന്ധ്യയോടടുത്തിരുന്നെങ്കിലും ഇളംചൂട് തങ്ങിനില്ക്കുന്ന പൂഴിയിലൂടെ പാദരക്ഷയൊന്നുംകൂടാതെ വേച്ചുവേച്ചു നടക്കുന്ന ആ പൊതുജനസേവകനെ ഞാൻ മറയുന്നതുവരെ നോക്കിനിന്നു. അപ്പോൾ പെട്ടെന്ന് ഒരു സംഗതി എന്റെ മനസ്സിൽ മിന്നി. അന്നു വിഷുവാണ്! അതേ! ആ വിശേഷദിവസത്തിലും മണിയോർഡറുകളുടേയും കത്തുകളുടേയും കെട്ടുമായി വീടുകൾ കയറിയിറങ്ങുകയാണദ്ദേഹം.

പോസ്റ്റ്ശിപായിയുടെ കൂടെയുള്ള യാത്രയിൽ ഞാൻ പെറുക്കിയെടുത്തവിവരങ്ങളുടെ ഭാരം താങ്ങുന്ന ഹൃദയവുമായാണ് ഞാൻ സമ്മേളനത്തിന്റെ പ്രസംഗവേദിയിലേക്ക് കയറിച്ചെന്നത്. എം. ആർ. ബി.യുടെ അദ്ധ്യക്ഷപ്രസംഗം തുടങ്ങുകയാണ്. സമ്മേളനം ഉൽഘാടനം ചെയ്യാമെന്നേററിരുന്ന കെ. ടി. മുഹമ്മദ് വന്നെത്തിയിരുന്നില്ല. ഞാൻ വിചാരിച്ചു. എങ്ങിനെ വരാനാണ്? അദ്ദേഹവും ഒരു പോസ്ററൽ ജീവനക്കാരനല്ലെ? വിഷുവും വായനശാലാ വാഷികവുമെല്ലാം അവരെ സംബന്ധിച്ചിടത്തോളം ഡ്യൂട്ടിക്കുശേഷംമാത്രം വരേണ്ട കാര്യമാണെന്നല്ലെ വെപ്പ്? സാഹിത്യകാരന് വളരുകയും വികസിക്കുകയും ചെയ്യാനുള്ള സർവ്വവിധ സൌകര്യങ്ങളും സ്വാതന്ത്ര്യങ്ങളും യാതൊരുവിധ പട്ടാളചിട്ടയും കൂടാതെ നിർല്ലോഭം നൽകുന്ന ജനാധിപത്യത്തിന്റെ നാടല്ലേ നമ്മുടെ ഭാരതനാട്!

പ്രസംഗങ്ങളെപ്പററി ഞാനൊന്നും പ്രത്യേകിച്ചെഴുതുന്നില്ല. എം. ആർ. ബി. ഇന്നു പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ള അർത്ഥത്തിൽ ഒരു പ്രഗത്ഭ പ്രാസംഗികനല്ല. ഹൃദയത്തിലെ ആശയങ്ങൾ വളച്ചുകെട്ടില്ലാത്ത ലളിതമായ, ആത്മാർത്ഥത തുളുമ്പുന്ന വാക്കുകളിൽ ഹൃദയങ്ങളിലേക്കു പകർന്നുകൊടുക്കുകയാണദ്ദേഹം ചെയ്യുക. പക്ഷെ ഒരുകാര്യം പറഞ്ഞു. ജീവിതം പകർത്തിക്കാട്ടുക എന്നപേരിൽ അർദ്ധസത്യങ്ങളും അസത്യങ്ങളും പറഞ്ഞു പിടിപ്പിക്കുന്ന കലാകാരനെ എതിർക്കേണ്ടതാണ്. ഉദാഹരണത്തിന്ന് 'നീലക്കുയിൽ' എന്ന സിനിമയെ അദ്ദേഹം എടുത്തുകാട്ടി. അതിലെ ശ്രീധരൻമാസ്റ്റർ ഒരു സാമൂഹ്യസത്യനല്ല. മഴനത്തു നനഞ്ഞു കയറിവരുന്ന പാവപ്പെട്ട പെൺകുട്ടികളോട് മര്യാദക്കു പെരുമാറാനുള്ള സംസ്കാരം ഈ നാട്ടിലെ അദ്ധ്യാപകവർഗ്ഗത്തിന്നുണ്ടെന്നതാണ് സത്യം ഇങ്ങനെയും ഒരാളുണ്ടാവാമെന്നാണ് വാദമെങ്കിൽ, അത്തരം അപവാദങ്ങളായ വൃത്തികേടുകളെ പൊക്കിക്കാട്ടലല്ലല്ലോ കലയുടെ കടമ.

ഒരു "വിരുദ്ധ" വാഗ്മിയും പ്രസംഗിച്ചു. ഖദറുകാരെല്ലാം കഴുതകളാണെന്നദ്ദേഹം പറഞ്ഞില്ല. ഒരുപക്ഷെ ഖദറുടുക്കാത്ത രാഷ്ട്രീയം അക്രമരാഹിത്യത്തിന്റെ രാഷ്ട്രീയമാണെന്നു വിശ്വസിക്കാവുന്ന തെളിവുകളില്ലാത്തതുകൊണ്ടാവാം. പക്ഷെ, തന്റെ മുമ്പിൽകൂടിയിരുന്ന രണ്ടായിരത്തിൽപരം സ്ത്രീപുരുഷന്മാർ കോവർകഴുതകളാണെന്നമട്ടിൽ വെച്ചുകീറിക്കളഞ്ഞു, മൂപ്പർ. ഞാൻ ആ മാന്യന് ആവും വിധം മറുപടി പറഞ്ഞു. അതു കേൾക്കാൻ അദ്ദേഹം പ്രസംഗമണ്ഡപത്തിലോ സദസ്സിലോ ഇരുന്നില്ലെന്നുമാത്രം.

പിന്നീട് കലാപരിപാടികളായിരുന്നു. ഇരുന്നു നിരങ്ങിയാലും മുണ്ടിൽ ചളിപറ്റാത്ത പഞ്ചാരപ്പൂഴിയിൽ അമർന്നിരുന്ന് ഞാനും എം ആർ ബിയും അതു കണ്ടു.

അമ്പിളിക്കല പുഞ്ചിരിക്കൊള്ളുന്ന ഒരു രാത്രിയിൽ, അതിന്റെ സൌന്ദര്യം പകർത്തിയെടുത്തപോലെ തിളങ്ങുന്ന കൊയ്ത്തരിവാളുകളുമായി ഗ്രാമത്തിലെ പെൺകൊടിമാർ നൃത്തംവെക്കുന്നതിന്റെ ഒരു ഗാനം അവിടെ ആവിഷ്ക്കരിക്കപ്പെട്ടു വീറിന്റെ സന്ദേശം പകരുന്ന ഒരു ഐവർകളി അവിടെ നടന്നു. കേരളീയ ഗാനങ്ങളുടെ വിവിധ രൂപങ്ങൾ ചൊറചൊറുക്കുള്ള കൊച്ചുമിടുക്കന്മാർ പാടിക്കാട്ടി. കേരളമാതാവിന്റെ അപദാനങ്ങൾ വാഴ്ത്തിക്കൊണ്ട് രണ്ടു യുവാക്കളുടെ മധുരമായ നന്തുണിപ്പാട്ട് ഞങ്ങൾ ശ്രവിച്ചു. അങ്ങിനെ ഇരുപതോളം ഇനങ്ങളുണ്ടായിരുന്നു. "കറവററ പശു" എന്ന നാടകവും.

"ആരാണീ കലാപ്രകടനങ്ങളെല്ലാം സംവിധാനം ചെയ്യുന്നതു? ആരാണീ നടന്മാർക്ക പരിശീലനംകൊടുത്തതു'". ഇതെല്ലാം, ആ കലാപരിപാടികളിൽ മിക്കതിന്റേയും ഉയർന്ന നിലവാരം കണ്ടപ്പോൾ എന്റെ മനസ്സിൽ ഉയർന്നുപൊങ്ങിയ ചോദ്യങ്ങളാണ്. ആററം—ഹൈഡ്രജൻ ബോമ്പിട്ടും ലോകം മുടിക്കാൻ നില്ക്കുന്ന യുദ്ധക്കോമരങ്ങളെ കഴിഞ്ഞയുദ്ധത്തിൽ വെടിയേററു മരിച്ചവരുടെ പ്രേതങ്ങൾ ഉയിർത്തെഴുന്നേററു താക്കീതുചെയ്യുന്ന ഒരു പ്രഹസനംകണ്ടപ്പോൾ ഞാനമ്പരന്നുപോയി. "ഈ കുഗ്രാമത്തിൽ ഇതിനുമാത്രം ഉൽബുദ്ധതയോ?"

ഊണുകഴിക്കാൻ ഞങ്ങളൊരു പ്രവർത്തകന്റെ വീട്ടിലേക്കുപോയി. അവിടെ പൂമുഖത്തിരുന്ന്, ആ സ്നേഹിതന്റെ അമ്മ വിളമ്പിത്തന്ന ചോറും കറിയുമുണ്ണുമ്പോൾ ഒരു തമാശക്കുവേണ്ടി ഞാൻ അന്വേഷിച്ചു. "ഡിസ്ത്രിക്ട് ബോർഡ് തിരഞ്ഞെടുപ്പിൽ ആ[ർ]ക്കാണ് വോട്ടുചെയ്തതു?" ഡിസ്ത്രിക്ട് ബോർ[ഡ്] തിരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് ജയിച്ചനാടാണ് [ഇ]ട്ടിക. അതിനാൽ പ്രതിപക്ഷത്തിനു വോട്ടുചെയ്ത[വ]രാണെങ്കിലും "കോൺഗ്രസ്സ്" എന്നുതന്നെ അവർ [പ]റയുമെന്നായിരുന്നു എന്റെ വിശ്വാസം. പക്ഷെ അവർ പറഞ്ഞതു് അതല്ല.

സംഗതി മനസ്സിലാവാതെ ഞാൻ അവരുടെ മുഖത്തേക്കു തലയുയർത്തി നോക്കി. അവരുടെ കണ്ണുകൾ അസഹ്യമായ എന്തോ വേദനയോടുകൂ[ടി] യെന്നപോലെ ഒരുനിമിഷം എന്റെ മുഖത്തു തറ[ച്ചു] നിന്നു. എന്നിട്ടതു് എന്റെ തലയ്ക്കുമേലെ വെളു[ത്തു] ടിച്ച പൂമുഖചുമരിലേക്കുയർന്നു, വാത്സല്യത്തോടെ [അ]വിടെ തങ്ങിനില്പായി. ഞാൻ അത്ഭുതത്തോടും [ജി]ജ്ഞാസയോടുംകൂടി തലതിരിച്ചു് ചുമരിലേക്കുനോക്കി. എന്റെ ചോദ്യം എത്ര അസ്ഥാനത്തായിരുന്നെന്നെനിക്കുമനസ്സിലായി. അവിടെയതാ ആ ധവളമാ[യ] ചുമരിന്റെ വെണ്മയേയും വെല്ലുന്ന നിഷ്കളങ്കതയു[ള്ള] പുഞ്ചിരിയോടുകൂടി നാട്ടികയുടെ അഭിമാനഭാജനമാ[യ] യ നേതാവു്.

എന്റെ ചോദ്യം തമാശക്കുവേണ്ടിയായിരുന്നുവെന്നറിയാമായിരുന്നതിനാൽ, അമ്മ വീണ്ടും എന്നെ നോക്കി പുഞ്ചിരിതൂകി. ഞാൻ ലജ്ജിച്ചു തലതാഴ്ത്തിക്കൊണ്ടു പിറുപിറുത്തു. "ഞാനീ ഫോട്ടോവൊന്നു കണ്ടില്ല". ചൊടിയോടെ അവർ തിരിച്ചടിച്ചു. "[ക]ണ്ണുണ്ടെങ്കിലല്ലേ, കാണൂ?"

എന്റെ അനുജത്തീ, നാട്ടികയിലെ ആ സാംസ്കാരിക പ്രവർത്തകന്റെ അമ്മ കളിയായി പ്പറഞ്ഞ വാക്യം ഒരു താക്കീതെന്നോണം ഞാനിപ്പോഴും കേൾക്കുകയാണ്. "കണ്ണുണ്ടെങ്കിലല്ലേ, കാണൂ?" ശരിയാണ് കണ്ണുതുറന്നുനോക്കിയാൽ കാണാവുന്ന യഥാർത്ഥ്യങ്ങൾ നമ്മുടെ ചുററും വളർന്നുകൊണ്ടിരിക്കയാണ്. അതു കാണാനുള്ള കണ്ണും കരളും ഉണ്ടാവണമെന്നുമാത്രം.

ഞാൻ ഈ കത്തു നീട്ടുന്നില്ല. ഇപ്പോൾതന്നെ നിനക്കു മുഷിഞ്ഞുകഴിഞ്ഞിരിക്കും, ഇല്ലേ?

നിന്റെ,

ഉണ്ണിയേട്ടൻ.

For all your requirements in paper:

Enquire at:

# MELETH STORES,

PAPERS & SUNDRIES,

**Round West :: TRICHUR.**

നല്ല ആയുൎവ്വേദ മരുന്നുകളും

മേൽമരുന്നുകൾക്കും

എല്ലാ

# ഇംഗ്ലീഷ് മരുന്നുകളും

കുറഞ്ഞ വിലക്ക്

സീതാറാം ആംഗ്ലോ ആയുർവ്വേദ

ഫാർമ്മസി

(ക്ലിപ്തം)

ത്രിശ്ശിവപേരൂർ.

# ജീവിതത്തിന്റെ രഹസ്യം

(ജോസഫ് ചാക്കോള – തൃശൂർ)

ബോംബയിലെ ജനനിബിഡമായ ആ തെരുവിൽക്കൂടി അന്നും ഞാൻ നടന്നു. കടൽപ്പരപ്പിന്റെ തിരമാലകളുടെ സംഗീതം അലയടിച്ചുയരുകയാണ്. ഒരു ഭാഗത്തേക്കും ശ്രദ്ധ കേന്ദ്രീകരിക്കാതെ ഏതു നരകം തന്നെ വന്നെത്തിയാലും തട്ടിനീക്കുമെന്നുള്ള മനോധൈര്യത്തോടുകൂടി നടന്നുപോകുന്ന എന്നെ നോക്കി ആ തിരമാലകൾ പൊട്ടിച്ചിരിക്കുകയായിരിക്കാം. ജനനിബിഡമായ ആ അന്തരീക്ഷം മനുഷ്യശക്തികളോടൊന്നാകെ വെല്ലുവിളിക്കുകയാണ്. എന്റെ പരിസരം മുഴുവൻ മധുരപ്പതിനേഴുകാരികളും, പതിനെട്ടുകാരും സുന്ദരവും, സുരഭിലവും കൂടിയായ സൌന്ദര്യത്തിന്റെ വൈജയന്തികളുയർത്തിക്കൊണ്ട് കൈകോർത്തുപിടിച്ചു നടക്കുന്നു. കുചേല കുബേരവ്യത്യാസമില്ലാത്ത ഒരു ലോകം. മതവും, സമുദായവുമില്ലാത്ത ലോകം, അല്ലെങ്കിൽ ജീവിതംതന്നെ വിശാലമായ ഒരന്തരീക്ഷമാണ്. മരണം അതിലെ വെണ്മേഘശകലങ്ങളും. വാസ്തവത്തിൽ കുചേലനും, കുബേരനുമായല്ല മനുഷ്യൻ വളരുന്നത്. പ്രാപ്തനും കോടീശ്വരനുമായല്ല. ചിന്തകൾ ഉള്ളിൽ ചിറകു വിരിക്കുകയാണ്. ഞാൻ വീണ്ടും നടന്നു.

അങ്ങകലെ ആളുകൾ തിങ്ങിക്കൂടിനില്പുണ്ട്. മിക്കവാറും പരദേശികളായിരിക്കും. ഉദ്യോഗാർത്ഥികളും അഭ്യസ്തവിദ്യന്മാരും, ഉയർന്ന ജോലിക്കാരും ബിരുദധാരികളും അതിൽ കാണും. എല്ലാവരും ആനന്ദത്തിന്റെ മുന്തിരിച്ചാറ് ആസ്വദിക്കുകയാണ്. ഞാൻ നടന്നു.

ഞാൻ പെട്ടെന്ന് നിന്നു!

എന്റെ അടുത്ത് മണൽപ്പരപ്പിൽ ഒരു പ്രേതശരീരം കമഴ്ന്നടിഞ്ഞുകിടക്കുകയാണ്. ജീവിതത്തിന്റെ നേർക്ക് ഒരു ചോദ്യചിഹ്നംപോലെ? ആരും അത് ശ്രദ്ധിക്കുന്നില്ല. ശ്രദ്ധിക്കാൻ അവസരമില്ലാഞ്ഞിട്ടായിരിക്കും. അവകാശിയില്ലാത്ത ഒരു പ്രേതശരീരം. ഒരു കോടീശ്വരനായിരുന്നുവെങ്കിൽ അവകാശം പറയാൻ ആയിരക്കണക്കിനാളുകൾ അവിടെ തടിച്ചുകൂടുമായിരുന്നു. പണമല്ല മനുഷ്യനെ സൃഷ്ടിച്ചതെന്ന വസ്തുത ആരും ഓർത്തുകാണുകയില്ല. പണമെന്നു കേട്ടാൽ പിണവും വായ്തുറക്കും. ആർക്കും മനുഷ്യനെക്കുറിച്ച് ചിന്തയില്ല. ഇന്നലെവരെ അനേകായിരം മധുരപ്പതിനേഴുകാരികൾ ആകാംക്ഷയോടെ ഉററുനോക്കിയിരുന്ന ആ ശരീരം ഇന്നാർക്കും വേണ്ടാതായിത്തീർന്നിരിക്കയാണ്. ഇന്നവർ വെറുപ്പു നിറഞ്ഞ ദൃഷ്ടികൾ അതിനുനേരെ പായിക്കുന്നു. അതിലെ മനോഹാരിതയും, മാദകത്വവും മണ്ണടിഞ്ഞുകഴിഞ്ഞിരിക്കയാണിന്ന്. ഇതാ! ആ ശരീരം ആർക്കും ആവശ്യമില്ല.

തലയോട്ടുകളും അസ്ഥിഖണ്ഡങ്ങളും, മനുഷ്യരോടു സംസാരിക്കുന്നു! അതേ—സംസാരിക്കുന്ന തലയോട്ടുകൾ!

ആർക്കും അതിന്റെ ഭാഷ അറിഞ്ഞുകൂടാ—ലോകം മുഴുവൻ അന്ധവും—ബധിരവുമാണ്. അസ്ഥികൂടങ്ങൾ ഗർജ്ജിക്കുകയാണ്. മനുഷ്യാ നീയും മരണത്തെ പിന്തുടരേണ്ടവനാണ്. ആ ഗർജ്ജനങ്ങളുടെ ശബ്ദം മനോഹാരിതയുടെ മടിത്തട്ടിൽ എത്തിച്ചേരുന്നില്ല. ഇവിടെയാണ് ജീവിതവും അതിന്റെ തേൻപുഴകളുമായുള്ള ബന്ധം അവസാനിക്കുന്നത്. പുലർകാലങ്ങളിൽ ധാരാളം പുഷ്പങ്ങളുള്ള ഒരു മലർവാടിയിൽ ഒഴുകിയിരുന്ന പുഴയാണ് ജീവിതമെന്ന് കരുതിയിരുന്നവർ അവസാനക്കണ്ണീർപ്പുഴയായി അതിനെ കാണുമ്പോൾ നിങ്ങൾ അതിനുമുമ്പിൽ തല കുനിക്കേണ്ടിവരും—ദുഃഖിക്കാത്ത ലോകത്തിൽ സുഖമെന്തെന്ന് അറിയുവാൻ വിഷമമാണ്. സഹനശക്തിയാണ് മനുഷ്യജീവിതത്തിന്റെ ലക്ഷ്യം. സഹിക്കാതെ സുഖിക്കാൻ സാദ്ധ്യമല്ല. മായാമയമായ ലോകത്തിൽ നാം നാമറിയാതെ വന്നുചേരുകയും, നാമറിയാതെ പൊയ്ക്കൊണ്ടിരിക്കയും ചെയ്യുന്നു. മനുഷ്യയുക്തിയിൽ വിശ്വസിക്കാമെങ്കിൽ ശക്തിയിൽ എന്തുകൊ

ണ്ട് വിശ്വസിച്ചുകൂടാ? കോടീശ്വരന്മാരുടേയും വീരകേസരികളുടേയും, ജീവിതംമരണത്തിന്റെ മുൻപിൽ തലകുനിച്ചുകൊടുത്തവയാണ്. മൺകുമ്പാരങ്ങൾ അങ്ങിനെ ഉയന്നു നില്ക്കുമ്പോൾ അതിന്നടിയിലുള്ള അസ്ഥിപഞ്ജരങ്ങൾ തലയുയത്തി നമ്മോടാജ്ഞാപിക്കുകയാണ്. "നീയ്യും ഞങ്ങളെ പിന്തുടരേണ്ടിവരും"– ചരിത്രമെഴുതി ഖ്യാതി സമ്പാദിക്കാൻ ആഗ്രഹിക്കുന്നവൻ ചരിത്രം പഠിക്കാൻ ആഗ്രഹിക്കുന്നില്ല. ആ ഉത്സാഹമില്ലായ്മയുടെ നേരെ അസ്ഥിപഞ്ജരങ്ങൾതലയുയത്തുന്നു. നാലു് വയസ്സിലും, ഏഴിലും, പത്തിലും, ഇരുപതിലും, എന്നുവേണ്ട നൂറുവയസ്സിലും മരിച്ചവരെ നമുക്കറിയാം. സുന്ദരികളും, സുന്ദരന്മാരും അങ്ങിനിരന്നുകിടക്കുന്നു. അവരെല്ലാംതന്നെ സ്വപ്നഭൂമിയിൽ പരദേശികളായിരുന്നു. ഏകാന്തതയിൽ മുങ്ങിക്കുളിച്ച് അനന്തതയുടെ വിരിമാറിലേക്ക് ഇന്നവർ പറന്നുപോയി. കുചേലന്റെ മാടത്തിലും, കുബേരന്റെ മേടയിലും, ആ മരണമണിയുടെ ശബ്ദം പാഞ്ഞെത്തും. ഞാൻ മനുഷ്യന്റെ പ്രാപ്തിയിലോ കഴിവിലോ വിശ്വസിക്കുന്നില്ല. ജനിച്ചശേഷമേ മനുഷ്യശക്തി അവനിൽ പ്രവത്തിക്കുന്നുള്ളു. മനുഷ്യാ, സഹനവും, ശക്തിയും, രണ്ടു ദിവ്യായുധങ്ങളായി നീ മുന്നേറുക. നിന്റെ രഥചക്രം മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുന്നു. സ്ഥലത്തിന്റെ വിശേഷതയിലും, ഫലത്തിന്റെ മധുരിമയിലും, നീ വിശ്വസിച്ചുകൊണ്ടു് ഓരോ നിമഷത്തിലും കോടിക്കണക്കിന്നു മരണ മണികൾ അടിച്ചുകൊണ്ടിരിക്കുന്നുവെന്നു് വിശ്വസിച്ചുകൊണ്ടു് ജീവിക്കുക. അതാണ് ജീവിതത്തിന്റെ രഹസ്യം.

—★—

തൃശ്ശൂരിലെ

ഏററവും മികച്ച സ്ഥാപനം

ചാക്കോളാസ് സിൽക്ക് ഹൌസ്

മഴവില്ലിന്റെ മനോഹാരിതയുള്ള
സിൽക്കുസാരികൾക്കും

മറെറല്ലാ തുണിത്തരങ്ങൾക്കും




Chakolas
SILK HOUSE
TRICHUR★ERNAKULAM

# ധീരവ്രതം

കൃഷ്ണചന്ദ്ര ഭട്ടാരകപ്രണീതാ

കെ. പി. നാരായണപിഷാരടികേണ കേരളഭാഷാതോ വിവർത്തിതാ

പൂർവ്വഭൂതാനുവൃത്തം

പ്രഥമോങ്കഃ

ദ്വിതീയോ രംഗഃ

(തതഃ പ്രവിശതി ഭീഷ്മഃ)

ഭീഷ്മഃ - താതസ്യ പ്രതാപേന ധർമ്മനിരതത്വേന ച നാസ്യ പ്രഭാസു നാം കാമപി വിപത്തിഃ സർവ്വേ ക്ഷേമേണ വർത്തന്തേ. പ്രാപ്തതരം കൃതേപി സൂക്ഷ്മാന്വേഷണേ നാല്പമപ്യധിഗതമന്യായ്യം. അഹോ! മഹീയസീ ഖലു ധർമ്മസ്യ ശക്തിഃ (വിമൃശ്യ) അഥ കിമസ്യ തത്വം യോ ധർമ്മോ ധർമ്മ ഇത്യുൽഘുഷ്യതേ. (ചിന്താം രൂപയതി)

(തതഃ പ്രവിശതി വ്യാസഃ)

വ്യാസഃ - വത്സ ദേവവ്രത!

ഭീഷ്മഃ - (ദൃഷ്ട്വാ) അയേ മുനീന്ദ്രോ വ്യാസഃ. ഭഗവൻ! ശിഷ്യോ ദേവവ്രതോഭിവാദയതേ. (വന്ദതേ)

വ്യാസഃ - വത്സ ദീർഘായുർഭൂയാഃ (അനുഗൃഹ്യതേ) ദേവവ്രത! കുതഇദാനീം.

ഭീഷ്മഃ - താതനിയോഗാൽ ഗൂഢമേവ രാജ്യക്ഷേമമന്വിഷ്യ പ്രതിനിവൃത്യതേ.

വ്യാസഃ - വത്സ! ഉപസ്ഥിതാ ഖലു സൂര്യാസ്തമയവേലാ. സന്നികൃഷ്ട ഏവാസ്യാ നദ്യാസ്തീരേ മമാശ്രമഃ. അദ്യാത്രൈവ വാസോ ഭവതു.

ഭീഷ്മഃ - ഭഗവൻ ഏവം ഭവതു

വ്യാസഃ - വത്സ! കിമിദം ഗാഢമാലോച്യമാനമിവ ദൃഷ്ടഃ?

ഭീഷ്മഃ - ധർമ്മസ്യ തത്വം കിമിതി സാധു നാവഗച്ഛാമി. ഏകസ്യ ധർമ്മ ഏവ പരസ്യാധർമ്മോ ഭവതി. ഏകമേവ കർമ്മ കേനചിൽ ക്രിയമാണം കദാചിൽ ധർമ്മോന്യദാ ചാധർമ്മഃ സമ്പദ്യതേ തദാ ച കിം വാ ഭവേദസ്യ ധർമ്മസ്യ മൂലം?

വ്യാസഃ - വത്സ! ധർമ്മസ്യ ഗഹനാ ഗതിഃ

ഭീഷ്മഃ - തസ്യാവഗമേ കോ നാമോപായഃ?

വ്യാസഃ - ആത്മനോ ഹൃദയമേവാത്ര പ്രമാണം.

ഭീഷ്മഃ - കഥമഹം തൽ സാക്ഷാൽ കരോമി?

വ്യാസഃ - ഹൃദയമേകാഗ്രതയാ നിയമ്യ ദത്തകർണ്ണോ ഭവ. തദാ ഹൃദയാന്മധുരഗംഭീരഃ സ ധർമ്മതത്വനാദഃ ശ്രൂയേത.

ഭീഷ്മഃ - (കർണ്ണം ദത്വാ) ന ശ്രൂയതേ. ഗുരുദേവ! ന കിമപി ശ്രൂയതേ.

വ്യാസഃ - അസ്തി ശ്രൂയേത ഇയം ദീയതേ മയാ പരമാത്മജ്ഞാനശക്തിഃ. പരീക്ഷസ്വ. സകൃദ്ദത്തകർണ്ണോ ഭവ. ധർമ്മതത്വസ്യ മധുരഃ സ നാദഃ കിം ന ശ്രൂയതേ ഹൃദയാൽ പരീക്ഷസ്വ

ഭീഷ്മ:- (കർണ്ണംദത്വാ) അസ്തി, അസ്തി. സുദൂരാദിവ സമുദ്രധ്വനിനിർവ്വിശേഷ: കശ്ചിൽ ധ്വനിരസ്പഷ്ടം. ശ്രൂയതേ.

വ്യാസ:-കച്ചിൽ ജ്ഞാതസ്തസ്യാൎത്ഥ:?

ഭീഷ്മ:- നഹി നഹി. നകിമപിജ്ഞായതേ മമ.

വ്യാസ:-തൎഹി സകൃദപി മന: സമാധീയതാം.

ഭീഷ്മ:- ശ്രൂയത ഇദാനീം സ ധ്വനി: സുസ്പഷ്ടം.

വ്യാസ:-ദേവവ്രത! പരാൎത്ഥം സ്വാൎത്ഥത്യാഗ ഏവ സൎവ്വധൎമ്മാണാം മൂലം. കിം ന ശ്രൂയതേ താദൃശ ഏവ കശ്ചിൽ ധ്വനി:? കിം വാ സപ്രതിധ്വന്യതേ കർണ്ണപുടേ?

ഭീഷ്മ:- ഭഗവൻ! കിം സ്വാൎത്ഥത്യാഗ:?

വ്യാസ:- അഥകിം. സ്വാൎത്ഥത്യാഗ ഏവ. അസംശയം ദേവപാദമൂലേ സ്വ സുഖസ്യ ബലിദാനമേവ. തദേവ പരമധർമ്മബീജം. തദേവ സനാതനധർമ്മതത്വം. തസ്മാദേവാംകുരിതാഃ സൎവ്വേപ്യന്യേ ധർമ്മാ:

ഭീഷ്മ:- കിം ദേവപാദമൂലേ സ്വസുഖബലിദാനം?

വ്യാസ:- അഥകിം. സാദരം, സസന്തോഷം, ദേവപാദമൂലേ സമൎപ്പണീയം ബലിരൂപേണ സ്വകീയം സുഖം.

ഭീഷ്മ:- ഭഗവൻ! കേ തേ ദേവാഃ?

വ്യാസ:- സഹജീവിനോ മനുജാ ഏവ തേ ദേവാ.

ഭീഷ്മ: (സ്വഗതം) മനുജോ മനുജസ്യ) ൎത്ഥേ ബലിം കുൎയ്യാന്നിജം സുഖം! സ്വാൎത്ഥസൎവ്വസ്വസന്ത്യാഗഃ! (പ്രകാശം) കിമൎത്ഥമിദം ഗുരുദേവ!

വ്യാസ:- പരമസുഖപ്രാപ്ത്യൎത്ഥം, സർവ്വോത്തമനിത്യസുഖപ്രാപ്ത്യൎത്ഥം, ഈശ്വരാൎപ്പണബുദ്ധ്യാ തൽ ക്രിയതാം. സ ഏവ കർമ്മയോഗഃ. സ ഏവ പരമോ ധർമ്മഃ.

ഭീഷ്മ:- കിന്നാമ തസ്യ പരമസുഖസ്യ സ്വരൂപം?

വ്യാസ:- വിവേകസ്യ പ്രസന്നതാ, ആത്മനി പ്രകാശഃ, മനുഷ്യത്വസ്യാനുഗ്രഹസിദ്ധിഃ, മനസോ മഹാശമ:, ഏതൽ സർവ്വമായത്തമസ്മിൻ പരമസുഖേ— സ്വാൎത്ഥത്യാഗജന്യേ പരമസുഖേ—തസ്മിന്നേവ—നാന്യത്ര. അസ്യ സന്നിധൌ സർവ്വമപ്യന്യൽ സുഖം നിസ്സാരം—നിഷ്പ്രഭം. സൂൎയ്യസന്നിധൌ ഖദ്യോത ഇവ. സ്വാൎത്ഥത്യാഗ ഏവ മനുഷ്യസ്യ വിജയരഹസ്യം. തദേവ സർവ്വസമുദായാഭ്യുദയസ്യാധിഷ്ഠാനം. മഹദിമൂദ്ദേശ്യം പുരസ്കൃത്യ കൎത്തവ്യം കുർവ്വന്നനുഭവേത്തൽ പരമസുഖം. സ ഏവാനുഭവേന്നാന്യഃ.

ഭീഷ്മ:- ഉപപദ്യതേ. ഭഗവൻ! ഗൃഹീത ഉപദേശഃ.

വ്യാസ:- തേന ഹി മനഃ സമാധായ സ സ്വാൎത്ഥത്യാഗമഹാമന്ത്രഃ സമുച്ചാൎയ്യതാം. പ്രഥമമസ്പഷ്ടം. തതഃ സ്പഷ്ടം, അനന്തരമതിസ്പഷ്ടം ച പരമാനന്ദോനുഭൂയേത. ദേവവ്രത! പ്രത്യഹം ജപ്യതാം.

ഭീഷ്മ:- (സാഞ്ജലിബന്ധം) ഭഗവൻ! അനുഗൃഹീതോസ്മി

വ്യാസ:- (വിലോക്യ) ആസന്നഃ സന്ധ്യാസമയഃ ആശ്രമം ഗച്ഛാവഃ (നിഷ്ക്രാന്തൌ)

തൃതീയോ രംഗഃ

തതഃ പ്രവിശതി യമുനാതീരോപവിഷ്ടാ സത്യവതീ.

സത്യവതി- കിയാൻ നാമകാല ഏവമേകവിധമേവ മേ ജീവിതം യാപയന്ത്യാഃ സൂൎയ്യ

ദസ്യാദയാസ്തമയൌ വിഡംബയതി മേ
ജീവിതമിദം. സൂര്യ്യ ഉദിയാൽ, അഹം യ
മുനാതീരമുപസൎപ്പേയം. സൂര്യ്യോ ƒസ്തംഗ
ച്ഛേൽ, അഹമപി ഗൃഹമുപഗച്ഛേയം. കി
മീദൃശം സംവിധാനം മനുഷ്യജീവിതസ്യ
യദി നാമ നാഹമേവം സ്ഥിരയൌവനം
നാം ഭവിഷ്യം തദാഹമിദാനീം വൃദ്ധാ ƒഭവി
ഷ്യാം. ജീവിതവൈചിത്ര്യം കിഞ്ചിദപ്യന
നുഭൂയ പലിതകേശാ ദശനശൂന്യവദനാ
വൃദ്ധാ ƒ ഭവിഷ്യം. അഥവാ കിമർത്ഥമഹ
മേവം മനോരഥമാവഹാമി. അയമേവ
മമ ജന്മവിധിഃ. തദാ സ മഹർഷിഃ, അ
സാധാരണം തേജോദധാനഃ സ മുനിവരഃ,
നിഗ്രഹാനുഗ്രഹശക്തിശാലീ സ യോഗി
വര്യ്യഃ കിമർത്ഥമനേന മാർഗ്ഗേണാഗതഃ?
കിമർത്ഥം നാനാരൂപാ ദിവ്യസിദ്ധയഃ പ്ര
ദർശിതാഃ? സ മഹാത്മാ മമാംഗേ സഹജമ
പവാഹ്യ മത്സ്യഗന്ധം ഹൃദയഹാരി സൌ
രഭ്യമജനയൽ. നദീമദ്ധ്യേ നവം കഞ്ചന
ദ്വീപമുൽപാദയാമാസ. തതോ മധുരഗം
ഭീരേണ സ്വരേണ മാമവദൽ—

(സഖിദ്വയം പ്രവിശതി)

പ്രഥമാ–സഖി! ഇയമത്ര വർത്തതേ മത്സ്യഗ
ന്ധിനീ.

ദ്വിതീയാ– കിം സത്യവതീ? കുത്ര? (ദൃഷ്ട്വാ)
സഖീ! കിമേവമേകാകിനീഹ വർത്തസേ?
കിയച്ചിരമന്വിഷ്യസേ!

സത്യവതീ– കിമർത്ഥം?

പ്രഥമാ– ഉപസ്ഥിതാ ഗമനവേലാ. ഗൃഹം ഗ
ച്ഛാമഃ

സത്യവതീ– അഹമാഗമിഷ്യാമി. ഗച്ഛതാം ഭ
വത്യൌ.

ഉഭേ– കുതളിദം. സമയേസ്മിന്നേകാകിനീം ത്വാ
മത്ര പരിത്യജ്യ കിം വാ യുക്തമാവയോ
ർഗ്ഗമനം?

സത്യവതീ– കിം ന കഥിതംമയാ ഗച്ഛതാം ഭവ
ത്യാവിതി! കിമർത്ഥം മുധാ മാമേവം ക്ലേശ
യഥഃ?

ഉഭേ– സഖീ! കിമേവം കുപ്യസി. ആവാഭ്യാം
കിമപരാദ്ധം?

സത്യവതീ–സഖ്യൌ! യുവാഭ്യാം ന കിഞ്ചിദപ
രാദ്ധം. ക്ഷമാപയേ യന്മയാ കുപിതം.
(ശന്തനുഃ സശരചാപഹസ്തഃ പ്രവിശ്യ നി
ഗൂഢമേകാന്തേ വിടപായകൻ സ്ഥിതഃ)

പ്രഥമാ– ഭവതു. അപ്രാർത്ഥിതാഭ്യാ മേവ മർഷി
തമാവാഭ്യാം. സാമ്പ്രതം ഗൃഹം ഗച്ഛാമഃ

സത്യവതീ– കിമസ്തു യുവയോർമ്മയി സ്നേഹഃ?

പ്രഥമാ– ത്വയി സ്നേഹഃ? ഹന്ത! കേയം വാക
മുത്ഭാവിതമിദം? സ്നേഹോ നാമ കിം ക്രേ
യമൌഷധമുത ഖേയം?

സത്യവതീ– നഖലു നർമ്മഭാഷ മിദം മമ. യുവ
യോർമ്മയി യദ്യസ്തി സ്നേഹസ്തർഹി സ പ
രിത്യജ്യതാം. യഥാശക്തി ദ്വേഷഃ ക്രിയതാ
മസ്മിൻ ജനേ.

ദ്വിതീയാ– കിമിദമുച്യതേ, സഖി!

സത്യവതീ– കിം ജ്ഞായതേ യുവാഭ്യാം, കാ നാ
മാഹമിതി.

പ്രഥമാ– ആം ജ്ഞായതേ ത്വം സത്യവതീ.

സത്യവതീ– പുനഃ കിം ജ്ഞായതേ മത്സം
ബദ്ധം!

ദ്വിതീയാ–ത്വം ദാശരാജ സ്യ ദുഹിതാ. പൂർവ്വം
ത്വദംഗേ സർവ്വദാമത്സ്യഗന്ധ ആസീൽ
മഹർഷേഃ കസ്യചിദനുഗ്രഹത്താൽ സർവ
മപഗതം. അതിമനോഹരഃ സർവ്വതോ
വിസാരീ സുഗന്ധഃ സഞ്ജാതഃ ത്വയാ ക
ല്പിതേƒംഗാരകേപിസവിശേഷഃസുഗന്ധോ
ഭവേൽ. നിത്യ ഷോഡശ വർഷാ ത്വം. കാ
മം സ്ത്രീണാം യൌവനം ക്ഷണഭംഗുരം.
തവതു യൌവനം ശാശ്വതം.

പ്രഥമാ:— സമാപ്തം, സർമവസിതം. അ:തപരം ന കിമപിജ്ഞായതേ നൈവ കിമപി

സത്യവതീ:— തേനഹിയുവയോന്ന സമഗ്ര പരിചയോ മത്സംബന്ധേഷു. നഹീനഃ ജ്ഞാതാഹം യുവാഭ്യാം. നാപിശക്യംജ്ഞാതും. അഹം നാഗച്ഛാമി സാകം യുവാഭ്യാം. ഗമ്യതാം താവൽ.

പ്രഥമാ:— കിന്നിമിത്തം നാഗച്ഛസി?

സത്യവതീ- തന്നാഹം കഥയാമി.

പ്രഥമാ= അകഥനേ കാരണം?

സത്യവതീ:— (ദീർഘം നിശ്വസ്യ) യുവാംഗച്ഛതം. അഹം മുഹൂർത്തമേകാകിനീ തിഷ്ഠാമി. രാജ്യമഹമേനാസ്തി. ഗേഹമനമേ നാസ്തിയൽകിഞ്ചിദപി നാസ്തി. (ചക്ഷുഃപ്രമാർജ്ജതി)

ദ്വിതീയ:— സഖി! കിമിത്ഥം രുദ്യതേ? കഥ്യതാം സഖി! കിമിദം? കസ്യാഞ്ചന ചിന്തായാം നിമഗ്നാ ദൃശ്യസേ. അശ്രു ച പ്രവഹതി. ബഹുശസ്ത്വാം ദൃഷ്ടവത്യസ്മി മദ്ധ്യേമദ്ധ്യേ ശൂന്യദൃഷ്ടിംമുഹുന്നി:ശ്വസന്തീം. ഛിന്നതന്ത്രീരിവ വീണാ ത്വമകാണ്ഡഭാഷണാദപിരമസി. കിന്നിമിത്തമിദം? കഥ്യതാം സഖി!

സത്യവതീ:— ന കിഞ്ചിൽ. നാസ്തി കിമപി. യുവാം ഗച്ഛതം. അഹമനുപദമാഗമിഷ്യാമി

പ്രഥമാ:—(ദ്വിതീയാം പ്രതിജനാന്തിക.) ദുസ്സഹായാം കുത്രചിദ്വമനോ വ്യഥായാം പതിതാ നൂനം സഖീ. കദാചിൽ കസ്മിന്നപി നിമിത്തേ ദേവ്യാദിക്ഷിപ്താ സ്യാൽ സഖീ ആവാം കിഞ്ചിദപസൃത്യ പ്രതീക്ഷാവഹൈ. മാഖേദയാവ, പരസ്താൽപൃച്ഛാവ. (പ്രകാശം) തേനഹി പുരസ്താൽ ഗച്ഛാവഃ അനുപദമേ വാഗന്തവ്യം. അന്യഥാ കോലാഹലായ കല്പേത. (ഉഭേ നിഷ്ക്രാന്തേ)

ശന്തനു:— (സ്വഗതം) അഹോ! കീദൃശഃ പരിമളഃ! കീദൃശീ രൂപമാധുരീ! (സത്യവതീമുപസൃത്യ) സുന്ദരി! കാനാമ തത്രഭവതീ? ഏകാകിനീ കിമിഹ വർത്തസേ?

സത്യവതീ—(ശന്തനു ദൃഷ്ട്വാ സസംഭ്രമമുത്ഥായ സ്വഗതം) കഥമിദം? അസാവപി ശബ്ദഃ സ ശബ്ദ ഇവ മധുരഗംഭീരഃ കോ വാ ഭവേദേഷഃ? (സസങ്കോചം പ്രകാശം)അഹം കാചിദ്ദാശകന്യകാ. ദുഹിതാ ദാശരാജസ്യ. ഭവാൻ പുനർമഹാനുഭാവഃ?

ശന്തനു:— അഹം ഹസ്തിനാപുരാധിപതിഃ ശന്തനുഃ. മൃഗയാർത്ഥം വനമിമമുപഗതഃ. സുന്ദരി! ഭവത്യാ അംഗസൌരഭ്യേണാഹമത്രാകൃഷ്ടഃ.

സത്യവതീ:— (സലജ്ജം) സാധയാമി താവൽ സഖ്യൌ മാം പ്രതീക്ഷേതേ. (അന്തരാ പരിവൃത്യാവലോകയന്തീ നിഷ്ക്രാന്താ)

ശന്തനു:—അപൂർവ്വേയം രൂപമാധുരി. കിം നാമൈഷാ ദാശ്യകന്യകാ?

(പ്രവിശ്യ)

മാധവ:— മഹാരാജ! ഉൽപ്ലുത്യ ഗതാ മൃഗീ

ശന്തനു:—രതിദേവ്യേവ സാ.

മാധവ:— മഹാരാജ? കാ?

ശന്തനു:—സാ യുവതിഃ യാ നാമാത്രാസീൽ സാ സുന്ദരീ.

മാധവ:— ആം ജ്ഞാതം മൃഗയാർത്ഥം ഖലു ആഗമനം. ശരസ്തു സുഹൃദയമനുപ്രവിഷ്ടഃ. കാമാസ്ത്രായം ശരഃ രതിശ്ച തത്രകാരണം.

ശന്തനു:— വയസ്യ യൽസത്യം മഹാസുന്ദരീ ഖലു സാ.

മാധവ:—അവിധാ അവിധാ. തേനഹി കമ്പിതമിവ മേ മനഃ ഹൃദയമിദം തത്തൽ പരിവർത്തതേ.

ശന്തനു:— വയസ്യ! നേയം കേളീ.

മാധവ:_നേയം കേളീ. അപിതു കാളീ ദാശപുത്രീ.

ശാന്തനു:— കിം ത്വയാ ദൃഷ്ടാ?

മാധവ:— അഥകിം ദൃഷ്ടാ.

ശാന്തനു:— അഥ കേനോപായേന സകൃദപി ദൃശ്യേത? അസംശയം സാനൈവ ദാശകന്യകാസ്യാൽ.

മാധവ:— അസംശയം മയാ ജ്ഞാതം സാ ദാശകന്യകൈവേതി.

ശാന്തനു:— ഭവതു അപിനാമ പിതാം സകൃദപി ദ്രഷ്ടുമഹമപാതാരയേ?

മാധവ:— ദൃഷ്ടയാ തയാ കിം ലഭ്യതേ? യദി സാ മനസാ പരിഗ്രഹീതവ്യാ തർഹി ശ്വഃ പ്രഭാതഏവ സ്വയം ദാശരാജമുപഗമ്യ പ്രാർത്ഥയാവഃ. ഏഹി, ഗച്ഛാവസ്താവൽ.

ഉഭൌനിഷ്ക്രാന്തൌ.

---

—* അരുണോദയം *—

പ്രൌഢാലഖനങ്ങൾ, ചിരിപ്പിക്കുന്നതും ചിന്തിപ്പിക്കുന്നതുമായ ചെറുകഥകൾ, കവിതാം ഉള്ളിതുള്ളുന്ന കവിതകൾ ഇവകളുടെ സമ്മോഹന സമ്മേളിതരൂപമാണ് അരുണോദയം.

ഇന്നുതന്നെ കോപ്പിക്കെഴുതുക.

എഡിറ്റർ അരുണോദയം
ഇരിങ്ങാലക്കട.

കേരളത്തിലെ ഒരു പ്രമുഖ പ്രസ്ഥാനമെന്നു
ഇതിനകം പ്രസിദ്ധിയാർജ്ജിച്ച

# ഇ. ടി. യം. വൈദ്യശാല

H. O. ഒല്ലൂർ.

ശാസ്ത്രീയമായ എല്ലാ മരുന്നുകൾക്കും, ധാര, പിഴിച്ചൽ, നവരക്കിഴി, ശിരോവസ്തി, മുതലായ ചികിത്സകൾക്കും, പഞ്ചകർമ്മം, രക്തമോക്ഷം, എന്നീ പ്രധാന ശോധന ചികിത്സകൾക്കും, ആയുർ പൽപൊടി, വിഷ്ണുല്ലൂർ എണ്ണ, തകശ്രീഘൃതം, മുതലായ ഔഷധങ്ങൾക്കും, ഞങ്ങളെ സമീപിക്കുക.

ബ്രഹ്മശ്രീ: ഇ. ടി. രവിമൂസ് അവർകൾ എല്ലാ ബുധനാഴ്ചകളിലും, തൃശ്ശൂർ ബ്രാഞ്ചിലും, ഒന്നിടവിട്ട ഞായറാഴ്ചകളിൽ കോഴിക്കോട്ട് ബ്രാഞ്ചിലും, വെച്ചു രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതാകുന്നു.

കൂടാതെ പഠിപ്പും, പരിചയവും, സിദ്ധിച്ച വൈദ്യന്മാർ എല്ലാ ബ്രാഞ്ചുകളിലും രോഗികളുടെ സൌകര്യാർത്ഥം പരിശോധിച്ചു ചികിത്സിക്കുന്നതാകുന്നു.

അഗതികളായ രോഗികൾക്ക് മരുന്നുകൾ ധർമ്മമായി കൊടുക്കുന്നതാണ്.

മാനേജർ.
ഇ ടി. യം. വൈദ്യശാല
H. O. ഒല്ലൂർ.



# വളരുന്നതലമുറ.

പ്രിയപ്പെട്ട കൊച്ചനുജന്മാരെ, അനുജത്തിമാരെ,

കളരിയിൽ ആദ്യമായി നിങ്ങൾ അരങ്ങേറുമ്പോൾ ഈ കുഞ്ഞേട്ടൻ എന്തെങ്കിലും ഒരു 'രണ്ട്‌വാക്ക്' പറയാതിരിക്കുന്നത് ഒരു ഭംഗികേടല്ലെ? പറയാം. എന്താണ് പറയേണ്ടത്? നിങ്ങൾക്ക് കഥ കേൾക്കാനായിരിക്കും കൂടുതൽ ഇഷ്ടം. അല്ലെ? അതുകൊണ്ട് ഞാനൊരു കഥതന്നെ പറയാം. കേട്ടോളൂ. ശ്രദ്ധിച്ചുകേൾക്കണേ.

നിങ്ങൾ ത്യാഗത്തിനെപ്പറ്റി കേട്ടിട്ടില്ലേ? തീർച്ചയായും ഉണ്ടായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു ഒരുപക്ഷെ ലോകത്തിൽ എവിടേയും വെച്ച് ഭാരതത്തിലായിരിക്കണം ത്യാഗികൾ അധികം ജന്മമെടുത്തിരിക്കുന്നത്. പക്ഷെ നാമൊന്ന് ചുഴിഞ്ഞാലോചിക്കുമ്പോൾ അതിൽ പലതിലും സ്വാർത്ഥതയുടെ ഒരു കൊച്ചു നിഴലാട്ടം കണ്ടെന്ന് വരാം. സ്വാർത്ഥതയുടെ അരങ്ങേറ്റം ത്യാഗത്തിന്റെ മാററ് കുറക്കും. തിരെ സ്വാർത്ഥത തീണ്ടാത്ത ഒരു കഥയാണ് ഞാൻ നിങ്ങളോട് പറയാൻ ഉദ്ദേശിക്കുന്നത്.

വളരെക്കാലം മുൻപ് അറബികളും റോമക്കാരും തമ്മിൽ ഒരു യുദ്ധമുണ്ടായി. അതിഭയങ്കരമായ ഒരു യുദ്ധം. ഇരുകൂട്ടരുടേയും ശവംകൊണ്ട് യുദ്ധഭൂമി നിറയപ്പെട്ടു. രക്തംകൊണ്ട് അവിടെ ഒരു കൊച്ചുപുഴതന്നെ സൃഷ്ടിക്കപ്പെട്ടിരുന്നു. മുറിവേററവരുടെ ദീനരോദനങ്ങളും ആയുധങ്ങളുടെ "ഘണഘണാ"രവവും ആ പ്രദേശത്തെ ഭയങ്കരതക്ക് മാററ് ഉണ്ടാക്കിയിരുന്നു.

രാത്രിയാകുമ്പോൾ യുദ്ധം നിറുത്തുക ആ കാലത്തൊക്കെ പതിവായിരുന്നു. അന്നും പതിവ്പോലെ യുദ്ധം നിറുത്തിയപ്പോൾ ഒരു അറബി യുവാവ് ഒരു കയ്യിൽ വിളക്കും മറുകയ്യിൽ ജലം നിറച്ച ഒരു പാനപാത്രവുമായി ആ പ്രശാന്ത ഭീകരമായ അടർക്കളത്തിലേക്കിറങ്ങി. അയാൾ ഒരു സേനാനിയായ തന്റെ പിതാവിന്റെ സഹോദരപുത്രനെ അന്വേഷിച്ച് വന്നതായിരുന്നു. വെള്ളത്തിന്ന് വേണ്ടി അദ്ദേഹം പിടയുകയാണെങ്കിലോ എന്ന് കരുതിയാണ് അയാൾ കയ്യിൽ വെള്ളം കൂടി കരുതിയിരുന്നത്.

കുറച്ചകലെയായി അയാൾ വെള്ളത്തിന്ന്‌വേണ്ടി പിടയുന്ന ഒരാളിന്റെ ദീനരോദനം കേട്ടു. അയാൾ വിളക്കടുപ്പിച്ച് സൂക്ഷിച്ചുനോക്കി. അത് അയാളുടെ സഹോദരൻതന്നെയായിരുന്നു. വെള്ളം നിറച്ച ലോട്ട അയാൾ തന്റെ സഹോദരന്റെ ചുണ്ടിനോടടുപ്പിച്ചു. അപ്പോഴേക്കും കുറച്ചകലെനിന്നു മഹാത്മനായ ഒരാളുടെ നിലവിളികേട്ടു. മുറിവേററുകിടക്കുന്ന ആ പട്ടാളക്കാരൻ തന്റെ സഹോദരനോട് വളരെ പണിപ്പെട്ടുകൊണ്ട് പറഞ്ഞു "അയാ....ൾ....ക്ക്....വെള്ളം....കൊ....ടു.....ത്ത....തി.....ന്ന്....ശേഷം....എ....നി.....ക്ക്.....തന്നാ........ൽ.... മതി." ആ അറബി സഹോദരൻ ജലപാത്രവുമെടുത്ത് അതിവേഗത്തിൽ ആ വിളികേട്ട സ്ഥലത്തേക്ക് നീങ്ങി. അയാളൊരു സർദാറായിരുന്നു അറബി വെള്ളം അദ്ദേഹത്തിന്റെ വായിലേക്ക് പകർന്നുകൊടുക്കുന്നതിനുമുമ്പായി മൂന്നാമതൊരുത്തന്റെ രോദനം കേട്ടു. അതും തണ്ണീരിനുവേണ്ടി പിടക്കുന്ന ഒരു പട്ടാളക്കാരന്റേതായിരുന്നു. സർദാർക്ക് സംസാരിക്കാനുള്ള കഴിവ് കൂടി നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം ആ നിലവിളി കേട്ട സ്ഥലത്തേക്ക് ചൂണ്ടികൊണ്ട് അയാൾക്ക് വെള്ളം കൊടുക്കുവാൻ ആംഗ്യം കാണിച്ചു. അറബി സഹോദരൻ വെള്ളവുമെടുത്ത് വായുവേഗത്തിൽ മൂന്നാമത്തെ പട്ടാളക്കാരന്റെ അടുത്തെത്തി. പക്ഷെ അയാൾക്ക് വെള്ളത്തിന്റെ ആവശ്യം കഴിഞ്ഞിരുന്നു, അയാൾ മരിച്ചുകഴിഞ്ഞിരുന്നു. അറബി ഉടനെത്തന്നെ സർദാറുടെ അടുക്കലേക്ക് പാഞ്ഞെത്തി. പക്ഷെ അദ്ദേഹവും ഈ ലോകത്തോട് വിടവാങ്ങിയിരുന്നു. അയാൾ നിലവിളിച്ചുകൊണ്ട് തന്റെ സ

സഹോദരന്റെ അടുത്തേക്കോടി.

എന്നാൽ ആ മഹാനായ ത്യാഗിവര്യന്റെ നാഡിമിടിപ്പും നിലച്ചുകഴിഞ്ഞിരുന്നു. ആദ്യത്തെ രണ്ടു പേരും അന്യന്നു് വേണ്ടി ത്യാഗം സഹിച്ചു സ്വന്തം നശിച്ചുകൊണ്ട് തങ്ങളുടെ നാമങ്ങളെ അനശ്വരങ്ങളാക്കി. എന്നാ നിങ്ങൾക്കിതിൽ എവിടെയെങ്കിലും സ്വാർത്ഥതയുടെ കരിക്കത്ത് കാണാനുണ്ടോ? നിങ്ങളും ഇത് പോലെ അന്യന്നു് വേണ്ടി ത്യാഗം സഹിക്കാൻ സന്നദ്ധരാകണം.

എന്ന് സസ്നേഹം കുഞ്ഞേട്ടൻ.

(ആശയം ഹിന്ദിയിൽനിന്ന്)

പിന്നെ നിങ്ങൾ കൊച്ചുകഥകളോ, കൊച്ചു കവിതകളോ, ഇതിഹാസങ്ങളിൽനിന്ന് ആശയമെടുത്ത് നിങ്ങളുടെ ഭാഷയിൽ പകർത്തിയതോ, പഴഞ്ചൊല്ലുകളോ, കടംകഥകളോ "വളരുന്നതലമുറ"യിലേക്ക് എന്നെഴുതി കളരി പത്രാധിപക്കയച്ചു കൊടുക്കുക. കുഞ്ഞേട്ടൻ അവയെ അറിവുള്ളവരെക്കൊണ്ട് തെറ്റ്തിരുത്തിച്ച് കളരിയിൽ പ്രസിദ്ധീകരിക്കാൻ ശ്രമിക്കാം.

നിങ്ങളുടെ കുഞ്ഞേട്ടൻ


## നിങ്ങളറിഞ്ഞില്ലേ?

ദശമൂലാരിഷ്ടം ഒന്നാന്തരം കസ്തൂരി ചേർത്തത് 24ഔ. കുപ്പി. 1ക്ക് 2_8_0


ദ്രാക്ഷാരിഷ്ടം 24. ഔ. കുപ്പി 2_4_0 ച്യവനപ്രാശം റാത്തൽ 1ക്ക് 3_0_0

ലോഹാസവം 24. ഔ. കുപ്പി 2_4_0 മുസ്താരിഷ്ടം 24. ഔ. കുപ്പി. 2_0_0

മറ്റെല്ലാതരം ആയുർവ്വേദൗഷധങ്ങളും വില്പനക്കുണ്ട്.

ഉടൻ എഴുതുക.

സുധാകരഫാർമസി,
വടക്കേച്ചിറ റോഡ്, തൃശ്ശിവപേരൂർ.



## ലേഖകന്മാരോട്,

കളരി "പൂരം വിശേഷാൽപ്രതി"യിലേക്ക് അയച്ചുതന്നിട്ടുള്ള പല ലേഖനങ്ങളും വൈകികിട്ടിയതിനാൽ ചേർക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. അത് അടുത്തലക്കത്തിൽ പ്രതീക്ഷിക്കാം.

കൂടാതെ ലേഖനം അയക്കുമ്പോൾ അത് കടലാസിന്റെ ഒരു പുറത്ത് മാത്രം വ്യക്തമായി എഴുതാൻ ശ്രദ്ധിയ്ക്കണം.

പത്രാധിപർ.

## ഭ്രാന്തോ? അത് സാരമില്ല!!

ഭ്രാന്ത്, അപസ്മാരം എന്നീ മാനസീക രോഗങ്ങൾ എത്ര കാലപ്പഴക്കമുള്ളതായാലും ശരി! നിഷ്പ്രയാസം സുഖപ്പെടുത്തണമെങ്കിൽ! വൈദ്യൻ കെ. ജി. കുഞ്ഞുണ്ണിക്കുറുപ്പ് അവർകളെ സമീപിക്കുക!



വൈദ്യൻ കെ. ജി കുഞ്ഞുണ്ണിക്കുറുപ്പ്,
P. O. ചേപ്പ് (T. C. STATE)

N. B. കൈവിഷത്തിന്ന് പ്രത്യേക സിദ്ധൌഷധങ്ങൾ.

## കലാസുന്ദരമായ കഥാപ്രസംഗങ്ങൾക്ക് നിങ്ങളെപ്പോഴും ഓർമ്മിക്കേണ്ടത്.

കാറളം ബാലകൃഷ്ണൻ,
'ഇച്ചിരി മെമ്മോറിയൽ ഹോം'
കാറളം. P. O.
(TRICHUR, Dist)

കഥകൾ:

ദുരവസ്ഥ, ആയിഷ, ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി, കൊച്ചുത്രേസ്യ, വാഴക്കുല, മഗ്ദലനമറിയം, ചണ്ഡാലഭിക്ഷുകി, രമണൻ തുടങ്ങി പലതും........

അണിഞ്ഞൊരുങ്ങുന്ന,.......

"മനുഷ്യൻ വളരുന്നു" എന്ന കഥ.

പശ്ചാത്തലസംഗീതത്തെ നയിക്കുന്നത്:
ചിയ്യാരം ബാലൻ, രമണി.

ബുക്കിങ്ങിന്ന്,
കാഥികന് നേരിട്ടെഴുതുകയോ താഴെ ചേർക്കുന്ന സ്ഥലങ്ങളിൽ അന്വേഷിക്കുകയോ ചെയ്യുക:

ടി. ആർ. പരമേശ്വരൻ,
ശ്രീകൃഷ്ണാ ജ്വല്ലറിവർക്സ്,
കരുവന്നൂർ.

OR

ചിയ്യാരം ബാലൻ,
എസ്. ആർ. സി. ഫാർമസി,
ചിയ്യാരം (തൃശ്ശൂർ)

# Mother wails at the peeping destruction.

U. K. PANIKKER, B. A. B. L.

Religion has for long been recognised as a compendim of principles of the external manifestations of the Eternal BEING, so popularly known as GOD.

His mysterious desire, Itchja Sakthi manifests itself in a variety of creations of Nature by working with the generative powers which are a mystic combination of the opposites As he began to ponder over the mystries of his ownself His sexual nature predominated and began to assert itself with the result that hiso wn kind manifested materialy through the birth of all sentienteings, blooming flowers, beautitful fruits, & other animate and inanimate objects, which still remain His wonders and mysteries inexplicable. Man is only one such external expression of the Eternal.

From the very beginning of the universe HE began to think of the mystery of the two principles of good and bad. All that gavepleasur seemedgood and all that gave pain appeared bad. His original desire for pleasure made him to noster the principle of fertility and began to multiplywith the aid to His innate opposite powers which are hidden so mysteriously in himself Thus the opposing principles got disintegrated in the form of male and female who attracted each other always. These superb creations endowed with intelligence gradually got engulfed in the plesures of existence that they wanted to asse over every other force in nature. This exertion for the realisation of pleasure made him experience several painfull paths as pleasures and pains are so inextricably intertwined

Many thousands of years must have passed before man realised that this urge for pleasure was the natural love of his own kind. Though the sexual Itchja of the Eternal Being for the realisation of the supreme pleasure resulted in the creation of a being of a superior order man's desire to enjoy supreme pleasuru tended to lessen the strenth of his intelligence and constructive powers and seduced him to stray from the glorious path of pure love, to tread on the path of stony and thorny labrinths of base cupidity. HE gradually nurtured selfish freedom which resulted in the destcruction of his neighbour and he himself got into severe pangs of ruin. The more desire for pleasure the greater the pangs of pain and ultimately threw him into eternal bondage and unbearable misery. This daily phenominon of pleasure and pain freedom and bondage is so itertwined and inextricable except through the kind interference of His Almighty that Man has to resort to God when he finds himself in absolute misery

It is high time that we realisd this eternal truth and got back into the proper path which is besmeared with soft and shining sand of blissful rest. Love of power and filthy lucre attract us into debased ways of self destruction.

Now when we are hilariously gloating over the freedom won for us by the great Mahatma we have to be more alert, alive to this ultimate truth as and when we find a tendency to overact our part. There is a tendency to go out of bounds and play foul pleasure and in freedom, take us to extrems and the horrors of wrongsburdon Mother Earth so heavily that she has begun to wail again.

Mother has many a time wailed over the weight of her selfish sinners who over-

rode the pleasant path of material fertility and over burdend her. At such critical juncture it is, we find the Eternal Being either saves or washes the universe with a deluge and life becomes extinct.

Now our country has got complete independence. People try to exterpate all social and economic differences. It is at this stage and this attempt to equalise all and sundry we are likely to stray Religious principles are being violated, parents and elders are denounced, the erudite are being scoffed and overpowered by the principle of adult franchise without proper education. Unhealthy laws are coming in, the upright and the honest are given the go by. Man and woman rub shoulders and fight for unhealthy equality resulting in severe clashes giving room to might to establish overright wealth over learning, falsehood over truth, cheek over politeness etc.

This unholy attempt is helped with destructive weapons such as atombombs and hydrogen bombs the most powerful agents of detruction and ruin.

Here is the chance of the upright the honest and the noble sons of our Motherl and to work in unison with out hatred to one another and establish universal peace We have to go back and re-estalbish the glorious past to relieve the Mother of her unbearable burdon of sinful and selfish plunderers

Material prosperity has blinded the people and darkness prevails. The ancient language of wisdom which strew the light of Vedas, Sastras, and Upanishads over this land of Lords is going ino disuse and real learning is fading away. As we adwanced in the feild of material civilization we are straying into the forbidden path of the devil comitting heanous sins—Beware oh! Man.

Humanity became a burden to Mother Earth. She has been weepig for long. Let the noble decendants of this ancient Gurukula and "Kalakendra Kalary" where our forefathers developed the good sense of brotherhood, respect to the elders, the erudite pandits, and the inspired teachers. practising the art of selfpreservation through the four Asramas to reach ultimate NIRVANA now at least realise their greateness and follow their footsteps to rise to the glory of the past. This is the proper remedy to cure the sufferings of our dear Mother. Let us keep the noble heritage and let our dear Mother once again shed the soothing smile. beams over this land of the chosen few, the land of the Greate Teachers of love, equality, freedom. brotherhood and selflesness.

Let us all arm in arm gather round our loving Mother and sing in praise of the eternal SANDHI. Jai Bharat.